ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49, 6).

വാല്യം 04 ഒക്ടോബർ 2021 ലക്കം 10

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

curiaadtly@gmail.com
www.archdioceseoftellicherry.org
www.ephphatharadio.com
0490 - 2342440

# ഉള്ളടക്കം


1. Prot. No......./2021 ........ 05
2. ലോകമിഷൻ ഞായർ ........ 09
3. Prot. No10/2021 ........ 16
4. Prot. No11/2021 ........ 20
5. കച്ചേരിക്കാര്യം ........ 22
6. വിശ്വാസപരിശീലനം ........ 25
7. കുടുംബകൂട്ടായ്മ ........ 32
8. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ........ 34
9. ചെറുപുഷ്പ മിഷൻലീഗ് ........ 37
10. തിരുബാലസഖ്യം ........ 45
11. യുവജനശുശ്രൂഷ ........ 47
12. കുടുംബപ്രേഷിതത്വം ........ 52
13. വിമൽജ്യോതി വാർത്തകൾ ........ 57
14. സാൻജോസ് അക്കാഡമി ........ 59
15. എ.കെ.സി.സി. ........ 61
16. നിർമ്മലഗിരി വാർത്തകൾ ........ 63
17. ADAM ........ 66
18. കരിസ്മാറ്റിക് നവീകരണം ........ 67
19. മദ്യവിരുദ്ധ പ്രസ്ഥാനം ........ 69
20. സാമൂഹ്യസേവനവേദി ........ 71
21. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ........ 74
22. Programme of the Archbishop Mar George Njaralakatt ........ 77
23. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിമറ്റം പിതാവ്) ........ 78
24. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ........ 80
25. Programme of the Auxiliary Bishop Mar Joseph Pamplany ........ 82

Prot No. 424/21, Circular No. 9/21

## സർക്കുലർ

## ജപമാല വണക്കവും മിഷൻ ഞായറും

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

ഒക്ടോബർ മാസത്തെ നാം ജപമാല മാസം എന്നാണല്ലോ വിശേഷിപ്പിക്കുന്നത്. ജപമാലറാണിയായ പരിശുദ്ധ മറിയത്തിന് പ്രതിഷ്ഠിതമായ ഈ മാസത്തിലെ 7-ാം തീയതിയാണ് ജപമാല രാഞ്ജിയുടെ തിരുനാൾ. ഈ വർഷം സാർവ്വത്രിക സഭ മിഷൻ ഞായറായി ആചരിക്കുന്നത് ഒക്ടോബർ 17-ാം തീയതിയാണ്. മിഷൻപ്രവർത്തനങ്ങളുടെയെല്ലാം മദ്ധ്യസ്ഥയായി സഭ പ്രഖ്യാപിച്ചിരിക്കുന്ന വി. കൊച്ചുത്രേസ്യായുടെ തിരുനാൾ ഈ മാസം ഒന്നാം തീയതിയുമാണ്. ഈ വർഷത്തെ ജപമാല മാസാചരണവും, മിഷൻ ഞായർ ആഘോഷവും പ്രതിസന്ധിയുടെ ഈ കാലത്തും സമുചിതമായി നടത്തുവാൻ നമുക്ക് പ്രത്യേകം പരിശ്രമിക്കാം.

തന്റെ കുരിശിലെ ബലിയുടെ അവസാന നിമിഷങ്ങളിൽ കുരിശിന് സമീപം നിന്നിരുന്ന യോഹന്നാനോട് “ഇതാ നിന്റെ അമ്മ” (യോഹ: 19:26) എന്ന് പറഞ്ഞുകൊണ്ട് ഈശോ തന്റെ അമ്മയെ മനുഷ്യകുലത്തിന് മുഴുവനും അമ്മയായി നൽകുകയായിരുന്നു. കാലിത്തൊഴുത്തിന്റെ ഇല്ലായ്മ മുതൽ കാൽവരി കുരിശിന്റെ സഹന നിമിഷങ്ങൾ വരെ തന്റെ അമ്മയുടെ സാന്നിധ്യം തനിക്ക് എത്രമാത്രം ആശ്വാസം നൽകി എന്ന തിരിച്ചറിവിൽ നിന്നായിരിക്കാം പരിശുദ്ധ അമ്മയെ ഈ ലോകജീവിതയാത്രയിൽ മനുഷ്യരായ നമുക്ക് അമ്മയായി നൽകുവാൻ ഈശോ ശ്രദ്ധിച്ചത്. നമ്മുടെ ജീവിതത്തിലെ ഇല്ലായ്മയുടെയും സഹനത്തിന്റെയും നിമിഷങ്ങളിൽ അമ്മയുടെ മാദ്ധ്യസ്ഥ്യം ദൈവത്തിൽനിന്നും ആശ്വാസം നേടിത്തരും. സ്വർഗ്ഗം ലക്ഷ്യമാക്കിയുള്ള നമ്മുടെ ഈ ലോകജീവിതയാത്രയിൽ നമുക്ക് മുൻപേ സ്വർഗ്ഗത്തിലേക്ക് കടന്നുപോയ അമ്മ നമുക്ക് മദ്ധ്യസ്ഥയും മാതൃകയുമാണ്. പരിശുദ്ധ മറിയത്തിന്റെ പുണ്യജീവിത മാതൃക അനുകരിക്കുവാനും, കൂടുതൽ തീക്ഷ്ണതയോടെ ജപമാല ചൊല്ലി പ്രാർത്ഥിക്കുവാനും ഈ മാസത്തിൽ നമുക്ക് പരിശ്രമിക്കാം. പരിശുദ്ധ അമ്മയുടെ കരം പിടിച്ച് പ്രതിസന്ധികളുടെ നടുവിൽ നമ്മുടെ

ജീവിതയാത്ര ദൈവഹിതപ്രകാരം സ്വർഗ്ഗോന്മുഖമായി നമുക്ക് നയിക്കാം.

തിരുസഭയിൽ പരിശുദ്ധാത്മാവിന്റെ പ്രത്യേക പരിപാലനയുടെ കീഴിൽ സാവധാനം രൂപപ്പെട്ടതും, അസംഖ്യം വിശുദ്ധന്മാർ സ്നേഹിച്ചതും, തിരുസഭയുടെ പ്രബോധനാധികാരം പ്രോത്സാഹിപ്പിച്ചതും, തികച്ചും വചനാധിഷ്ഠിതവുമായ ഒരു പ്രാർത്ഥനയാണ് ജപമാല. തിരുപ്പിറവി മുതൽ സ്വർഗ്ഗാരോഹണംവരെ രക്ഷാകര പദ്ധതിയുടെ ഭാഗമായിരുന്ന പരിശുദ്ധ അമ്മയുടെ കൂടെ ഈശോയുടെ ജീവിത രഹസ്യങ്ങളെ കുറിച്ച് ധ്യാനിക്കുകയാണ് ജപമാല പ്രാർത്ഥനയിൽ നാം ചെയ്യുന്നത്. ക്രൈസ്തവ ജീവിതത്തെ സ്വർഗ്ഗത്തോട് ചേർത്ത് നിർത്തുവാനും വിശുദ്ധിയിൽ ഉറപ്പിക്കുവാനും ആത്മീയ തീർത്ഥാടനത്തിൽ മുന്നേറുവാനും ജപമാല നമ്മെ സഹായിക്കും. വി. ജോൺ പോൾ രണ്ടാമൻ പാപ്പയുടെ വാക്കുകളിൽ പറഞ്ഞാൽ മറിയത്തിന്റെ മടിയിലിരുന്നുകൊണ്ട്, ഈശോയുടെ തിരുമുഖം ധ്യാനിക്കുന്ന ഈ പ്രാർത്ഥന തിന്മക്കെതിരെയുള്ള ശക്തമായ ആയുധമാണ്. പ്രതിസന്ധികളും, പകർച്ചവ്യാധികളും നിറഞ്ഞ ഈ സാഹചര്യത്തിൽ കൂടുതൽ തീക്ഷ്ണതയോടെ ജപമാല മാസാചരണം നമുക്ക് നടത്താം.

ജപമാല മാസത്തിലെ മൂന്നാമത്തെ ഞായറാഴ്ചയാണ് (ഒക്ടോബർ 17) ഈ വർഷത്തെ മിഷൻ ഞായറായി ആചരിക്കുന്നത്. മനുഷ്യരക്ഷയെന്ന വലിയ ദൗത്യവുമായി ദൈവപിതാവിനാൽ ഈ ലോകത്തിലേക്ക് അയക്കപ്പെട്ട ഈശോ തന്നെയാണ് ആദ്യത്തെ മിഷനറി. സ്വപുത്രന്റെ പ്രേഷിതദൗത്യത്തിന് സമ്പൂർണ്ണ പിന്തുണ നല്കിയ പരിശുദ്ധ അമ്മയും ഒരു നല്ല മിഷനറിയായിരുന്നു. മാമ്മോദീസ സ്വീകരിച്ച് തിരുസഭയിൽ അംഗങ്ങൾ ആയ നാം എല്ലാവരും മിഷനറിമാരാണ്. യേശുവിനെ ലോകത്തിൽ പങ്കുവച്ചു നല്കുകയെന്ന നമ്മുടെ ജീവിത ദൗത്യം പെരുമാറ്റംകൊണ്ടും, മാതൃക വഴിയും നിവർത്തിതമാക്കി ജീവിക്കുവാൻ മിഷൻ ഞായർ ആചരണം നമുക്ക് എല്ലാവർക്കും ഓർമ്മപ്പെടുത്തലാണ്. ഇന്നത്തെ പ്രതികൂലമായ സാഹചര്യത്തിലും മിഷൻലീഗിന്റെ പ്രത്യേക നേതൃത്വത്തിൽ എല്ലാ സംഘടനകളുടെയും സഹകരണത്തോടെ ഇടവകാതലത്തിൽ മിഷൻ ഞായർ സമുചിതമായി ആചരിക്കുവാൻ ശ്രദ്ധിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

ചെറുപുഷ്പ മിഷൻലീഗ് സംഘടനയെ സംബന്ധിച്ച് 2021 ഒക്ടോബർ 3 മുതൽ 2022 ഒക്ടോബർ 3 വരെ സംഘടനയുടെ പ്ലാറ്റിനം ജൂബിലി വർഷമാണ്. 1947 ഒക്ടോബർ 3-ാം തീയതി വി. അൽഫോൻസാമ്മയുടെ ജനനത്താൽ പവിത്രീകൃതമായ ഭരണങ്ങാനത്ത് ബഹു. മാലിപ്പറമ്പിൽ അച്ചന്റെയും കുഞ്ഞേട്ടൻ എന്ന് വിളിക്കപ്പെടുന്ന പി. സി. അബ്രാഹം പല്ലാട്ടുകുന്നേലിന്റെയും നേതൃത്വത്തിൽ ആരംഭിച്ച ചെറുപുഷ്പ മിഷൻലീഗ്, പ്ലാറ്റിനം ജൂബിലിവർഷത്തിലേയ്ക്ക് പ്രവേശിക്കുമ്പോൾ ഏഷ്യയിലെ തന്നെ ഏറ്റവും വലിയ അല്മായ സംഘടനയായി വളർന്നിരിക്കുകയാണ്. ഈ ആധുനിക കാലഘട്ടത്തിലും അനേകരെ പ്രേഷിതാഭിമുഖ്യമുള്ളവരാക്കി നിലനിർത്തുവാനും നമ്മുടെ കുഞ്ഞുങ്ങളെ ദൈവവിശ്വാസത്തിൽ അടിയുറച്ചവരും തിരുസഭയോട് ചേർന്ന് നില്ക്കുന്നവരുമാക്കി വളർത്തുന്നതിലും ചെറുപുഷ്പ മിഷൻലീഗ് വഹിക്കുന്ന പങ്ക് നിസ്തുലമാണ്. പ്രേഷിതപ്രവർത്തനവും ദൈവവിളി പ്രോത്സാഹനവും വ്യക്തിത്വവികസനവും ലക്ഷ്യമായി സ്വീകരിച്ചിട്ടുള്ള സംഘടനയെ നമ്മുടെ ഇടവകയിൽ കൂടുതൽ സജീവമായി നിലനിർത്തുക എന്നത് കാലഘട്ടത്തിന്റെ ആവശ്യം കൂടിയാണ്. നമ്മുടെ അതിരൂപതയിൽ ചെറുപുഷ്പ മിഷൻലീഗ് സംഘടനയുടെ പ്രവർത്തനങ്ങൾ ഭംഗിയായി നടക്കുന്നുണ്ട്. സംസ്ഥാനതലത്തിൽ നമ്മുടെ അതിരൂപതയിലെ മിഷൻലീഗ് മുൻപന്തിയിലുണ്ട്. അതിനു പിന്നിൽ പ്രവർത്തിക്കുന്ന മുൻകാല പ്രവർത്തകരെയും നിലവിലെ അതിരൂപതാ, ഫൊറോന, ഇടവക (അതിരൂപത, മേഖല, ശാഖ) തലങ്ങളിലുള്ള ഭാരവാഹികളെയും എല്ലാ മിഷൻലീഗ്പ്രവർത്തകരെയും പ്രത്യേകം അഭിനന്ദിക്കുകയും എല്ലാവർക്കും പ്ലാറ്റിനം ജൂബിലിയുടെ മംഗളങ്ങൾ നേരുകയും ചെയ്യുന്നു.

ജപമാല മാസത്തിൽ നാം എല്ലാ വർഷവും ചെയ്യാറുള്ളതുപോലെ പത്തു ദിവസത്തെ ഭക്തിനിർഭരമായ ജപമാലയർപ്പണവും അഖണ്ഡ ജപമാലയുമൊക്കെ നിയന്ത്രണങ്ങൾക്കു വിധേയമായി മുൻകരുതലുകൾ എടുത്തുകൊണ്ട് നടത്തുവാൻ ശ്രദ്ധിക്കണം. ഓരോ കുടുംബത്തിലും ജപമാല പ്രാർത്ഥന മനോഹരമായി നടത്തണം. ഓരോ വ്യക്തിയും കൂടുതൽ ജപമാല ചൊല്ലി പ്രേഷിതപ്രവർത്തന വിജയത്തിനായി സമർപ്പിക്കണം. ഒക്ടോബർ 17-ാം തീയതി മിഷൻലീഗ് അംഗങ്ങൾക്ക് ഭവനങ്ങൾ തോറും വന്ന് മിഷൻ സഹായം സ്വീകരിക്കുവാൻ പ്രയാസമായിരിക്കും. അതു മനസ്സിലാക്കി കുടുംബങ്ങളിൽ

നിന്നുള്ള മിഷൻ സഹായങ്ങൾ ദൈവാലയങ്ങളിൽ എത്തിക്കുവാൻ ശ്രദ്ധിക്കണം.

സീറോമലബാർ സഭയ്ക്കുവേണ്ടി നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം. എതിർപ്പുകളെയും വെല്ലുവിളികളെയും അതിജീവിച്ച് മുന്നേറുവാൻ ദൈവകൃപയ്ക്കായി പ്രാർത്ഥിക്കണം. എല്ലാ അപകടങ്ങളിലും സഭയെ സംരക്ഷിക്കുന്ന വി. യൗസേപ്പിതാവിന്റെ മദ്ധ്യസ്ഥതയും മിഷൻപ്രവർത്തനങ്ങളുടെ രാജ്ഞിയായ പരി. അമ്മയുടെ പ്രാർത്ഥനകളും നമ്മളെ ബലപ്പെടുത്തട്ടെ.

സ്നേഹപൂർവ്വം,

നിങ്ങളുടെ വത്സലപിതാവ്,

തലശ്ശേരി
24-09-2021

**മാർ ജോർജ് ഞറളക്കാട്ട്**
തലശ്ശേരി അതിരൂപതാ മെത്രാൻ

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2021 ഒക്ടോബർ മാസം 3-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കുകയും ഇടവക വാട്ട്സ് ആപ്പ് ഗ്രൂപ്പുകളിലൂടെ അറിയിക്കുകയും ചെയ്യണം.

Ref: 3574/KCBC/K-35/OL/DS 18.09.2021

# ലോകമിഷൻ ഞായർ 2021

## ഫ്രാൻസിസ് പാപ്പാ നല്കുന്ന സന്ദേശം

*"ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തതിനെ സംബന്ധിച്ച് നിശ്ശബ്ദരായിരിക്കാൻ ഞങ്ങൾക്കു സാധ്യമല്ല" (അപ്പ. 4:20)*

പ്രിയ സഹോദരീസഹോദരന്മാരേ,

ദൈവത്തിനുള്ള സ്നേഹത്തിന്റെ ശക്തി നാം അനുഭവിക്കുകയും നമ്മുടെ വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തിൽ ഒരു പിതാവ് എന്ന നിലയിൽ അവിടത്തെ സാന്നിധ്യം തിരിച്ചറിയുകയും ചെയ്യുമ്പോൾ നമ്മൾ കാണുകയും കേൾക്കുകയും ചെയ്തതിനെപ്പറ്റി പ്രഘോഷിക്കുകയും പങ്കുവയ്ക്കുകയും ചെയ്യാതിരിക്കാൻ നമുക്കു സാധ്യമല്ല. യേശുവിന് അവിടത്തെ ശിഷ്യരുമായിട്ടുള്ള ബന്ധം, മനുഷ്യാവതാര രഹസ്യത്തിലും അവിടത്തെ സുവിശേഷത്തിലും പെസഹായിലും വെളിപ്പെടുത്തിയ അവിടത്തെ മനുഷ്യത്വം, മനുഷ്യവർഗത്തെ ദൈവം എത്രമാത്രം സ്നേഹിക്കുന്നുവെന്നും നമ്മുടെ സന്തോഷങ്ങളും സഹനങ്ങളും നമ്മുടെ ആഗ്രഹങ്ങളും ഉത്കണ്ഠകളും അവിടന്ന് തന്റേതാക്കുന്നുവെന്നും കാണിച്ചുതരുന്നു (2-ാം വത്തിക്കാൻ കൗൺസിൽ, *ഗാവുദിയും ഏത്ത് സ്പെസ്*, 22). ക്രിസ്തുവിലുള്ള സർവകാര്യങ്ങളും നമ്മെ ഇങ്ങനെ ഓർമ്മിപ്പിക്കുന്നു; നമ്മൾ ജീവിക്കുന്ന ലോകവും വീണ്ടെടുക്കപ്പെടുകയെന്ന അതിന്റെ ആവശ്യവും അവിടത്തേക്ക് അപരിചിതമല്ല. അത് അവിടത്തെ മിഷനിൽ സജീവഭാഗഭാഗിത്വം വഹിക്കാൻ നമ്മെ ക്ഷണിക്കുന്നു: "നിങ്ങൾ വഴിക്കവലകളിൽ ചെന്ന് അവിടെ കണ്ടെത്തുന്നവരെയെല്ലാം ക്ഷണിക്കുക" (മത്താ 22:9). ആരും അന്യനല്ല. ഒരുവനും അന്യനായിട്ടോ സഹാനുഭൂതിയുടെ ഈ സ്നേഹത്തിൽ നിന്ന് വിദൂരത്തായിട്ടോ തോന്നാനാവുകയില്ല.

### അപ്പസ്തോലന്മാരുടെ അനുഭവം

ഓരോ വ്യക്തിയെയും വിളിക്കുകയും അയാൾ എവിടെയായാലും അയാളുമായി ഒരു സൗഹൃദസംവാദം നടത്തുവാൻ ആഗ്രഹിക്കുകയും ചെയ്യുന്ന കർത്താവിനെ വികാരാവേശത്തോടെ അന്വേഷിച്ചുകൊണ്ടാണ് സുവിശേഷവത്കരണത്തിന്റെ ചരിത്രം തുടങ്ങുന്നത് (cf. യോഹ 15:12-17). അപ്പസ്തോലന്മാരാണ് ഇക്കാര്യം ആദ്യമായി നമ്മോടു പറയുന്നത്. അവർ അവിടത്തെ സമീപിച്ച ദിവസവും സമയവും പോലും ഓർമ്മിച്ചുകൊണ്ട് അവർ അങ്ങനെ ചെയ്യുന്നു.

"അപ്പോൾ ഉച്ചകഴിഞ്ഞ് ഏകദേശം പത്താം മണിക്കൂർ ആയിരുന്നു" (യോഹ 1, 39). രോഗികളെ ശുശ്രൂഷിക്കുകയും പാപികളോടുകൂടി ഭക്ഷിക്കുകയും ദരിദ്രരെ തീറ്റിപ്പോറ്റുകയും ഭ്രഷ്ടരാക്കപ്പെട്ടവരെ സമീപിക്കുകയും അശുദ്ധിയുള്ളവരെ സ്പർശിക്കുകയും ആവശ്യത്തിൽപ്പെട്ടവരുമായി സ്വയം താദാത്മ്യപ്പെടുത്തുകയും, സൗഭാഗ്യങ്ങളിലേക്കു ക്ഷണിക്കുകയും പുതിയ രീതിയിലും പൂർണമായ അധികാരത്തോടുകൂടിയും പഠിപ്പിക്കുകയും ചെയ്ത കർത്താവുമായുള്ള സൗഹൃദബന്ധം മായ്ക്കാനാവാത്ത മുദ്ര പതിപ്പിക്കുന്നു. അതാകട്ടെ, അളവറ്റ വിസ്മയത്തെയും വ്യാപകവും സ്വതന്ത്രവുമായ സന്തോഷത്തെയും ഉദ്ദീപിപ്പിക്കാൻ കഴിവുള്ളതാണ്. ജറമിയാ പ്രവാചകൻ പറഞ്ഞതുപോലെ ഈ അനുഭവം നമ്മെ മിഷനിലേക്കു തള്ളിവിടുന്നതും നമ്മുടെ ഹൃദയത്തിലുള്ളതുമായ അവിടത്തെ സജീവ സാന്നിധ്യത്തിന്റെ ജ്വലിക്കുന്ന അഗ്നിയാണ്, അത് ചിലപ്പോൾ ത്യാഗങ്ങൾ ആവശ്യപ്പെടുന്നതും തെറ്റിധാരണകൾക്ക് ഇടയാക്കുന്നതുമാണെങ്കിലും (cf. യോഹ 20:7-9). സ്നേഹം എപ്പോഴും ചലിച്ചുകൊണ്ടിരിക്കുന്നു; ഏറ്റവും സുന്ദരവും പ്രത്യാശാപൂർണവുമായ പ്രഘോഷണത്തിലേക്കു നീങ്ങാൻ നമ്മെ പ്രചോദിപ്പിക്കുകയും ചെയ്യുന്നു. "ഞങ്ങൾ മിശിഹായെ കണ്ടു" (യോഹ 1:41) എന്നതാണ് ആ പ്രഘോഷണം.

യേശുവിനോടുകൂടി വ്യത്യസ്തങ്ങളായ കാര്യങ്ങളെ നാം കാണുകയും കേൾക്കുകയും തൊടുകയും ചെയ്തു. അവിടന്ന് ഭാവികാലങ്ങളെ ഇന്ന് ഉദ്ഘാടനം ചെയ്തുകഴിഞ്ഞു. നമ്മുടെ മനുഷ്യപ്രകൃതിയുടെ സത്താപരമായ ഒരു സവിശേഷതയെ നമ്മെ ഓർമ്മിപ്പിച്ചുകൊണ്ടാണ് അങ്ങനെ ചെയ്തത്. അതാകട്ടെ പലപ്പോഴും വിസ്മരിക്കപ്പെട്ടതാണ്: "സ്നേഹത്തിൽ മാത്രം നേടാൻ കഴിയുന്ന പൂർണതയ്ക്കുവേണ്ടിയാണ് നമ്മൾ സൃഷ്ടിക്കപ്പെട്ടത്" (ചാക്രികലേഖനം, എല്ലാവരും സഹോദരങ്ങൾ, 68). പ്രാരംഭങ്ങൾക്ക് പ്രചോദനം നല്കാനും സമൂഹങ്ങളെ രൂപപ്പെടുത്താനും കഴിവുള്ള ഒരു വിശ്വാസത്തെ പ്രചോദിപ്പിക്കുന്ന പുതിയകാലം സ്വന്തം ദൗർബല്യത്തെയും മറ്റുള്ളവരെയും കൈകാര്യം ചെയ്യാൻ പഠിക്കുന്ന സ്ത്രീപുരുഷന്മാരെക്കൊണ്ടാണ് തുടങ്ങുന്നത്. അവർ സാഹോദര്യവും സാമൂഹിക സൗഹൃദവും വളർത്തുന്നവരാണ് (cf. ibid. 67). ആദ്യം കർത്താവു നമ്മെ സ്നേഹിച്ചുവെന്നു നന്ദിയോടെ ഓർമ്മിക്കുന്ന ഓരോ സമയത്തും സഭാത്മക സമൂഹം അതിന്റെ സൗന്ദര്യം പ്രദർശിപ്പിക്കുന്നു (cf. 1 യോഹ 4:19). "കർത്താവിന്റെ സ്നേഹപൂർണമായ പ്രത്യേക താത്പര്യം നമ്മെ വിസ്മയിപ്പിക്കുന്നു. അതു സ്വന്തമാക്കാനോ അടിച്ചേല്പിക്കാനോ നമുക്കു സാധ്യമല്ല...ഈ രീതിയിൽ മാത്രമേ ഔദാര്യത്തിന്റെ സ്വതന്ത്രമായ ആത്മദാനത്തിന്റെ അദ്ഭുതകൃത്യം വർധിക്കുകയുള്ളൂ. മിഷണറി തീക്ഷ്ണത

പോലും ചിന്തിക്കലിന്റെയും കണക്കുകൂട്ടലിന്റെയും ഫലമായി ഒരി ക്കലും നേടാനാവുകയില്ല. പരസ്പരം "മിഷന്റെ അവസ്ഥയിൽ" പ്രതി ഷ്ഠിക്കുകയെന്നത് കൃതജ്ഞതയുടെ ഒരു വിചിന്തനമാണ്" (പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾക്കുള്ള സന്ദേശം, 21 മേയ് 2020).

എന്നിരുന്നാലും കാലനിർണയം എളുപ്പമായിരുന്നില്ല. ആദിമ ക്രൈസ്തവർ തങ്ങളുടെ വിശ്വാസജീവിതം ശത്രുതയുള്ളതും കഠിന വുമായ സാഹചര്യത്തിലാണ് തുടങ്ങിയത്. അരികുകളിലാക്കലിന്റെയും തടവിലാക്കലിന്റെയും കഥകൾ ആന്തരികവും ബാഹ്യവുമായ എതിർപ്പു മായി കൂട്ടിച്ചേർത്തിരുന്നു. അവ കാണുകയും കേൾക്കുകയും ചെയ്ത തിനു അത് എതിരായി തോന്നി, നിഷേധിക്കലായിട്ടുപോലും തോന്നി. എന്നാൽ ഇത് പിന്നോട്ടു മാറാനോ അടച്ചുപൂട്ടിയിരിക്കാനോ പ്രേരി പ്പിക്കുന്ന പ്രയാസമോ തടസ്സമോ ആയിത്തീർന്നില്ല. പകരം, ഓരോ അസൗകര്യത്തെയും എതിർപ്പിനെയും പ്രയാസത്തെയും മിഷനുവേ ണ്ടിയുള്ള അവസരമാക്കി. പരിധികളും തടസ്സങ്ങളും കർത്താവിന്റെ പരിശുദ്ധാത്മാവിനെക്കൊണ്ട് എല്ലാറ്റിനെയും എല്ലാവരെയും മയപ്പെ ടുത്താനുള്ള അനുയോജ്യമായ അവസരങ്ങളായിത്തീർന്നു. വിമോചനം നല്കുന്ന പ്രഘോഷണത്തോട് ബന്ധപ്പെടാതെ നിലകൊള്ളാൻ യാതൊന്നിനും, ഒരു വ്യക്തിക്കും, സാധിച്ചില്ല.

അപ്പസ്തോലന്മാരുടെ നടപടിപ്പുസ്തകത്തിൽ ഇതിന്റെയെല്ലാം സജീവസാക്ഷ്യമുണ്ട്. മിഷണറിമാരായ ശിഷ്യന്മാർ എപ്പോഴും കൈയിൽ വച്ചുകൊണ്ടു നടക്കുന്ന ഒരു ഗ്രന്ഥമാണത്. സുവിശേഷ ത്തിന്റെ സുഗന്ധം അതു കടന്നുപോകുന്നിടത്ത്, പരിശുദ്ധാത്മാവിനു മാത്രം തരാൻ കഴിയുന്ന സന്തോഷത്തെ പ്രചോദിപ്പിച്ചുകൊണ്ട് എങ്ങ നെ വ്യാപിച്ചുവെന്നും പറയുന്ന ഗ്രന്ഥമാണത്. അപ്പസ്തോലന്മാരുടെ നടപടിപ്പുസ്തകം ക്രിസ്തുവിനോട് ഒട്ടിച്ചേർന്നുകൊണ്ട് പരീക്ഷക ളിൽ ജീവിക്കാൻ നമ്മെ പഠിപ്പിക്കുന്നു. "ഏതു സാഹചര്യത്തിലും, പരാജയങ്ങൾ എന്നു തോന്നിക്കുന്നവയുടെ മധ്യത്തിൽപോലും, ദൈവ ത്തിനു പ്രവർത്തിക്കാൻ കഴിയുമെന്ന അവബോധം പക്വത പ്രാപി ക്കാൻ സഹായിക്കുന്നു. സ്നേഹത്തിനുവേണ്ടി സ്വയം സമർപ്പിക്കു കയും നല്കുകയും ചെയ്യുന്നവർ തീർച്ചയായും ഫലപൂർണരായി രിക്കും" എന്ന് ഉറപ്പുണ്ട് (cf. യോഹ 15:5) (ആഹ്വാനം സുവിശേഷ ത്തിന്റെ സന്തോഷം, 279).

നമ്മൾ അങ്ങനെയാണ്: ഇപ്പോഴത്തെ ചരിത്രപരമായ നിമിഷം പോലും എളുപ്പമുള്ളതല്ല. സർവവ്യാപകമായ സാംക്രമിക രോഗത്തിന്റെ അവസ്ഥ അനേകം ജനതകൾ പണ്ടേ സഹിച്ചുകൊണ്ടിരുന്ന വേദന യെയും ഏകാന്തതയെയും ദാരിദ്ര്യത്തെയും അനീതികളെയും

ഉയർത്തിക്കാണിക്കുകയും വർധിപ്പിക്കുകയും ചെയ്തു. നമ്മുടെ മിഥ്യയായ സുരക്ഷിതത്വത്തെയും ഛിന്നഭിന്നമാക്കപ്പെടലിനെയും നമ്മെ നിശ്ശബ്ദതയോടെ വലിച്ചുകീറുന്ന ധ്രുവീകരണത്തെയും വെളിവാക്കുകയും ചെയ്തു. ഏറ്റവും ദുർബലരും മുറിവേല്ക്കപ്പെടാവുന്നവരും അവരുടെ ഭംഗുരതയും മുറിവേൽക്കപ്പെടാവുന്ന അവസ്ഥയും കൂടുതലായി അനുഭവിച്ചു. നമ്മൾ അധൈര്യപ്പെടലും താഴ്ത്തപ്പെടലും ക്ഷീണവും അനുഭവിച്ചു. പ്രത്യാശയെ എടുത്തുകളയുന്ന സമാനമായ കയ്പുപോലും നമ്മുടെ കണ്ണുകളെ മൂടി. എന്നാലും ഞങ്ങൾ ഉദ്ഘോഷിക്കുന്നത് "ഞങ്ങളെക്കുറിച്ചല്ല പ്രത്യുത, യേശുക്രിസതുവിനെ കർത്താവായും യേശുവിനുവേണ്ടി ഞങ്ങളെ നിങ്ങളുടെ ദാസന്മാരായും ആണ്" (2 കോറി 4:5). ഇതുകൊണ്ടാണ് "അവൻ ഇവിടെയില്ല, അവൻ ഉത്ഥാനം ചെയ്തു" (ലൂക്കാ 24:6) എന്നു നമ്മോടു പറഞ്ഞുകൊണ്ട് ജീവന്റെ വചനം നമ്മുടെ സമൂഹങ്ങളിലും കുടുംബങ്ങളിലും വീണ്ടും മുഴങ്ങുന്നതായും നമ്മുടെ ഹൃദയങ്ങളിൽ പ്രതിധ്വനിക്കുന്നതായും നാം കേൾക്കുന്നത്. എല്ലാ നിയതിവാദത്തെയും തകർക്കുന്ന പ്രത്യാശയുടെ വചനമാണത്. സ്പർശിക്കപ്പെടാൻ സ്വയം അനുവദിക്കുന്നവർക്ക് ഉറച്ചു നിന്ന് സജീവമായ സഹാനുഭൂതിയുടെ സാധ്യമായ സകല മാർഗങ്ങളും സർഗാത്മകമായി അന്വേഷിക്കാൻ അത്യാവശ്യമായ സ്വാതന്ത്ര്യവും ധീരതയും അതു നല്കുന്നു. ആരെയും വഴിയരുകിൽ ഉപേക്ഷിക്കാത്ത, ദൈവത്തിന്റെ നമ്മോടുള്ള സാമിപ്യത്തിന്റെ 'കൗദാശികത' ആണത്.

സാംക്രമിക രോഗത്തിന്റെ ഇക്കാലത്ത് ആരോഗ്യകരമായ സാമൂഹിക അകലത്തിന്റെ പേരിൽ ഉദാസീനതയെയും വികാരശൂന്യതയെയും പൊതിഞ്ഞുപിടിക്കാനും നീതിമത്കരിക്കാനുമുള്ള പ്രലോഭനം നേരിടുന്നു. അതുകൊണ്ട്, അത്യാവശ്യമായ അകല്ചയെ കണ്ടുമുട്ടാനും ശുശ്രൂഷിക്കാനും വളർത്താനുമുള്ള ഒരു സ്ഥാനമാക്കിത്തീർക്കുകയെന്നത് അടിയന്തരാവശ്യമാണ്. "ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തത്" (അപ്പ 4:20) നമ്മോടു പുലർത്തപ്പെട്ട കാരുണ്യമാണ്. "സമയവും സമർപ്പണവും വിഭവങ്ങളും നല്കി പരിപോഷിപ്പിക്കേണ്ട ഐക്യദാർഢ്യവും യോജിപ്പും ഉള്ള ഒരു സമൂഹം" (ചാക്രികലേഖനം എല്ലാവരും സഹോദരങ്ങൾ, 36) സൃഷ്ടിക്കാൻ ആവശ്യമായ സംഘാതാവേശം വീണ്ടെടുക്കാൻ നമ്മെ അനുവദിക്കുന്ന ഒരു പരാമർശകേന്ദ്രവും വിശ്വസനീയതയുടെ മാനദണ്ഡവുമായി പരിണമിച്ചിരിക്കുന്നതാണ് ആ കാരുണ്യം.

നമ്മെ അനുദിനം വീണ്ടെടുക്കുന്നതും "എല്ലാം അങ്ങനെ തന്നെ; ഒന്നും മാറാൻ പോകുന്നില്ല" എന്നു പറയുന്ന ഭീരുത്വം നിറഞ്ഞ സംശ

യവാദത്തിൽ നമ്മെ അടച്ചിടുന്ന ഒഴികഴിവുകളിൽ നിന്ന് നമ്മെ രക്ഷിക്കുന്നതും അവിടത്തെ വചനമാണ്. ഒരു ചോദ്യം നാം നേരിടുന്നുണ്ട്: സുപ്രധാനമായ അനന്തര ഫലമൊന്നും കാണാൻ കഴിയുന്നില്ലെങ്കിൽ എന്റെ സുരക്ഷിതത്വവും, ആശ്വാസവും സുഖങ്ങളും ഞാൻ എന്തിന് ഉപേക്ഷിക്കണം? എന്നതാണ് ആ ചോദ്യം. അതിനുള്ള ഉത്തരം എപ്പോഴും ഒന്നുതന്നെ."യേശുക്രിസ്തു പാപത്തെയും മരണത്തെയും കീഴടക്കി, അവിടന്നു ശക്തിപൂർണനാണ്" അവിടന്ന് സത്യമായും ജീവിക്കുന്നു (cf. സുവിശേഷത്തിന്റെ സന്തോഷം, 275). സജീവരായി സാഹോദര്യത്തോടെ ഈ പ്രത്യാശ സൂക്ഷിക്കാനും പങ്കുവയ്ക്കാനും ഇത് നമ്മോട് ആവശ്യപ്പെടുന്നു. ഇന്നത്തെ സാഹചര്യത്തിൽ, ഒരുവനും കർത്താവിനാൽ തന്നെത്തന്നെ രക്ഷിക്കുന്നില്ലെന്ന് പ്രവചനപരമായി ഓർമ്മിക്കാൻ കഴിവുള്ള, കർത്താവിനാൽ അഭിഷിക്തരായ പ്രത്യാശയുടെ മിഷണറിമാരുടെ അടിയന്തരമായ ആവശ്യമുണ്ട്.

അപ്പസ്തോലന്മാരെയും ആദിമ ക്രിസ്താനികളെയും പോലെ നമ്മളും നമ്മുടെ സർവശക്തിയോടുംകൂടി പറയുന്നു: "ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തവയെപ്പറ്റി നിശ്ശബ്ദരായിരിക്കാൻ ഞങ്ങൾക്കു സാധിക്കുകയില്ല" (അപ്പ 4:20). നാം സ്വീകരിച്ചിട്ടുള്ളതെല്ലാം കർത്താവ് ക്രമേണ നമ്മുടെമേൽ വർഷിച്ചിട്ടുള്ളതാണ്. നാം അവ സൂക്ഷിച്ചുവയ്ക്കുകയും വിലവാങ്ങാതെ മറ്റുള്ളവർക്കു നല്കുകയും ചെയ്യുന്നു. യേശു നല്കുന്ന രക്ഷയെ കാണുകയും ശ്രദ്ധിച്ചുകേൾക്കുകയും സ്പർശിക്കുകയും ചെയ്ത അപ്പസ്തോലന്മാരെപ്പോലെ (cf. 1 യോഹ 1:1-4) ഇന്ന് നമുക്ക് അനുദിനജീവിതത്തിന്റെ ചരിത്രത്തിൽ ക്രിസ്തുവിന്റെ സഹനത്തെയും മഹത്ത്വപൂർണമായ ശരീരത്തെയും സ്പർശിക്കാൻ കഴിയും. ഓരോ വ്യക്തിക്കും പ്രത്യാശയും എങ്ങനെ കർത്താവിന്റെ കൂടെ ആയിരിക്കണമെന്ന് അറിയുന്നതിൽ നിന്ന് ഉയരുന്ന സംശയരഹിതമായ വിവരവും പങ്കുവച്ചുകൊടുക്കാനുള്ള ധീരതയും കണ്ടെത്താൻ കഴിയും. ക്രിസ്ത്യാനികളെന്ന നിലയിൽ നമുക്കു മാത്രമായി കർത്താവിനെ സൂക്ഷിക്കാൻ സാധ്യമല്ല. ലോകത്തെ രൂപാന്തരപ്പെടുത്തലിലും സൃഷ്ടിയുടെ സംരക്ഷിക്കലിലും സഭയുടെ സുവിശേഷവത്കരണ മിഷൻ അതിന്റെ സമഗ്രവും പരസ്യവുമായ മൂല്യത്തെ പ്രകാശിപ്പിക്കുന്നു.

**നമ്മിൽ ഓരോരുത്തർക്കുമുള്ള ക്ഷണം**

ഈ വർഷത്തെ ലോകമിഷൻദിനത്തിന്റെ പ്രമേയം "ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളെക്കുറിച്ച് സംസാരിക്കാതിരിക്കാൻ ഞങ്ങൾക്ക് സാധ്യമല്ല" (അപ്പ 4:20). ഇത് നമ്മിൽ ഓരോരുത്തർക്കുമുള്ള ക്ഷണമാണ് - നമ്മൾ ഹൃദയത്തിൽ വഹിക്കുന്ന

തെന്തോ അതിന്റെ "ഉത്തരവാദിത്വം വഹിക്കാനും" അത് സുപ്രസിദ്ധ മാക്കാനുമുള്ള ക്ഷണമാണ്. ഈ ദൗത്യം എന്നും സഭയുടെ തനിമയാണ്. എന്നും അങ്ങനെയായിരുന്നുതാനും. "അത് സുവിശേഷവത്കരിക്കാൻ വേണ്ടി നിലനില്ക്കുന്നു" (വിശുദ്ധ പോൾ 6–ാമൻ. ആഹ്വാനം, പ്രഘോഷിക്കപ്പെടേണ്ട സുവിശേഷം, 14). നമ്മുടെ വിശ്വാസജീവിതം വ്യക്തിപരമായ ഏകാന്തതയിൽ കഴിയുന്നതുകൊണ്ടോ ചെറിയ ഗ്രൂപ്പുകളിൽ അടച്ചുപൂട്ടിക്കഴിയുന്നതുകൊണ്ടോ ദുർബലമാകുന്നു. പ്രവാചകത്വവും വിസ്മയിക്കാനും കൃതജ്ഞത പ്രകാശിപ്പിക്കാനുമുള്ള ശക്തിയും നഷ്ടപ്പെടുകയും ചെയ്യുന്നു. ഓരോ വ്യക്തിയിലേക്കും എത്തിച്ചേരുകയും ആശ്ലേഷിക്കുകയും ചെയ്യാൻ കഴിവുള്ള വർധമാനമായ തുറവി അത് അതിന്റെ ചലനശക്തികൊണ്ടുതന്നെ ആവശ്യപ്പെടുന്നുണ്ട്.

ആദിമ ക്രിസ്ത്യാനികൾ വിശിഷ്ടജനങ്ങൾക്കിടയിൽ അടച്ചുപൂട്ടിക്കഴിയാനുള്ള പ്രലോഭനത്തിനു കീഴടങ്ങിയില്ല. അവർ കർത്താവിലേക്കും അവിടന്നു നല്കുന്ന പുതിയ ജീവിതത്തിലേക്കും ആകർഷിക്കപ്പെട്ടു. ജനങ്ങളുടെയിടയിലേക്കു പോകാനും തങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത "ദൈവരാജ്യം സമീപസ്ഥമായിരിക്കുന്നു" എന്ന യാഥാർത്ഥ്യത്തിന് സാക്ഷ്യം വഹിക്കാനും വേണ്ടിയാണ് ആ പുതുജീവിതം. തങ്ങളുടെ സമർപ്പണത്തിന്റെയും ത്യാഗത്തിന്റെയും ഫലം അപരർ ഭക്ഷിക്കുമെന്ന് അറിഞ്ഞുകൊണ്ട് വിതയ്ക്കുന്നവരെപ്പോലെ, ഔദാര്യത്തോടും കൃതജ്ഞതയോടും കുലീനതയോടും കൂടിയാണ് അവർ ഇതു ചെയ്തത്. അതുകൊണ്ട് ഇങ്ങനെ ചിന്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നു: "ഏറ്റവും ദുർബലരും ഏറ്റവും പരിമിതിയുള്ളവരും മുറിവേറ്റവരുമായവർക്കുപോലും തങ്ങളുടെ രീതിയിൽ (മിഷണറിമാർ) ആയിരിക്കാൻ സാധിക്കും. എന്തെന്നാൽ നന്മ പങ്കുവയ്ക്കപ്പെടാൻ നാം എപ്പോഴും അനുവദിക്കണം, അതിനോടൊപ്പം അനേകം ദൗർബല്യങ്ങളുണ്ടെങ്കിലും" (അപ്പസ്തോലിക ആഹ്വാനം, ക്രിസ്തു ജീവിക്കുന്നു, 239).

ഓരോവർഷവും ഒക്ടോബർ മാസത്തിലെ അവസാനത്തേതിന്റെ തൊട്ടുമുമ്പുള്ള ഞായറാഴ്ച ലോകമിഷൻ ദിനം ആഘോഷിക്കുന്നു. സുവിശേഷത്തിന്റെ ഉദാരതയും സന്തോഷവുമുള്ള അപ്പസ്തോലന്മാരായിരിക്കാനുള്ള നമ്മുടെ മാമ്മോദീസാപരമായ സമർപ്പണത്തെ നവീകരിക്കാൻ സ്വന്തം ജീവിതസാക്ഷ്യംകൊണ്ട് സഹായിക്കുന്ന എല്ലാ ആളുകളെയും അത് കൃതജ്ഞതയോടെ ഓർമ്മിക്കുന്നു. അനുഗ്രഹത്തിനുവേണ്ടി ഏറെ മനുഷ്യർ ദാഹിക്കുന്ന ജനതകളുടെ കോണുകളിലേക്കും നഗരങ്ങളിലേക്കും താമസവും ഭയവും കൂടാതെ സുവിശേഷം

എത്തിച്ചേരാൻവേണ്ടി ജന്മനാടും കുടുംബവും ഉപേക്ഷിച്ച് യാത്ര ചെയ്യാൻ കഴിഞ്ഞവരെ നമുക്കു സവിശേഷമായി ഓർമ്മിക്കാം.

അവരുടെ മിഷണറി സാക്ഷ്യത്തെപ്പറ്റിയുള്ള ധ്യാനം ധീരതയുള്ളവരായിരിക്കാനും "കൊയ്ത്തിനു വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോട്" (ലൂക്കാ 10:2) നിർബന്ധ ബുദ്ധിയോടെ പ്രാർത്ഥിക്കാനും നമ്മെ പ്രചോദിപ്പിക്കുന്നു. മിഷനിലേക്കുള്ള ദൈവവിളി ഭൂതകാലത്തെ ഒരു കാര്യമോ മറ്റുകാലങ്ങളിലെ റൊമാന്റിക് സ്മരണയോ അല്ലെന്ന് നമുക്ക് അറിവുണ്ട്. ലോകത്തിന്റെ അതിരുകളിലേക്കുപോകാനും സഹാനുഭൂതിയുടെ സന്ദേശവാഹകരും ഉപകരണങ്ങളും ആയിത്തീരാനും കഴിയുന്ന വിധത്തിൽ ദൈവവിളി യഥാർത്ഥ പ്രണയകഥപോലെ ജീവിക്കാൻ കഴിവുള്ള ഹൃദയങ്ങളെ യേശുവിന് ഇന്ന് ആവശ്യമുണ്ട്. അവിടന്ന് ഈ വിളി എല്ലാവരോടും നടത്തുന്നുണ്ട്-ഒരേ വിധത്തിലല്ലെങ്കിലും. നമ്മുടെയടുത്ത്, നഗരകേന്ദ്രത്തിൽ അല്ലെങ്കിൽ നിങ്ങളുടെ കുടുംബത്തിൽ, പ്രാന്തപ്രദേശങ്ങളുണ്ടെന്ന കാര്യം ഓർമ്മിക്കണം. സ്നേഹത്തിന് സാർവത്രിക തുറവിയുടെ ഒരു വശംകൂടിയുണ്ട്. അത് ഭൂമിശാസ്ത്രപരമല്ല, പിന്നെയോ അസ്തിത്വപരമാണ്. എല്ലായ്പ്പോഴും, പ്രത്യേകിച്ച് സാംക്രമികരോഗത്തിന്റെ ഇക്കാലത്ത് നമ്മുടെ വലയത്തെ വിപുലീകരിക്കാൻ അനുദിന കഴിവ് വർധിപ്പിക്കുക എന്നത് സുപ്രധാനമാണ്. നമ്മുടെ അടുത്തുള്ളവരാണെങ്കിലും "എന്റെ താത്പര്യങ്ങളുടെ ലോകത്തിന്റെ" ഭാഗമാണെന്ന് സ്വാഭാവികമായി തോന്നാത്തവരിലേക്ക് എത്തിച്ചേരാനാണത് (cf. ചാക്രികലേഖനം, എല്ലാവരും സഹോദരർ, 97). മിഷൻ ജീവിക്കുകയെന്നത് യേശുക്രിസ്തുവിനുള്ള അതേ വികാരം വളർത്താൻ പരിശ്രമിക്കുകയും എന്റെ അടുത്തുള്ളവർ എന്റെ സഹോദരനും സഹോദരിയും ആണെന്ന് അവിടത്തെപ്പോലെ വിശ്വസിക്കുകയും ചെയ്യുകയെന്നതാണ്. നമ്മുടെ ഹൃദയങ്ങളെ അവിടത്തെ സഹതാപത്തിന്റെ സ്നേഹം ഉണർത്തുകയും നമ്മെ എല്ലാവരെയും മിഷനറി ശിഷ്യന്മാർ ആക്കുകയും ചെയ്യട്ടെ!

ആദ്യത്തെ മിഷ്യനറി ശിഷ്യയായ കന്യകാമറിയം മാമ്മോദീസാമുങ്ങിയ എല്ലാവരിലും, നമ്മുടെ പ്രദേശങ്ങളിലെ ഉപ്പും പ്രകാശവുമായിരിക്കാനുള്ള ആഗ്രഹം വളർത്തട്ടെ (cf മത്താ 5:13-14).

റോം, വി. ജോൺ ലാറ്ററൻ, 6 ജനുവരി 2021
കർത്താവിന്റെ എപ്പിഫനിത്തിരുനാൾ
ഫ്രാൻസിസ് പാപ്പാ.

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

Prot No. 425/21, Circular No. 10/21

## സർക്കുലർ

# പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷം

ഈശോയിൽ പ്രിയ വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

തലശ്ശേരി അതിരൂപതാദ്ധ്യക്ഷനും നമ്മുടെ പ്രിയപ്പെട്ട പിതാവുമായ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് മെത്രാപ്പോലീത്ത പൗരോഹിത്യസ്വീകരണത്തിന്റെ അമ്പതാം വാർഷികം ആഘോഷിക്കുകയാണല്ലോ. 1971 ഡിസംബർ മാസം 20-ാം തീയതി തലശ്ശേരി കത്തീഡ്രൽ പള്ളിയിൽ വച്ച് പുണ്യസ്മരണാർഹനായ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽനിന്നാണ് അഭിവന്ദ്യ പിതാവ് തിരുപ്പട്ടം സ്വീകരിച്ചത്. പൗരോഹിത്യജീവിതത്തിലെ അമ്പത് സുവർണ്ണവർഷങ്ങൾ പൂർത്തിയാക്കുന്ന പിതാവിനോടൊപ്പം ദൈവത്തിന് നന്ദി പറയുവാനും പിതാവിന് ആശംസകൾ അർപ്പിക്കുവാനുമുള്ള അവസരമാണിത്.

കോതമംഗലം രൂപതയിലെ ആരക്കുഴയിൽ 1946 ജൂൺ 23-ന് ഞറളക്കാട്ട് വർക്കി-മേരി ദമ്പതികളുടെ മൂന്നു മക്കളിൽ ആദ്യപുത്രനായാണ് മാർ ജോർജ് ഞറളക്കാട്ട് ജനിച്ചത്. 1960-ൽ അദ്ദേഹത്തിന്റെ കുടുംബം വയനാട്ടിലെ നടവയലിലേയ്ക്ക് കുടിയേറി. നടവയൽ സെന്റ് തോമസ് ഹൈസ്കൂളിൽനിന്ന് എസ്. എസ്. എൽ. സി. പാസ്സായശേഷം തലശ്ശേരി സെന്റ് ജോസഫ്സ് മൈനർ സെമിനാരിയിൽ വൈദികപഠനത്തിനായി ചേർന്നു. ആലുവ മംഗലപ്പുഴ പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനം പൂർത്തിയാക്കി തലശ്ശേരി രൂപതയ്ക്കുവേണ്ടി 1971 ഡിസംബർ 20-ന് അദ്ദേഹം പൗരോഹിത്യം സ്വീകരിച്ചു.

തലശ്ശേരി രൂപതയിൽ ആരംഭിച്ച് മാനന്തവാടി, ഭദ്രാവതി, മാണ്ഡ്യ രൂപതകളിലൂടെ കടന്നുപോയി തലശ്ശേരിയിൽത്തന്നെ എത്തിനില്ക്കുന്നതാണ് അഭിവന്ദ്യ ഞറളക്കാട്ട് പിതാവിന്റെ പൗരോഹിത്യശുശ്രൂഷാജീവിതം. കണിച്ചാർ ഇടവകയിൽ സഹവികാരിയായാണ് ആദ്യനിയമനം. 1973-ൽ മാനന്തവാടി രൂപത സ്ഥാപിതമായപ്പോൾ അഭിവന്ദ്യ പിതാവ് ആ രൂപതയിൽ ചേർന്നു. വയനാട്ടിലുള്ള അരിഞ്ചേർമല, കണിയാമ്പറ്റ ഇടവകകളുടെ വികാരിയായി നിയമിതനായി. മാനന്തവാടി

രൂപതയിൽ മിഷൻലീഗ് ഡയറക്ടർ, അതിരൂപതാ പ്രൊക്കുറേറ്റർ, പാസ്റ്ററൽ സെന്റർ ഡയറക്ടർ, വികാരി ജനറാൾ തുടങ്ങിയ നിലകളിലും സേവനം ചെയ്തു. മാനന്തവാടി രൂപതാദ്ധ്യക്ഷൻ മാർ എമ്മാനുവേൽ പോത്തനാമൂഴിയുടെ ആകസ്മിക നിര്യാണത്തെത്തുടർന്ന് രൂപതാ അഡ്മിനിസ്ട്രേറ്ററായി നിയമിതനായത് മോൺ. ജോർജ് ഞറളക്കാട്ട് ആയിരുന്നു.

2008-ൽ ഭദ്രാവതി രൂപത സ്ഥാപിതമായപ്പോൾ അവിടെ ആദ്യത്തെ വികാരി ജനറാളായി നിയമിതനായി. 2010-ൽ മാണ്ഡ്യ ആസ്ഥാനമാക്കി പുതിയ രൂപതയുണ്ടായപ്പോൾ അവിടെ പ്രഥമ മെത്രാനായി നിയമിതനാവുകയും 2010 ഏപ്രിൽ 7-ന് മാർ ജോർജ് വലിയമറ്റം പിതാവിന്റെ കൈവയ്പുവഴി മേൽപ്പട്ടസ്ഥാനത്തേയ്ക്ക് ഉയർത്തപ്പെടുകയും ചെയ്തു. മാണ്ഡ്യ രൂപതയ്ക്ക് നിയതമായ രൂപഭാവങ്ങൾ ഉണ്ടാക്കിയെടുത്തത് അഭിവന്ദ്യപിതാവിന്റെ അക്ഷീണ പ്രയത്നം മൂലമാണ്.

അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് തലശ്ശേരി അതിരൂപതയുടെ തൃദീയ അദ്ധ്യക്ഷനായി 2014 ഒക്ടോബർ 30-ന് ചുമതലയേറ്റു. മലബാർ മേഖയിലെ ക്രൈസ്തവ സമൂഹത്തിന് മുഴുവൻ നേതൃത്വം കൊടുക്കുന്ന നല്ലയിടയനാണ് മാർ ജോർജ് ഞറളക്കാട്ട് പിതാവ്. ആത്മീയ മേഖയിൽ മാത്രമല്ല സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ മേഖലകളിലും അഭിവന്ദ്യ പിതാവിന്റെ സജീവ സാന്നിദ്ധ്യമുണ്ട്. കർഷകരുടെ ഉന്നമനത്തിനുവേണ്ടിയും അവകാശങ്ങൾക്കുവേണ്ടിയുമുള്ള പോരാട്ടങ്ങൾക്ക് ധീരമായ നേതൃത്വം കൊടുത്തുകൊണ്ടാണ് അഭിവന്ദ്യ പിതാവ് ശ്രദ്ധേയനാകുന്നത്.

മതബോധന ദൈവശാസ്ത്രത്തിൽ റോമിലെ സലേഷ്യൻ യൂണിവേഴ്സിറ്റിയിൽ നിന്നും ബിരുദാനന്തര ബിരുദം കരസ്ഥമാക്കിയിട്ടുള്ള ഞറളക്കാട്ട് പിതാവ് സീറോ മലബാർ മതബോധനകമ്മീഷൻ ചെയർമാൻ, കെ.സി.ബി.സി. ഹെൽത്ത് കമ്മീഷൻ ചെയർമാൻ, കുന്നോത്ത് ഗുഡ്ഷെപ്പേർഡ് സെമിനാരി കമ്മീഷൻ ചെയർമാൻ, ദൈവവിളി കമ്മീഷൻ അംഗം, സീറോ മലബാർ സ്ഥിരം സിനഡ് അംഗം എന്നീ നിലകളിലും പ്രവർത്തിച്ചുവരുന്നു.

അഭിവന്ദ്യ ജോർജ് ഞറളക്കാട്ട് പിതാവ് ഹൃദ്യമായ പെരുമാറ്റം കൊണ്ടും ആഴമേറിയ വ്യക്തിബന്ധങ്ങൾകൊണ്ടും എല്ലാവർക്കും പ്രിയങ്കരനാണ്. പരിചയപ്പെടുന്നവരുടെയൊക്കെ പേരോർത്തിരിക്കുന്ന, കുട്ടി

കളുടെ കൊച്ച് കത്തുകൾക്കുപോലും മറുപടി അയയ്ക്കുന്ന, വിഷമവും സങ്കടവും പറയുന്ന എല്ലാവരോടും ഔദാര്യം കാണിക്കുന്ന സവിശേഷമായ വ്യക്തിത്വത്തിന്റെ ഉടമയാണ് പിതാവ്. അഭിവന്ദ്യ പിതാവിന്റെ പൗരോഹിത്യസുവർണ്ണജൂബിലി വലിയ ആഘോഷമാക്കി മാറ്റണം എന്ന് എല്ലാവരും ആഗ്രഹിക്കുന്നുണ്ട്. പക്ഷെ പിതാവിന്റെ ആഗ്രഹമനുസരിച്ചും നിലവിലെ കോവിഡ് പശ്ചാത്തലത്തിലും ലളിതമായ ചടങ്ങുകളോടെയുള്ള ആഘോഷം നടത്തുവാനാണ് അതിരൂപതാ വൈദികസമിതിയും പാസ്റ്ററൽ കൗൺസിലും ചേർന്ന് തീരുമാനിച്ചിട്ടുള്ളത്.

2021 ഒക്ടോബർ 30-ാം തീയതി ശനിയാഴ്ച രാവിലെ 9 മണിക്ക് തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ വിശുദ്ധ കുർബാനയും തുടർന്ന് സാൻജോസ് മെട്രോപ്പോളിറ്റൻ സ്കൂൾ ഓഡിറ്റോറിയത്തിൽ അനുമോദന സമ്മേളനവും നടത്തുന്നതാണ്. അഭിവന്ദ്യ മേജർ ആർച്ച്ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി, മലങ്കര സഭാദ്ധ്യക്ഷൻ ബസേലിയോസ് ക്ലീമീസ് ബാവ, കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, കേന്ദ്ര സംസ്ഥാന മന്ത്രിമാർ, ജനപ്രതിനിധികൾ, സാമൂഹ്യ-സാംസ്കാരിക മേഖലകളിലെ പ്രമുഖർ തുടങ്ങിയവർ അഭിവന്ദ്യ പിതാവിന് ആശംസകളർപ്പിക്കാൻ എത്തിച്ചേരും.

തലശ്ശേരി അതിരൂപത അഭിമാനപൂർവ്വം മുന്നോട്ടുവയ്ക്കുന്ന മൂന്ന് ജീവകാരുണ്യ സംരംഭങ്ങളുടെ ഉദ്ഘാടനം ഈ ചടങ്ങിൽവച്ച് നടത്തും. കരുവഞ്ചാൽ സെന്റ് ജോസഫ് ആശുപത്രിയുടെ പുതിയ കെട്ടിയസമുച്ചയത്തിന്റെ ഉദ്ഘാടനം, ആർച്ച്ബിഷപ്പ് ഞറളക്കാട്ട് ജോർജസ് എൻവിഷൻ ഫോർ ലൈഫ് (എയ്ഞ്ചൽ) എന്ന പേരിൽ ആരംഭിക്കുന്ന സൗജന്യ ഡയാലിസിസ് സഹായ പദ്ധതി ഉദ്ഘാടനം, മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ഭവനനിർമ്മാണ പദ്ധതിയുടെ അഞ്ഞൂറാമത് ഭവനത്തിന്റെ താക്കോൽദാനം എന്നിവ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടത്തും.

അഭിവന്ദ്യ പിതാവിനെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്ന നിങ്ങൾക്ക് എല്ലാവർക്കും ഈ ചടങ്ങിൽ നേരിട്ട് പങ്കെടുക്കണമെന്ന് ആഗ്രഹമുണ്ട് എന്ന് എനിക്കറിയാം. എന്നാൽ നിലവിലുള്ള നിയന്ത്രണങ്ങൾക്ക് വിധേയമായി പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ മാത്രം ഈ ആഘോഷങ്ങളിൽ നേരിട്ട് പങ്കെടുക്കുകയും എല്ലാവർക്കുമായി ചടങ്ങുകളുടെ തത്സമയ സംപ്രേഷണം നടത്തുകയും ചെയ്യാനാണ് തീരുമാനിച്ചിരിക്കുന്നത്.

പിതാവിനോടുള്ള ആദരസൂചകമായി 2021 ഒക്ടോബർ 31-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും അഭിവന്ദ്യ പിതാവിന്റെ നിയോഗത്തിൽ വി. കുർബാന അർപ്പിക്കുകയും സ്തോത്ര ഗീതം ആലപിക്കുകയും മധുരപലഹാരങ്ങൾ വിതരണം ചെയ്യുകയും ചെയ്യുന്നത് നന്നായിരിക്കും.

അഭിവന്ദ്യ പിതാവിലൂടെ തലശ്ശേരി അതിരൂപതയ്ക്കും മലബാറിലെ സഭയ്ക്കും ആഗോളസഭയ്ക്കും ലഭിച്ച എല്ലാ നന്മകൾക്കും ദൈവത്തിന് നന്ദിപറയാം. അജപാലനവഴികളിലെ പ്രസാദാത്മകമായ ഈ ഇടയസാന്നിദ്ധ്യം ഇനിയും അനേകകാലം ഊർജ്ജ്വസ്വലതയോടെ ആയുരാരോഗ്യത്തോടെ നമുക്ക് മാർഗ്ഗദർശനം നല്കട്ടെ എന്ന് പ്രാർത്ഥിക്കാം. അഭിവന്ദ്യ പിതാവിന് തലശ്ശേരി അതിരൂപതയിലെ വൈദികരുടെയും സന്യസ്തരുടെയും അല്മായ സമൂഹത്തിന്റെയും പേരിൽ പൗരോഹിത്യ സുവർണ്ണ ജൂബിലിയുടെ മംഗളങ്ങൾ ഹൃദയപൂർവ്വം ആശംസിക്കുന്നു.

സ്നേഹപൂർവ്വം

തലശ്ശേരി
25-09-2021

**മാർ ജോസഫ് പാംപ്ലാനി**
തലശ്ശേരി അതിരൂപതാ സഹായമെത്രാൻ

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2021 ഒക്ടോബർ മാസം 24-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കുകയും ഇടവക വാട്ട്സ് ആപ്പ് ഗ്രൂപ്പുകളിലൂടെ അറിയിക്കുകയും ചെയ്യണം.

Prot No. 426/21, Circular No. 11/21

## സർക്കുലർ

## വൈദികരുടെ വാർഷികധ്യാനം

ഈശോയിൽ പ്രിയമുള്ളവരെ,

നമ്മുടെ അതിരൂപതയിലെ ബഹുമാനപ്പെട്ട വൈദികരുടെ വാർഷികധ്യാനം 2021 നവംബർ 1-ാം തീയതി തിങ്കളാഴ്ച മുതൽ 5-ാം തീയതി വെള്ളിയാഴ്ചവരെ നടക്കുകയാണ്. കോവിഡ് സാഹചര്യത്തിൽ ഓൺലൈനായി നടത്തുന്ന ധ്യാനത്തിൽ ബഹുമാനപ്പെട്ട വൈദികർ ഫൊറോനതലത്തിൽ ഒന്നിച്ചുകൂടിയാണ് ധ്യാനിക്കുന്നത്. അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രത്തിലെ ബഹു. സേവ്യർഖാൻ വട്ടായിൽ അച്ചനും ടീമുമാണ് ധ്യാനത്തിന് നേതൃത്വം നല്കുന്നത്.

അനുദിന ജീവിതത്തിന്റെ തിരക്കുകളിൽ നിന്നും ഒരാഴ്ചക്കാലം മാറിനിന്ന് ദൈവസന്നിധിയിലിരുന്ന് ശാന്തമായി പ്രാർത്ഥിക്കുവാനും ആത്മീയജീവിതത്തിൽ ആഴപ്പെടുവാനും വൈദികർക്ക് ലഭിക്കുന്ന അവസരമാണ് വാർഷികധ്യാനം. ദൈവജനത്തിന് ആത്മീയനേതൃത്വം നല്കുന്നവർ സ്വന്തം ആത്മീയജീവിതത്തെ നിരന്തരം നവീകരിക്കേണ്ടതുണ്ട്. ഈശോമിശിഹാ ഏല്പിച്ച ദൗത്യം നിർവ്വഹിക്കുവാൻ ഒരു വൈദികന് സാധിക്കുന്നത് അവനിലുള്ള ദൈവകൃപയുടെ സഹായത്താലാണ്. പൗലോസ്ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നുണ്ട്: "മകനേ, നീ യേശുക്രിസ്തുവിന്റെ കൃപാവരത്തിൽനിന്ന് ശക്തി സ്വീകരിക്കുക" (2തിമോ 2:1). മാനുഷിക കഴിവുകളേക്കാൾ ദൈവത്തിന്റെ കൃപയിൽ ആശ്രയിച്ചുകൊണ്ടുള്ള ഒരു ശുശ്രൂഷയാണ് പൗരോഹിത്യ ശുശ്രൂഷ. അതുകൊണ്ട് പൗരോഹിത്യമെന്ന കൂദാശയിലൂടെ സവിശേഷമായി ലഭിച്ച ദൈവകൃപ നഷ്ടപ്പെടുത്താതിരിക്കാനും കൂടുതൽ ഉജ്ജ്വലിപ്പിക്കാനും വൈദികർ പരിശ്രമിക്കണം.

വൈദികർ വലിയ നിർമ്മാണവിദഗ്ദരോ, സാങ്കേതിക പരിജ്ഞാനമോ, നേതൃത്വപാടവം ഉള്ളവരോ, സൈബർ പോരാളികളോ ഒക്കെ ആകുന്നതിനേക്കാൾ ആത്മീയ മനുഷ്യരാകണമെന്നതാണ് ദൈവത്തിന്റെ ഹിതവും മനുഷ്യരുടെ ആഗ്രഹവും. ഭക്തിയോടെ തിരുക്കർമ്മങ്ങളനുഷ്ഠിക്കുന്ന, ശാന്തമായും പക്വമായും ഇടപെടുന്ന, ആർദ്രതയോടും കരുണയോടും കൂടി സംസാരിക്കുന്ന, സദാ സേവനസന്നദ്ധനായ വൈദികൻ ഭൂമിയിൽ ക്രിസ്തുവിനെ ജനമധ്യത്തിൽ പ്രത്യക്ഷനാക്കുന്നു. മാതൃകകൊണ്ടും വചനം പങ്കുവച്ചുകൊണ്ടും അവൻ ദൈവജനത്തെ സ്വർഗ്ഗത്തിലേയ്ക്ക് നയിക്കുന്നു. ഇതിനിടയിൽ വ്യക്തിപര

മായ കുറവുകളും പോരായ്മകളും ഈശോ ഏല്പിച്ച ദൗത്യത്തിന് വിഘാതമാകരുത്. കുറവുകളെ പരിഹരിക്കാനും ആത്മീയമായ ഊർജ്ജം വീണ്ടെടുക്കാനും വൈദികരെ സഹായിക്കുന്ന വാർഷിക ധ്യാനത്തിന്റെ അവസരത്തിൽ ദൈവജനം മുഴുവൻ വൈദികർക്കു വേണ്ടി പ്രാർത്ഥിക്കണം എന്ന് ഞാൻ ഓർമ്മപ്പെടുത്തുന്നു.

നിങ്ങൾ നിങ്ങളുടെ വൈദികർക്കുവേണ്ടി പ്രാർത്ഥിക്കുന്നുണ്ടെന്ന് എനിക്കറിയാം. നിങ്ങളുടെ ജീവിതത്തിൽ ജനനം മുതൽ മരണം വരെയുള്ള എല്ലാ അവസരങ്ങളിലും പ്രാർത്ഥനയിലൂടെ നിങ്ങളെ അനുധാവനം ചെയ്യുന്ന വൈദികർക്കുവേണ്ടി പ്രാർത്ഥിക്കുക നിങ്ങളുടെ കടമയാണ്. വാർഷികധ്യാനത്തിന്റെ ഈ ആഴ്ചയിൽ നിങ്ങൾ പ്രത്യേകമായി എല്ലാ വൈദികരെയും ഓർത്ത് പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ധ്യാനം വഴി നമ്മുടെ വൈദികർ മോശയെപ്പോലെ ധീരതയോടെ നമ്മെ നയിക്കാൻ പ്രാപ്തരും ഏലിയായുടെ തീക്ഷ്ണതയോടെ സഭാശുശ്രൂഷ നിർവ്വഹിക്കുന്നവരുമാകട്ടെ. ആത്മാവിൽ ശക്തിപ്രാപിച്ച് നവചൈതന്യമുൾക്കൊണ്ട് തങ്ങൾ ഏറ്റെടുത്തിരിക്കുന്ന അജപാലന ശുശ്രൂഷാമേഖലകളെ ദൈവകൃപകൊണ്ട് നിറയ്ക്കാൻ അവർക്ക് സാധിക്കട്ടെ. ധ്യാനത്തിന് നമ്മുടെ വൈദികരെ സഹായിക്കുന്ന സെഹിയോൻ ധ്യാനകേന്ദ്രത്തിലെ ബഹു. സേവ്യർ വട്ടായിലച്ചനും ടീം അംഗങ്ങൾക്കുവേണ്ടിയും നമുക്ക് പ്രത്യേകമായി പ്രാർത്ഥിക്കാം. പരിശുദ്ധാത്മാവിന്റെ അഭിഷേകം അവർക്കും ആവശ്യമാണ്. "ഞാൻ അധരം തുറക്കുമ്പോൾ എനിക്ക് വചനം നൽകപ്പെടാനും സുവിശേഷത്തിന്റെ രഹസ്യം സധൈര്യം അറിയിക്കുവാനും എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ" (എഫേ. 6/19) എന്ന് പൗലോസ് ശ്ലീഹാ പറയുന്നതുപോലെ അവരും ആത്മാവിനാൽ നിറയപ്പെട്ട് സംസാരിക്കുവാനായി അവർക്കുവേണ്ടിയും പ്രാർത്ഥിക്കാം. നമ്മുടെ അതിരൂപതയിലെ എല്ലാ വൈദികർക്കും ദൈവാനുഭവവും ദൈവാനുഗ്രഹവും നിറഞ്ഞ ധ്യാനദിവസങ്ങൾ ആശംസിക്കുന്നു.

സ്നേഹപൂർവ്വം,

നിങ്ങളുടെ വത്സലപിതാവ്,

തലശ്ശേരി
26-09-2021

**മാർ ജോർജ് ഞറളക്കാട്ട്**
തലശ്ശേരി അതിരൂപതാ മെത്രാൻ

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2021 ഒക്ടോബർ മാസം 31-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കുകയും ഇടവക വാട്ട്സ് ആപ്പ് ഗ്രൂപ്പുകളിലൂടെ അറിയിക്കുകയും ചെയ്യണം.




## 1. പുതിയ നിയമനങ്ങൾ

| | |
|---|---|
| ഫാ. ജോസഫ് കണ്ണംകുളത്തേൽ | - ഉപരിപഠനം, ബെൽജിയം |
| ഫാ. ജോസഫ് കിഴക്കരക്കാട്ട് | - പ്രിസ്റ്റൺ രൂപത, ഗ്രേറ്റ് ബ്രിട്ടൺ |
| ഫാ. ടോം ഓലിക്കരോട്ട് | - മീഡിയ (അധികചുമതല) |
| ഫാ. ആന്റണി വെട്ടിയാനിക്കൽ | - അസി. ഡയറക്ടർ, മദർഹോം പരിയാരം (അധികചുമതല) |

## 2. വൈദികരുടെ വാർഷികധ്യാനം

തലശ്ശേരി അതിരൂപതയിലെ വൈദികരുടെ വാർഷികധ്യാനം 2021 നവംബർ 1 മുതൽ 5 വരെ കഴിഞ്ഞ വർഷം നടത്തിയതുപോലെ ഓൺലൈനായി നടത്തുന്നതാണ്. ബഹു. സേവ്യർഖാൻ വട്ടായിൽ അച്ചന്റെ നേതൃത്വത്തിലുള്ള സെഹിയോൻ ടീമാണ് ധ്യാനം നയിക്കുന്നത്. ഒരു ബാച്ച് ധ്യാനം മാത്രമാണ് ക്രമീകരിച്ചിരിക്കുന്നത്. അതിനാൽ എല്ലാ ബഹു. വൈദികരും ഈ ദിവസങ്ങൾ ധ്യാനത്തിനായി മാറ്റി വയ്ക്കണമെന്ന് മുൻകൂട്ടി അറിയിക്കുന്നു.

## 3. അഭിവന്ദ്യ ഞറളക്കാട്ട് പിതാവിന്റെ പൗരോഹിത്യ സുവർണ്ണജൂബിലി

തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി 2021 ഒക്ടോബർ 30ന് തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽവച്ച് ആഘോഷിക്കുകയാണ്. വിശദാംശങ്ങൾ സർക്കുലറിൽ നല്കിയിട്ടുണ്ട്. ഒക്ടോബർ 30-ാം തീയതി അഭിവന്ദ്യ പിതാവ് തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്തയായി ചുമതലയേറ്റെടുത്തിട്ട് 7 വർഷം പൂർത്തിയാകുന്ന ദിവസം കൂടിയാണ്. അഭിവന്ദ്യ പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാം.

## 4. മിഷൻ ഞായർ

ഒക്ടോബർ 17-ാം തീയതി ഞായറാഴ്ചയാണ് ഈ വർഷത്തെ മിഷൻ ഞായർ. മിഷൻ ഞായർ സന്ദേശം സാധിക്കുന്ന മാധ്യമങ്ങളിലൂടെ എല്ലാ കുടുംബങ്ങളിലും എത്തിക്കാൻ ശ്രദ്ധിക്കുമല്ലോ. മിഷൻ ഞായറാഴ്ച സ്തോത്രക്കാഴ്ച ആഗോള മിഷൻ പ്രവർത്തനങ്ങളെ സഹായിക്കാനായി സമാഹരിച്ച് അതിരൂപതാ കേന്ദ്രത്തിൽ എത്തിക്കുമല്ലോ.

## 5. അതിരൂപതാ മാധ്യമ വിഭാഗം

അതിരൂപതയുടെ മാധ്യമവിഭാഗം ടെൽമി ക്രിയേഷൻസ് എന്ന ബാന റിൽ യൂട്യൂബ് ചാനൽവഴി വൈവിധ്യമാർന്ന വീഡിയോകൾ നല്കി വരുന്നുണ്ട്. നമ്മുടെ അതിരൂപതയിലെ എല്ലാ ആളുകളെയും ഉൾപ്പെടുത്തി ഒരു വാട്സ് ആപ്പ് നെറ്റ് വർക്ക് രൂപീകരിക്കാൻ മാധ്യമവിഭാഗം പരിശ്രമിക്കുകയാണ്. അതിനായി എല്ലാ ഇടവകകളിലെയും വാട്സ് ആപ്പ് ഗ്രൂപ്പുകളുടെ അഡ്മിൻമാരുടെ നമ്പറുകൾ മാധ്യമവിഭാഗം ഡയറക്ടർ ഫാ. ടോം ഓലിക്കരോട്ടിനെ അറിയിക്കണമെന്ന് താല്പര്യപ്പെടുന്നു. ടെൽമി ക്രിയേഷൻസ് തയ്യാറാക്കുന്ന സുവിശേഷ വ്യാഖ്യാനം, ഡിഡാക്കേ, റിയർ മിറൽ എന്നീ പ്രതിവാര വീഡിയോകൾ സാധിക്കുന്ന എല്ലാ ഗ്രൂപ്പുകളിലും പങ്കുവയ്ക്കണമെന്നും അഭ്യർത്ഥിക്കുന്നു.

## 6. അഭിനന്ദനങ്ങൾ

കണ്ണൂർ യൂണിവേഴ്സിറ്റിയിൽനിന്നും മലയാളം സാഹിത്യത്തിൽ പി.എച്ച്.ഡി. ബിരുദം കരസ്ഥമാക്കിയ നിർമ്മലഗിരി കോളേജ് അധ്യാപകൻ കൂടിയായ ഫാ. ഡോ. മാർട്ടിൻ പറപ്പള്ളിയാത്തിന് അഭിനന്ദങ്ങൾ. "പുരുഷൻ: അപനിർമ്മിതിയും പ്രതിനിധാനവും സാറാ ജോസഫിന്റെ നോവലുകളിൽ" എന്നതായിരുന്നു പ്രബന്ധവിഷയം.

## 7. ആദരാഞ്ജലികൾ

**1. സി. ലീന കല്ലോലിക്കൽ MSMI (79):** എം.എസ്.എം.ഐ. സന്യാസിനീ സമൂഹം തലശ്ശേരി സാൻജോസ് പ്രൊവിൻസിലെ പരിയാരം എബേറ്റ് ഭവനാംഗമായ സി. ലീന (79) ഓഗസ്റ്റ് 29ന് നിര്യാതയായി. പരേത കണ്ണൂർ ജില്ലയിൽ ഉദയഗിരി ഇടവക പരേതരായ ഉലഹന്നാൻ -ഏലിയാമ്മ ദമ്പതികളുടെ ഇരട്ട സന്താനങ്ങളിൽ ഒരാളായി ജനിച്ചു. അവിഭക്ത തലശ്ശേരി രൂപതയിലെ കോളയാട്, മേരിഗിരി, രണ്ടാംകടവ്, നിരവിൽപുഴ, മേരിപുരം, എണ്ണപ്പാറ, പടുപ്പ്, കണ്ണൂർ പ്രൊവിൻഷ്യൽ ഹൗസ്, ഒറ്റപ്പാലം, താഴൂർ, നെല്ലിക്കുറ്റി വിമലഗിരി എന്നിവിടങ്ങളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 2021 മെയ് മാസം മുതൽ എബേറ്റ് സാൻജോസ് ഭവനിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു. ഓഗസ്റ്റ് 29ന് ഉച്ചകഴിഞ്ഞ് 1.30ന് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നെല്ലിക്കുറ്റി സിയോൺ കോൺവെന്റ് സിമിത്തേരിയിൽ മൃതസംസ്ക്കാരം നടത്തി. സിസ്റ്ററിന്റെ ആത്മാവിനെ ദൈവം തന്റെ വിശുദ്ധരുടെ ഗണത്തിൽ



ചേർക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. സിസ്റ്ററിന്റെ കുടുംബാംഗങ്ങൾക്ക് അതിരൂപതയുടെ പ്രാർത്ഥനകളും അനുശോചനവും അറിയിക്കുന്നു.

**2. സി. ഫ്ളോറ മനയാനിക്കൽ SABS (85):** ദിവ്യകാരുണ്യ ആരാധനാസന്യാസിനീ സമൂഹത്തിന്റെ തലശ്ശേരി പ്രൊവിൻസ് അംഗമായ സി. ഫ്ളോറ മനയാനിക്കൽ 2021 സെപ്റ്റംബർ 24-ാം തീയതി നിര്യാതയായി. മദർ സുപ്പീരിയർ, അധ്യാപിക, ഹെഡ്മിസ്ട്രസ്, ചിൽഡ്രൻസ് ഹോം ഡയറക്ടർ, സോഷ്യൽ വർക്ക് ആനിമേറ്റർ എന്നീ നിലകളിൽ മണിക്കടവ്, തോമാപുരം, കിളിയന്തറ, ചേറ്റുകുന്ന്, കാസർഗോഡ്, കോഴിച്ചാൽ, ബൽത്തംഗടി, ശനിവാരസന്ത, ഗോണികൊപ്പൽ, ജോസ്ഗിരി ഹോസ്പിറ്റൽ, കണിച്ചാർ, പാഴൂർ, പയ്യംപള്ളി, മാനന്തവാടി, പടത്തുകടവ്, മരുതോങ്കര എന്നിവിടങ്ങളിലും ആന്ധ്രാ മിഷനിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. മൃതസംസ്ക്കാര ശുശ്രൂഷ 2021 സെപ്റ്റംബർ 25-ാം തീയതി കിളിയന്തറ എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ ഹൗസിൽ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ കാർമ്മികത്വത്തിൽ നടന്നു. പരേതയ്ക്ക് ദൈവം നിത്യസൗഭാഗ്യം നല്കി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.



## 8. സ്നേഹസ്മൃതി

1. റവ. ഫാ. ബർത്തലോമിയോ മഴുവഞ്ചേരി സി.എം.ഐ. - 01-10-2006
2. റവ. ഫാ. ജേക്കബ്ബ് ആലുങ്കൽ - 04-10-1994
3. റവ. ഫാ. സെബാസ്റ്റ്യൻ ജോസഫ് കാഞ്ഞിരക്കാട്ട് - 06-10-2017
4. റവ. ഫാ. ജോസഫ് കച്ചിറമറ്റം - 07-10-2001
5. റവ. ഫാ. തോമസ് പുറത്തെമുതുകാട്ടിൽ - 21-10-2013
6. റവ. ഫാ. സാബാസ് കുരുവിത്തടം സി.എം.ഐ. - 23-10-1982
7. റവ. ഫാ. മാത്യു കാനക്കാട്ട് - 24-10-2007
8. റവ. ഫാ. ജേക്കബ്ബ് നെടുമ്പിള്ളി - 26-10-2010
9. റവ. ഫാ. അഡ്രിയാൻ സി.എം.ഐ. - 26-10-1978
10. റവ. ഫാ. ഹൊർമീസ് പെരുമാലിൽ സി.എം.ഐ. - 28-10-1986
11. റവ. ഫാ. ജേക്കബ്ബ് കുന്നപ്പള്ളിൽ - 30-10-2002
12. ഫാ. ജോസഫ് മാണിക്കത്താഴെ - 27-10-2020

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

# വിശ്വാസപരിശീലനം

> **"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52).**

ലോകസമാധാനത്തിനും കുടുംബങ്ങളുടെ നിലനിൽപ്പിനും വേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിക്കുവാൻ 'കന്യകാമറിയത്തിന്റെ ജപമാല' (*Rosarium Virginis Mariae*) എന്ന അപ്പസ്തോലിക പ്രബോധനത്തിലൂടെ വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ ആഹ്വാനം ചെയ്തിട്ടുണ്ട്. 'സുവിശേഷസംഗ്രഹം' എന്നു വിളിക്കപ്പെടുന്ന ഈ ഭക്തമുറ കേവലം ഒരു യാന്ത്രികപ്രാർത്ഥനയല്ല, മറിച്ച് തികച്ചും ധ്യാനാത്മകമാണെന്ന് മാർപാപ്പ ഓർമ്മിപ്പിക്കുന്നു. ഒക്ടോബർ മാസത്തിൽ വിശ്വാസപരിശീലകരായ നമുക്ക് ജപമാല നമസ്ക്കാരത്തിൽ ഭക്തിപൂർവ്വം പങ്കുചേരാം.

## 1. അസൈൻമെന്റ് - ക്ലാസ്സ് XII

പന്ത്രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളുടെ ഈ അധ്യായനവർഷത്തെ അസൈൻമെന്റ് ഓഫീസിൽ എത്തിക്കേണ്ട അവസാന തീയതി **നവംബർ 30 ആണ്.** ഇക്കാര്യം കുട്ടികളെ നേരത്തെ അറിയിച്ച് അസൈൻമെന്റ് എഴുതാൻ അവരെ ഒരുക്കേണ്ടതാണ്. ആമുഖം, ഉള്ളടക്കം, ഉപസംഹാരം, റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവ അസൈൻമെന്റിന് ഉണ്ടായിരിക്കണം. കുറഞ്ഞത് പത്തുപേജെങ്കിലും അസൈൻമെന്റിന് ഉണ്ടായിരിക്കണം. കുട്ടിയുടെ മാമ്മോദീസാപേരും ബ്രായ്ക്കറ്റിൽ വിളിപ്പേരും വീട്ടുപേരും ഇടവകയും അസൈൻമെന്റിൽ എഴുതിയിരിക്കണം. താഴെ കൊടുത്തിരിക്കുന്ന മൂന്ന് അധ്യായങ്ങളെ ആസ്പദമാക്കിയാണ് വിഷയാവതരണം നടത്തേണ്ടത്.

**വിഷയം: "മാധ്യമങ്ങളുടെ നന്മയും അവ ഉയർത്തുന്ന വെല്ലുവിളികളും"**

അധ്യായം1 : മാധ്യമങ്ങളും അവയുടെ നന്മയും

2 : മാധ്യമങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾ

3 : മാധ്യമങ്ങളെ എങ്ങനെ സമൂഹ നന്മയ്ക്കായി വിനിയോഗിക്കാം

അസൈൻമെന്റ് എഴുതാൻ സഹായകമായ ആധാരഗ്രന്ഥങ്ങൾ താഴെകൊടുക്കുന്നു.

1. രണ്ടാം വത്തിക്കാൻ കൗൺസിൽ, സാമൂഹ്യസമ്പർക്ക മാധ്യമങ്ങളെക്കുറിച്ചുള്ള ഡിക്രി
2. ഡോ. ഫ്രാൻസിസ് കാരയ്ക്കാട്ട് SDB, മീഡിയ ഗൈഡ്
3. ഡോ. ഫ്രാൻസിസ് കാരയ്ക്കാട്ട് SDB, മാധ്യമം തലമുറയുടെ മാർഗദർശി
4. ഡോ. ഫ്രാൻസിസ് കാരയ്ക്കാട്ട് SDB, മാധ്യമങ്ങൾ ചെയ്യുന്നതും നാം ചെയ്യേണ്ടതും

5. ഡോ. ഫ്രാൻസിസ് കാരയ്ക്കാട്ട് SDB, മാധ്യമങ്ങളുടെ അധിനിവേശം
6. പത്മന രാമചന്ദ്രൻ നായർ, മാധ്യമപഠനങ്ങൾ
7. കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, പത്രലോകം
8. എൻ. പി രാമചന്ദ്രൻ, വേണം മാധ്യമങ്ങളുടെ മേലെയും ഒരു കണ്ണ്.

## 2. ഡിപ്ലോമ പരീക്ഷ രജിസ്ട്രേഷൻ (ക്ലാസ്സ് XII)

ഈ അധ്യായനവർഷം 12-ാം ക്ലാസിൽ പഠിക്കുന്ന റെഗുലർ കുട്ടികളുടെ ഡിപ്ലോമ രജിസ്ട്രേഷൻ **നവംബർ 15-നുള്ളിൽ** പൂർത്തിയാക്കേണ്ടതാണ്. ഹെഡ്മാസ്റ്റർമാർക്ക് തന്നിരിക്കുന്ന രജിസ്ട്രേഷൻ ഫോമിൽ കുട്ടികളുടെ മാമ്മോദീസ പേര്, സ്കൂളിലെ പേര്, വീട്ടുപേര്, ജനനതീയതി, മാമ്മോദീസ തീയതി, മാതാപിതാക്കളുടെ മാമ്മോദീസ പേര് എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണം. തിയതികൾ കൃത്യമായും പേരുകൾ അക്ഷരതെറ്റുകൂടാതെയും ചേർക്കേണ്ടതാണ്. ആവശ്യമായ വിവരങ്ങൾ കുട്ടികളുടെ പക്കൽ നിന്നും ശേഖരിച്ചതിനുശേഷം ഫോം പൂരിപ്പിച്ച് കുട്ടികളെ കാണിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തിയിട്ടായിരിക്കണം രജിസ്ട്രേഷൻ ഫോമുകൾ ഓഫീസിലേക്ക് അയക്കേണ്ടത്. രജിസ്ട്രേഷൻ നടത്താത്ത ആരെയും പരീക്ഷ എഴുതുവാൻ അനുവദിക്കുകയില്ല. സർട്ടിഫിക്കറ്റിൽ പിന്നീട് വരുന്ന തിരുത്തലുകൾക്ക് ഫൈൻ ഈടാക്കുന്നതായിരിക്കും.

**നിർദ്ദേശങ്ങൾ**

a. Internal Assesment മാർക്ക് ഇപ്പോൾ ചേർക്കേണ്ടതില്ല. കുട്ടികൾക്ക് രജിസ്ട്രേഷൻ നമ്പർ ഓഫീസിൽ നിന്നും നൽകി ഫോം തിരികെ നൽകുന്നതാണ്. അപ്പോഴാണ് ഇന്റേണൽ മാർക്ക് ചേർക്കേണ്ടത് (പരമാവധി 25 മാർക്ക്). മാർക്ക് കണക്കാക്കുമ്പോൾ ഓൺലൈൻ കാലഘട്ടത്തിലെ വിശ്വാസപരിശീലനത്തിൽ കുട്ടിയുടെ ഭാഗഭാഗിത്വം, ക്ലാസ്സ് ടെസ്റ്റുകളിൽ കുട്ടിയുടെ പങ്കാളിത്തം, വി. കുർബാനയിൽ കുട്ടിയുടെ ഭാഗഭാഗിത്വം etc... കണക്കിലെടുക്കേണ്ടതാണ്.
b. രജിസ്ട്രേഷൻ ഫോം പൂരിപ്പിച്ച് നൽകിയിരിക്കുന്നത് അപൂർണ്ണമാണെങ്കിൽ പരീക്ഷയെഴുതാൻ അനുവദിക്കുന്നതല്ല.
c. രജിസ്ട്രേഷൻ ഫോം ഇംഗ്ലീഷിലായിരിക്കണം പൂരിപ്പിക്കേണ്ടത്.
d. **നവംബർ 15-നുള്ളിൽ** ഓഫീസിൽ ലഭിക്കത്തക്കവിധം രജിസ്ട്രേഷൻ ഫോം അയക്കേണ്ടതാണ്.

## 3. XII-ാം ക്ലാസ്സ് ഡിപ്ലോമ സേ പരീക്ഷ

XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയിൽ തോറ്റവർക്ക് 2022 ജനുവരി 26-ന് നടത്തുന്ന പരീക്ഷയ്ക്ക് പേര് രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതാവുന്നതാണ്. സൺഡേ സ്കൂൾ ലെറ്റർപാഡിൽ കുട്ടിയുടെ പേരും വീട്ടുപേരും, പരീക്ഷ എഴുതിയ വർഷം, കഴിഞ്ഞ പരീക്ഷയ്ക്ക് കിട്ടിയ മാർക്കുകൾ, രജിസ്റ്റർ

നമ്പർ എന്നിവ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി **നവംബർ 15-ന്** ഓഫീസിൽ ലഭിക്കത്തക്കവിധം അയയ്ക്കേണ്ടതാണ്.

### 4. ഡിപ്ലോമ: നോൺ റെഗുലർ സ്റ്റുഡൻസ്

വിശ്വാസപരിശീലനം പൂർത്തിയാക്കാതെ ഉന്നത പഠനത്തിനായ് ഇടവകയ്ക്ക് പുറത്ത് പഠിക്കുന്ന കുട്ടികൾ, അവർ പഠിക്കുന്ന ഇടവകയിൽനിന്ന് പഠനം പൂർത്തിയാക്കി എന്ന് സാക്ഷ്യപ്പെടുത്തുന്ന വികാരിയച്ചന്റെയോ ഹെഡ്മാസ്റ്ററിന്റെയോ കത്ത് ഹാജരാക്കിയാൽ അവരെ പരീക്ഷ എഴുതിപ്പിക്കേണ്ടതാണ്. പരീക്ഷയെ സംബന്ധിച്ച് ബഹു. വികാരിയച്ചന്മാർ പൊതുവായ നിർദ്ദേശം പള്ളിയിൽ കൊടുക്കുമല്ലോ. ഇപ്രകാരമുള്ള കുട്ടികളുടെ പേരുവിവരങ്ങൾ ലെറ്റർപാഡിൽ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി **നവംബർ 15-ന്** ഓഫീസിൽ ലഭിക്കത്തക്കവിധം അയയ്ക്കണം. അവർ അസൈൻമെന്റ് എഴുതേണ്ടതാണ്.

### 5. ഒക്ടോബർ മാസത്തിലെ വിശ്വാസപരിശീലന ക്ലാസ്സുകൾ

ശാലോം ടിവിയിൽ സംപ്രേഷണം ചെയ്യുന്ന (തിങ്കൾ മുതൽ ശനിവരെ) വിശ്വാസപരിശീലന ക്ലാസ്സുകളുടെ യൂട്യൂബ് ലിങ്ക് ഞായറാഴ്ചകളിൽ വാട്സ് ആപ്പ് ഗ്രൂപ്പിൽ നൽകുന്നത് താഴെ കൊടുത്തിരിക്കുന്ന വിധമായിരിക്കും.

03.10.2021 ഞായർ - അദ്ധ്യായം 9 പാർട്ട് 1
10.10.2021 ഞായർ - അദ്ധ്യായം 9 പാർട്ട് 2
17.10.2021 ഞായർ - അദ്ധ്യായം 10 പാർട്ട് 1
24.10.2021 ഞായർ - അദ്ധ്യായം 10 പാർട്ട് 2
31.10.2021 ഞായർ - അദ്ധ്യായം 11 പാർട്ട് 1

### 6. പാദവാർഷികപരീക്ഷ - നന്ദി

ഈ വർഷത്തെ പാദവാർഷികപരീക്ഷ സെപ്റ്റംബർ 19-ാം തീയതി ഞായറാഴ്ച എല്ലാ സൺഡേ സ്കൂളുകളിലും വളരെ ഭംഗിയായി നടത്തി. എല്ലാവിധ ക്രമീകരണങ്ങളും ചെയ്ത ബഹു. വൈദികർക്കും വിശ്വാസപരിശീലകർക്കും സൂപ്പർവൈസർമാരായിരുന്ന മാതാപിതാക്കൾക്കും പരീക്ഷ പേപ്പറുകൾ ശേഖരിക്കാൻ സഹകരിച്ച എല്ലാവർക്കും വിശ്വാസപരിശീലന കേന്ദ്രത്തിന്റെ നന്ദി.

### 7. ക്ലാസ്സ് പി. ടി. എ

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ എല്ലാ മാതാപിതാക്കളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള PTA മീറ്റിംഗ് സാധ്യമല്ലല്ലോ. ഒത്തിരിയേറെ സൺഡേ സ്കൂളുകളിൽ ക്ലാസ്സ് അടിസ്ഥാനത്തിൽ പി.ടി.എ മീറ്റിംഗ് കൂടി കഴിഞ്ഞു. എല്ലാ സൺഡേ സ്കൂളുകളിലും ക്ലാസ്സടിസ്ഥാനത്തിൽ പി.ടി.എ മീറ്റിംഗ് കൂടുന്നത് (Zoom, Google Meet etc.) വളരെ നല്ലതാണ്. സാധിക്കു

മെങ്കിൽ പള്ളിയിൽ വച്ചുതന്നെ ഗവൺമെന്റിന്റെ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് ക്ലാസ്സടിസ്ഥാനത്തിൽ മീറ്റിംഗ് കൂടാൻ ശ്രമിക്കുമല്ലോ. ബഹു. ഹെഡ്മാസ്റ്റർ എല്ലാ ക്ലാസ്സുകളുടെയും പി.ടി.എ മീറ്റിംഗിൽ പങ്കെടുക്കേണ്ട താണ്.

## 8. സ്റ്റാഫ് മീറ്റിംഗ്

എല്ലാ സൺഡേ സ്കൂളുകളിലും ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷത യിൽ സ്റ്റാഫ് മീറ്റിംഗ് നടത്തണം. ഒക്ടോബർ രണ്ടാമത്തെ ഞായറാഴ്ച സ്റ്റാഫ് മീറ്റിംഗ്കൂടി ഓൺലൈൻ ക്ലാസ്സുകളിലെ കുട്ടികളുടെ പങ്കാളിത്തം വിലയിരുത്തണം. കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ഒരു വിശ്വാസപരിശീലകനെ/ വിശ്വാസപരിശീലകയെ ഓൺലൈൻ ക്ലാസ്സുകളുടെ ഉത്തരവാദിത്വം ഏൽപ്പി ക്കണം.

## 9. ഫൊറോന കമ്മിറ്റി

ബഹു. ഫൊറോന വികാരിച്ചൻ അധ്യക്ഷനായുള്ള ഫൊറോനകമ്മിറ്റി യാണ് ഫൊറോനയിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്. അതിരൂപത വിസിറ്ററും ഫൊറോന കമ്മിറ്റിയിലെ അംഗമാ ണ്. ഫൊറോന പ്രസിഡന്റ്, സെക്രട്ടറി, വിസിറ്റർ എന്നിവരിൽ ആരെയെ ങ്കിലും പുതുതായി തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ അവരുടെ പേര്, അഡ്രസ്സ് മുതലായവ ഓഫീസിലേയ്ക്ക് നല്കേണ്ടതാണ്.

## 10. വെബിനാർ – ഫൊറോനകളിൽ

ഫൊറോനകളിൽ എല്ലാ വിശ്വാസപിശീലകരെയും ഉൾപ്പെടുത്തികൊണ്ട് ഒന്നരമണിക്കൂർ ദൈർഘ്യമുള്ള വെബിനാർ സംഘടിപ്പിക്കണം. ആനുകാ ലിക വിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ക്ലാസ്സുകൾ വിശ്വാസപരിശീ ലകർക്ക് നൽകണം. വെബിനാറിന്റെ തീയതിയും സമയവും ബഹു. ഫൊറോന വികാ രിയച്ചനുമായി ആലോചിച്ച് ഫൊറോന പ്രസിഡന്റും ടീം അംഗങ്ങളും തീരു മാനിക്കേണ്ടതാണ്.

## 11. നവോദയ-സ്പോർട്സ് സ്കൂളുകളിലെ കുട്ടികളുടെ വിശ്വാസപരിശീലനം

സൺഡേസ്കൂളുകളിൽ റഗുലറായി പഠിക്കുവാൻ സാധിക്കാത്ത 6 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന നവോദയ, സ്പോർട്സ് സ്കൂളുക ളിലെ കുട്ടികൾക്ക് മാത്രമായുള്ള അവധിക്കാല വേദപാഠക്ലാസ്സുകൾ കഴിഞ്ഞ രണ്ടുവർഷമായി നടത്തുവാൻ സാധിച്ചിട്ടില്ല. ഈ കുട്ടികൾ സ്കൂളിലെ റഗു ലർ ക്ലാസ്സ് തുടങ്ങുന്നതുവരെ സൺഡേസ്കൂളിൽ റെഗുലറായി ചേർന്ന് പഠി ക്കണം. ബഹു. ഹെഡ്മാസ്റ്റർ നവോദയ-സ്പോർട്സ് സ്കൂളുകളിൽ പഠി ക്കുന്ന കുട്ടികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കേണ്ടതാണ്.

## 12. റെഗുലർ സൺഡേ ക്ലാസ്സുകൾ

എല്ലാ കുട്ടികളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള റെഗുലർ സൺഡേ ക്ലാസ്സുകൾ ഇപ്പോഴത്തെ സാഹചര്യത്തിൽ പ്രായോഗികമല്ല എന്ന് നമുക്കറിയാം. എങ്കിലും ഗവൺമെന്റിന്റെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മുതിർന്ന ക്ലാസ്സുകളിലെ കുട്ടികളെ ദൈവാലയത്തിൽ ഒരുമിച്ച് ചേർക്കാൻ പരിശ്രമിക്കണേ... വി. ബലിയിൽ പങ്കെടുക്കാനും കുമ്പസാരിക്കുവാനുമുള്ള സൗകര്യം ഒരുക്കി കൊടുക്കുമല്ലോ.

## 13. ദൈവശാസ്ത്രകോഴ്സ്

വിശ്വാസപരിശീലകർക്കായി നടത്തപ്പെടുന്ന ദൈവശാസ്ത്രകോഴ്സിൽ പുതുതായി വന്ന വിശ്വാസപരിശീലകരും നിലവിൽ പഠിപ്പിച്ചുകൊണ്ടിരിക്കുന്നവരും പങ്കെടുക്കണം. ഈ വർഷം പുതുതായി പേര് രജിസ്റ്റർ ചെയ്തവർക്കുള്ള ക്ലാസ്സുകൾ ആരംഭിച്ചു. കോഴ്സ് സംബന്ധമായ സംശയനിവാരണത്തിന് താഴെ കൊടുത്തിരിക്കുന്ന നമ്പറുകളിൽ വിളിക്കേണ്ടതാണ്. (9495947807, 7559897792, 8086312826).

## 14. എയ്ഞ്ചൽ നേഴ്സറി

സീറോ മലബാർ കാറ്റക്കിസം കമ്മീഷന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ നേഴ്സറി കുട്ടികളുടെ ക്ലാസ്സുകൾ ഞായറാഴ്ച ഗുഡ്നെസ്സ്, ഷെക്കെയ്ന എന്നീ ചാനലുകളിലും തിങ്കളാഴ്ച ശാലോം ടീവിയിലും സംപ്രേഷണം ചെയ്യുന്നുണ്ട്. കുട്ടികൾക്കുള്ള പാഠപുസ്തകങ്ങൾ ഓഫീസിൽ ലഭ്യമാണ്. മാതാപിതാക്കളെ ഈ വിവരം അറിയിക്കുമല്ലോ...

## 15. ഓഫീസ്, റിക്കാർഡുകൾ

എല്ലാ സൺഡേസ്കൂളുകൾക്കും ഓഫീസ് ഉണ്ടായിരിക്കണം. ഓഫീസ്, റിക്കാർഡുകൾ, ഫയലുകൾ തുടങ്ങിയവ ഹെഡ്മാസ്റ്ററിന്റെയും സെക്രട്ടറിയുടെയും നേതൃത്വത്തിൽ ക്രമമാക്കേണ്ടതും ചിട്ടയായി സൂക്ഷിക്കേണ്ടതുമാണ്. ഓഫീസിൽ ലെറ്റർപാഡും സീലും ഉണ്ടായിരിക്കണം.

## 16. വിശ്വാസപരിശീലകർക്ക് ഓൺലൈൻ പരീക്ഷ

"ആരാണ് ഏതാണ് സത്യം" എന്ന പുസ്തകത്തെ ആസ്പദമാക്കി വിശ്വാസപരിശീലകർക്ക് ഒക്ടോബർ 3 ഞായറാഴ്ച രാത്രി 9 മണിക്ക് ഓൺലൈൻ പരീക്ഷ നടത്തുന്നു. ശരിയുത്തരങ്ങൾ അയയ്ക്കുന്നവരിൽ നിന്നും നറുക്കിട്ട് 20 പേർക്ക് (14 വിശ്വാസപരിശീലകർ + 6 സിസ്റ്റേഴ്സ്) ആകർഷകമായ സമ്മാനങ്ങൾ നൽകുന്നതാണ്.

### നിർദ്ദേശങ്ങൾ

a. ഗൂഗിൾ ഫോമിലൂടെ ആയിരിക്കും പരീക്ഷ നടത്തുന്നത്.
b. 20 ചോദ്യങ്ങൾ പരീക്ഷയ്ക്ക് ഉണ്ടായിരിക്കും.

c. പുസ്തകത്തിന്റെ 16 മുതൽ 28 വരെയുള്ള പേജുകളിൽ നിന്നായിരിക്കും ചോദ്യങ്ങൾ ഉണ്ടാവുക.

d. ഒരാൾ ഒരു പ്രാവശ്യം മാത്രമേ ഉത്തരങ്ങൾ പൂരിപ്പിച്ച് അയക്കുവാൻ പാടുള്ളൂ.

e. പരീക്ഷയുടെ സമയം 10 മിനിറ്റായിരിക്കും.

## 17. ഓൺലൈൻപരീക്ഷ – നന്ദി

വിശ്വാസപരിശീലകർക്കായി സെപ്റ്റംബർ 19 ഞായറാഴ്ച രാത്രി 9 മണിക്ക് നടത്തിയ ഓൺലൈൻ പരീക്ഷയിൽ 2049 വിശ്വാസപരിശീലകർ പങ്കെടുത്തു. 207 വിശ്വാസപരിശീലകർ 100% മാർക്കിന് അർഹരായി. പരീക്ഷയിൽ പങ്കെടുത്ത എല്ലാവർക്കും അഭിനന്ദനങ്ങൾ.

## 18. സ്നേഹവീട് – ഭവനപദ്ധതി

താഴെ പേര് നല്കിയിരിക്കുന്ന സൺഡേസ്കൂളുകൾ സപ്തംബർ മാസത്തിൽ സ്നേഹവീട് ഭവനപദ്ധതിയിലേയ്ക്ക് സംഭാവന നല്കിയിട്ടുണ്ട്. സഹകരിച്ച എല്ലാ വിശ്വാസപരിശീലകർക്കും നന്ദി. ഇനിയും തുക നല്കാത്തവർ ഒക്ടോബർ മാസത്തിൽ തന്നെ സംഭാവന സമാഹരിച്ച് ഓഫീസിൽ നല്കുമല്ലോ. ഒക്ടോബർ മാസത്തിൽ ഭവനത്തിന്റെ പണികൾ ആരംഭിക്കുന്നതാണ്.

**സംഭാവന നൽകിയ സൺഡേ സ്കൂളുകൾ**

| | | | |
|---|---|---|---|
| ചെറുപുഴ | – 25000.00 | തലശ്ശേരി | – 5000.00 |
| മേരിപുരം | – 5000.00 | കാര്യപ്പള്ളി | – 5500.00 |
| കണിച്ചാർ | – 12000.00 | | |

## 19. മിഷൻ ഞായർ ഒക്ടോബർ 17

ആഗോളമിഷൻ ഞായറായ ഒക്ടോബർ 17-ാം തീയതി എല്ലാ ഇടവകകളും മിഷൻദിനമായി ആഘോഷിക്കുമല്ലോ.

## 20. മതാധ്യാപകദിനം നവംബർ 4

വിശ്വാസപരിശീലകരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾ ദിനമായ നവംബർ 4-നാണ് മതാധ്യാപകദിനം. എല്ലാ സൺഡേ സ്കൂളുകളിലും നവംബർ 7-ാം തീയതി ഞായറാഴ്ച മതാധ്യാപകദിനം ആചരിക്കുകയും അധ്യാപകർക്ക് സമ്മാനങ്ങൾ നല്കേണ്ടതുമാണ്. ഹെഡ്മാസ്റ്റർ ബഹു. വികാരിയച്ചനുമായി ആലോചിച്ച് മതാധ്യാപകദിനം സമുചിതമായി ആഘോഷിക്കാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ. അതിരൂപതയിലെ എല്ലാ വിശ്വാസപരിശീലകർക്കും മതാധ്യാപകദിനത്തിന്റെ മംഗളങ്ങളും പ്രാർത്ഥനകളും ആശംസിക്കുകയും അധ്യാപകരുടെ ശുശ്രൂഷയെ നന്ദിയോടെ ഓർക്കുകയും ചെയ്യുന്നു.

## 21. രാജത്വത്തിരുനാൾ – നവംബർ 21

മിശിഹായുടെ രാജത്വത്തിരുനാൾ ദിനമായ നവംബർ 21-ാം തീയതി എല്ലാ ഇടവകകളിലും സമുചിതമായി ആഘോഷിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ നടത്തുമല്ലോ.

## 22. ഉപപാഠപുസ്തക വിതരണം

ഒന്നു മുതൽ പന്ത്രണ്ടുവരെയുള്ള ക്ലാസ്സുകളിലെ ഉപപാഠ പുസ്തകങ്ങൾ നവംബർ മാസത്തിൽ ഫൊറോന കേന്ദ്രത്തിൽ എത്തിക്കുന്നതാണ്.

## 23. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ

ഈ വർഷത്തെ വിശ്വാസപരിശീലന ക്ലാസ്സുകൾ ഓൺലൈൻ വഴി ഭംഗിയായി ക്രമീകരിക്കാൻ വിശ്വാസപരിശീലന കേന്ദ്രം പരിശ്രമിക്കുന്നുണ്ട്. ഇപ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് വലിയ സാമ്പത്തിക ചിലവുണ്ടെന്ന് എല്ലാവർക്കും അറിവുള്ളതാണല്ലോ. ഒരു കുട്ടിയുടെ പക്കൽ നിന്നും **20 രൂപ** (സ്റ്റുഡന്റ്സ് ഫണ്ട് + ചോദ്യപേപ്പർ) പരമാവധി നേരത്തെ തന്നെ collect ചെയ്യുമല്ലോ. ഒപ്പംതന്നെ ഓഫീസിൽ അടയ്ക്കേണ്ട മറ്റു തുകകളും (പാഠപുസ്തകങ്ങൾ, ഉപപാഠപുസ്തകങ്ങൾ etc...) ശേഖരിച്ച് ബാങ്ക് വഴി അടയ്ക്കണമെന്ന് ഓർമിപ്പിക്കുന്നു. ഓരോ ഇടവകയും അടയ്ക്കേണ്ട തുക ഒക്ടോബർ 15-നുള്ളിൽ വാട്സ്ആപ്പ് ഗ്രൂപ്പിൽ ഇടുന്നതാണ്.

താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുക ട്രാൻസ്ഫർ ചെയ്യേണ്ടത്. തുക ട്രാൻസ്ഫർ ചെയ്യുന്നവർ ഡയറക്ടറച്ചനെ ഫോൺ വഴി അറിയിക്കുകയോ വാട്സ്ആപ്പ് നമ്പറിലേക്ക് സന്ദേശം നൽകുകയോ ചെയ്യണം.

A/c Holder : Department of Catechesis
A/c No : 0078053000073503
IFSC : SIBL 0000078
Bank : South Indian Bank, Thalassery

സ്നേഹത്തോടെ,

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
ഡയറക്ടർ

# കുടുംബ കൂട്ടായ്മ
# തലശ്ശേരി അതിരൂപത
## FAMILY RENEWAL UNITS IN THALASSERY (FRUITS)

### I. കുടുംബ കൂട്ടായ്മകൾ

കോവിഡ് കാലത്തിന്റെ പ്രത്യാഘാതമായി നമ്മുടെ ആത്മീയാനുഷ്ഠാനങ്ങളിൽ കുറവുകളും വ്യത്യാസങ്ങളും ഉണ്ടാകുന്നത് നാം തിരിച്ചറിയുകയാണല്ലോ. രണ്ട് വർഷങ്ങൾക്ക് മുൻപുള്ള ആചാരങ്ങളും അനുഷ്ഠാനങ്ങളും സാഹചര്യമനുസരിച്ച് നാം നവീകരിക്കേണ്ടിയിരിക്കുന്നു. സഭാമക്കളുടെ വിശ്വാസവും കൂട്ടായ്മയും വളർത്തുവാനും നിലനിർത്തുവാനുമായി നാം വളരെ സജീവമായി ആരംഭിച്ച കുടുംബ കൂട്ടായ്മകൾ രണ്ട് വർഷത്തോളമായി മുടങ്ങിക്കിടക്കുകയാണ്. പക്ഷേ, ആ ഒത്തുചേരൽ എത്രമാത്രം ശക്തവും സുന്ദരവുമാണെന്ന് നാം തിരിച്ചറിയുന്നു. അതിനാൽ ഇപ്പോഴത്തെ സാഹചര്യത്തിൽ ആ കൂട്ടായ്മകൾക്ക് വീണ്ടും തുടക്കം കുറിക്കുവാൻ ഞാൻ സ്നേഹപൂർവ്വം ക്ഷണിക്കുന്നു. മിക്കവാറും പേരും വാക്സിൻ സ്വീകരിച്ചതിനാലും സർക്കാർ നിയന്ത്രണങ്ങൾ കുറച്ചുവരുന്നതിനാലും നമുക്ക് കൂട്ടായ്മകൾ കൂടുവാൻ പരിശ്രമിക്കാം.

1. ഒരു യൂണിറ്റിലെ മുഴുവൻ പേരെയും ഓൺലൈനായി വിളിച്ച് ചേർക്കാം.
2. ഒരു യൂണിറ്റിൽപ്പെട്ട മുഴുവൻ അംഗങ്ങളെയും പള്ളിയിൽ വിളിച്ച് ചേരാം.
3. പണ്ട് നടത്തിയിരുന്നതുപോലെ സൗകര്യമുള്ള വീടുകളിൽ ഒത്തുകൂടി കൂട്ടായ്മ പുനഃക്രമീകരിക്കാം. ഡിസംബർ മാസത്തിൽ ഈ രീതിയിൽ കൂടുവാൻ പരിശ്രമിക്കണം. ഈ മാസം ആദ്യത്തെ രണ്ട് രീതികളിൽ ഏതിലെങ്കിലും യൂണിറ്റിനെ വിളിച്ച് ചേർക്കുവാൻ യൂണിറ്റ് പ്രസിഡണ്ടുമാർ പരിശ്രമിക്കുമല്ലോ. ഇടവക കോഡിനേറ്റർ വികാരിയച്ചനോട് ചർച്ച ചെയ്ത് ടൈം ടേബിൾ ക്രമീകരിക്കുമല്ലോ.

### II. ജപമാലയജ്ഞം

ഒക്ടോബർ മാസം ജപമാലഭക്തിയുടെ ദിനങ്ങളാണല്ലോ. പത്ത് ദിവസത്തെ കൊന്തനമസ്കാരത്തിൽ പങ്ക് ചേരുവാൻ പരിശ്രമിക്കുക, പ്രേരിപ്പിക്കുക. യൂണിറ്റ് അടിസ്ഥാനത്തിൽ നേരിട്ടോ ഓൺലൈൻ ആയോ പത്ത് ദിവസം ജപമാല ചൊല്ലുന്നത് വളരെ നല്ലതാണ്.

### ജൂബിലി

അഭിവന്ദ്യ ആർച്ച്ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ പൗരോഹിത്യ സുവർണ ജൂബിലി ആഘോഷത്തിന്റെ ഭാഗമായി ഒക്ടോബറിലെ അവസാന ദിനങ്ങളിൽ യൂണിറ്റിലെ അംഗങ്ങൾ ഒത്തുകൂടി പ്രാർത്ഥിക്കുകയും ആശംസകൾ നേരുകയും വേണം.

## III. ബയോമൗണ്ടൻ ഫാർമേഴ്സ് കമ്പനി

കോവിഡ് കാലത്തിന്റെ നിയന്ത്രണങ്ങളാൽ ഏറ്റവും തളർച്ച നേരിട്ടത് ഈ ഉദ്യമത്തിനായിരുന്നു. ആളുകളെ കാണുവാനും വിളിച്ച് ചേർക്കുവാനും കഴിയാതിരുന്നതിനാൽ ഈ സംരംഭത്തിന് തുടക്കം കുറിക്കുവാൻ കഴിഞ്ഞില്ല. ഓരോ വ്യക്തിയും ഈ കൂട്ടായ്മയിൽ അംഗത്വമെടുക്കുമ്പോഴാണ് ഇതിന്റെ പ്രവർത്തനം സാധ്യമാകുന്നത്. ദൈവം ആഗ്രഹിക്കുന്നതും ജനത്തിന് ഉപകാരപ്രദവുമായ ഈ സ്വപ്നം നമുക്ക് നഷ്ടപ്പെടുത്തി കളയാനാവില്ല. ഈ മാസം മുതൽ ഈ കമ്പനി സാധ്യമാക്കുവാൻ ഒന്നുകൂടി തീവ്രമായി പരിശ്രമിക്കുവാൻ ഡയറക്ടർ ബോർഡ് തീരുമാനിച്ചിരിക്കുകയാണ്. വ്യക്തികളെ നേരിട്ട് കണ്ടും ഇടവകകളിൽ ഗ്രൂപ്പുകൾ രൂപീകരിച്ചും അടിസ്ഥാന പ്രവർത്തനം തുടങ്ങണം. രണ്ട് കാര്യങ്ങളാണ് അടിയന്തരമായി ചെയ്യേണ്ടത്.

1. 50000 രൂപയുടെ ഷെയർ എടുക്കുവാൻ കഴിയുന്ന ആയിരം പേരെ കണ്ടെത്തുക.
2. ഓരോ ഇടവകയിലും 20-25 പേർ ആയിരം രൂപ വെച്ച് പങ്കുവെച്ച് ബയോ മൗണ്ടൻ ഫാർമേഴ്സ് ഗ്രൂപ്പ് രൂപീകരിക്കുക.
   ഇതിന് ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെയും കുടുംബ കൂട്ടായ്മ ഭാരവാഹികളുടെയും ശക്തമായ പിന്തുണ അഭ്യർത്ഥിക്കുന്നു.

- കമ്പനി പ്രവർത്തനം ജനങ്ങളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി ഒക്ടോബർ മാസത്തിൽ കണ്ണൂരിൽ പുതിയ ഓഫീസും കാർഷിക ഉത്പന്നങ്ങളുടെ പ്രദർശനവും വിപണനവും ആരംഭിക്കുന്നതാണ്. വിശദ വിവരങ്ങൾ നേരിട്ട് അറിയിക്കുന്നതാണ്.

പ്രിയപ്പെട്ടവരേ,

ഇത് ജനങ്ങളെ ലക്ഷ്യമാക്കിയ വലിയ സ്വപ്നമാണ്. നന്മയുടെയും വികസനത്തിന്റെയും ഈ വലിയ സ്വപ്നത്തെ നാം നഷ്ടപ്പെടുത്തുവാൻ പാടില്ലല്ലോ. ഒത്തുചേർന്ന് പരിശ്രമിച്ചാൽ നമുക്ക് ഇതിനെ വിജയിപ്പിക്കാവുന്നതാണ്. ഈ തളർച്ചയെ നാം അതിജീവിക്കും, കാരണം ഇത് നമ്മുടെ നിലനില്പിന്റെ പോരാട്ടമാണ്.

എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു. ദൈവാനുഗ്രഹത്തിനായി പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. മാത്യു ആശാരിപറമ്പിൽ**
ഡയറക്ടർ

# ബൈബിൾ അപ്പൊസ്തൊലേറ്റ്
# &
# ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

## ആൽഫാ BTh, MTh ബിരുദദാന ചടങ്ങുകൾ

ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽ കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കി 2017, 2018 ബാച്ചുകളിലെ 730 വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങുകൾ 2021 ഒക്ടോബർ, നവംബർ മാസങ്ങളിലായി നടത്തുന്നു. കോവിഡ് പ്രോട്ടോകോൾ പാലിക്കുന്നതിന്റെ ഭാഗമായി, ഓരോ സെന്ററുകളിൽ വച്ചാണ് ഈ വർഷത്തെ അവാർഡ് ദാന ചടങ്ങുകൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. സെന്റർ കോർഡിനേറ്റർ ആവശ്യമായ ക്രമീകരണം ചെയ്യുമല്ലോ.

## ആൽഫാ ബിരുദാനന്തര കോഴ്സ് പ്രബന്ധാവതരണം

ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിലെ MTh സ്റ്റുഡൻസ് അവരുടെ തീസിസ് ഡിഫൻസും പ്രബന്ധാവതരണവും നടത്തേണ്ടതുണ്ട്. ഓൺലൈൻ (Zoom) വഴിയായിരിക്കും പരീക്ഷ നടത്തുന്നത്. അമേരിക്കയിൽനിന്നും രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ പരീക്ഷ ഒക്ടോബർ 1,2,4 തീയതികളിലും ബാക്കിയുള്ള വിദ്യാർത്ഥികൾക്ക് ഒക്ടോബർ 5,6,7,8 തീയതികളിലുമായാണ് പരീക്ഷ നടക്കുക. പരീക്ഷാസമയം 30 മിനിറ്റായിരിക്കും. താഴെപ്പറയുന്ന തീയ്യതികളിലാണ് പ്രബന്ധാവതരണം ക്രമീകരിച്ചിരിക്കുന്നത്:

I. മൂന്ന് പരീക്ഷകരുടെ മുൻപിൽ താങ്കളുടെ പ്രബന്ധത്തെക്കുറിച്ച് 8 മുതൽ 10 മിനിറ്റുകൾ താങ്കൾ അവതരിപ്പിക്കണം. ഈ അവതരണ പേപ്പറിൽ ഉൾക്കൊള്ളേണ്ടത്:

1. എന്തുകൊണ്ട് ഈ വിഷയം തിരഞ്ഞെടുത്തു
2. വിഷയത്തിന്റെ പ്രസക്തി
3. ഗവേഷണ മാർഗ്ഗങ്ങൾ
4. ഗവേഷണത്തിൽ കണ്ടെത്തിയ കാര്യങ്ങൾ
5. ഭാവി ഗവേഷണ സാദ്ധ്യതകൾ

II. തുടർന്ന് വിഷയത്തോടനുബന്ധിച്ച് പരീക്ഷകരുടെ ചോദ്യങ്ങൾക്ക് മറുപടി നൽകുക.

## ല്യൂമൻ എക്ലേസിയ

നമ്മുടെ അതിരൂപതയിലെ മതാദ്ധ്യാപകരുടെ തുടർപഠനം ലക്ഷ്യമിട്ട് ആരംഭിച്ചിരിക്കുന്ന ല്യൂമെൻ എക്ലേസിയ എന്ന ദൈവശാസ്ത്ര ബിരുദ കോഴ്സിന്റെ പുതിയ ബാച്ച് അഡ്മിഷൻ പൂർത്തിയായി ക്ലാസ്സുകൾ ആരംഭിച്ചു. 310 മതാദ്ധ്യാപകരാണ് പുതുതായി ചേർന്നിരിക്കുന്നത്. ഇതിന്

ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിനോടൊപ്പം സഹകരിച്ച് പ്രവർത്തിച്ച അതിരൂപതാ വിശ്വാസ പരിശീലന കേന്ദ്രം ഡയറക്ടർ ബഹു. ജേക്കബ് വെണ്ണായിപ്പിള്ളിൽ അച്ചനെയും, എല്ലാ വികാരിയച്ചന്മാരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

**1. ല്യൂമെൻ എക്ലേസിയ ക്ലാസ്സുകളുടെ ഒക്ടോബർ മാസത്തിലെ സമയ ക്രമീകരണം**

ഒക്ടോബർ 13 - Theological Focus on the Paschal Mysteries of Christ (09.00pm -10.30pm)

ഒക്ടോബർ 15 - എസ്രാ, നെഹെമിയാ (08.30pm-10.00pm)

ഒക്ടോബർ 22 - പരിശുദ്ധ ത്രിത്വം (08.30pm-10.00pm)

ഒക്ടോബർ 29 - ഗ്രീക്ക് ഭാഷാപഠനം (08.30pm-10.00pm)

**2. ഡിപ്ലോമ (മലയാളം)**

ഒക്ടോബർ 12 - യുഗാന്ത്യ ദൈവശാസ്ത്രം (10.00am-11.30am)

ഒക്ടോബർ 13 - വി. യോഹന്നാന്റെ സുവിശേഷം (03.00pm-04.30pm)

ഒക്ടോബർ 26 - ആരാധനാക്രമ ദൈവശാസ്ത്രം (10.00am-11.30am)

ഒക്ടോബർ 27 - സഭാവിജ്ഞാനീയം (03.00pm-04.30pm)

**3. ഡിപ്ലോമ (ഇംഗ്ലീഷ്)**

ഒക്ടോബർ 12 - Eschatology (03.00pm-04.30pm)

ഒക്ടോബർ 13 - St. John (10.00am-11.30am)

ഒക്ടോബർ 26 - Liturgy (03.00pm-04.30pm)

ഒക്ടോബർ 27 - Ecclessiology (10.00am-11.30am)

**4. എം.റ്റി.എച്ച് (മലയാളം)**

ഒക്ടോബർ 3 - വിശ്വാസം ദൈവശാസ്ത്ര വീക്ഷണത്തിൽ (09.00pm-10.30pm)

ഒക്ടോബർ 9 - കുടുംബധാർമ്മികത (09.00pm-10.30pm)

ഒക്ടോബർ 16 - പരിസ്ഥിതി ധാർമ്മികത (09.00pm-10.30pm)

ഒക്ടോബർ 23 - വി. കുർബ്ബാനയുടെ ദൈവശാസ്ത്രം (09.00pm-10.30pm)

**5. എം.റ്റി.എച്ച് (ഇംഗ്ലീഷ്)**

ഒക്ടോബർ 2 - St. John: Thematic Study (09.00pm-10.30pm)

ഒക്ടോബർ 10 - Paul as a Pastoral Theologian in Corinthian Correspondence (09.00pm-10.30pm)

ഒക്ടോബർ 17 - Theology of Eucharist (09.00pm-10.30pm)

## വെബിനാർ

ഹംഗറിയിലെ ബുധപെസ്റ്റിൽ നടന്ന 52-ാമത് അന്താരാഷ്ട്ര ദിവ്യകാരുണ്യ കോൺഗ്രസ്സിന്റെ ദർശനങ്ങളും പഠനങ്ങളും എല്ലാവരിലേക്കും എത്തിക്കുക എന്ന ലക്ഷ്യത്തോടെ പ്രത്യാശയുടെ കൂദാശ എന്ന പേരിൽ ഒക്ടോ

ബർ 2 ശനിയാഴ്ച വൈകിട്ട് 8.30-9.30 ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടും പ്രമുഖ കത്തോലിക്കാ ഓൺലൈൻ പത്രമായ C news live വും സംയുക്തമായി വെബിനാർ സംഘടിപ്പിക്കുന്നു. ദിവ്യകാരുണ്യ കോൺഗ്രസ്സിൽ കേരളസഭയെ പ്രതികരിച്ച് പ്രശംസനീയമായ രീതിയിൽ പേപ്പർ അവതരിപ്പിച്ച അഭി. മാർ ജോസഫ് പാംപ്ലാനി പിതാവ്, മുൻ സുപ്രീം കോടതി ജസ്റ്റിസ് ശ്രീ. കുര്യൻ ജോസഫ് എന്നിവർ സംസാരിക്കുന്നു. ബഹു. വൈദികർ, സിസ്റ്റേർസ്, മതാധ്യാപകർ, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിലെ ദൈവശാസ്ത്ര വിദ്യാർത്ഥികൾ എന്നിവരെ പ്രത്യേകമായി സ്വാഗതം ചെയ്യുന്നു. സൂം പ്ലാറ്റ്ഫോമിലാണ് വെബിനാർ നടത്തുന്നത്. **മീറ്റിംഗ് ഐ.ഡി 83281584504, പാസ് വേർഡ് - alpha.**

## ദി. ഡിഡാക്കെ

ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടും തലശ്ശേരി അതിരൂപതാ മീഡിയാ അപ്പസ്തോലേറ്റും സംയുക്തമായി വിശ്വാസജീവിതത്തിലെ തുടർപരിശീലനം ലക്ഷ്യമാക്കി ദി ഡിഡാക്കെ; സത്യവിശ്വാസത്തിന്റെ കാലിക പ്രബോധനം എന്ന പേരിൽ ഓൺലൈൻ പഠന പരമ്പര ആരംഭിക്കുന്നു. അതിരൂപതയുടെ യുട്യൂബ് ചാനലായ ടെൽമി ക്രിയേഷൻസിസൂടെ എല്ലാ ബുധനാഴ്ചകളിലും വൈകിട്ട് 7.30 നാണ് ഈ പ്രോഗ്രാം സംപ്രേക്ഷണം ചെയ്യുന്നത്. ലൗജിഹാദ് പോലെയുള്ള ഭീഷണികളും, സെക്യൂലറിസത്തിന്റെ കടന്നു കയറ്റവും രൂക്ഷമായ വിശ്വാസപ്രതിസന്ധിക്കും വിശ്വാസ ത്യാഗവും സൃഷ്ടിക്കുന്ന ഈ കാലഘട്ടത്തിന്റെ സത്യവിശ്വാസത്തിന്റെ തുടർപ്രബോധനം നിലനിൽപ്പിന്റെ അനിവാര്യതയായി മനസ്സിലാക്കി ബഹു. അജപാലകർ ഈ പ്രോഗ്രാമിൽ പങ്കെടുക്കാൻ ആളുകളെ പ്രോത്സാഹിപ്പിക്കുമല്ലോ. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവും ബഹു. ടോം ഓലിക്കരോട്ടച്ചനുമാണ് ഈ വിശ്വാസ തുടർപരിശീലന പരിപാടി നയിക്കുന്നത്.

## ബിബ്ലിയ ഫമീലിയ

തലശ്ശേരി അതിരൂപതാ, ബൈബിൾ അപ്പസ്റ്റൊലേറ്റിന്റെയും ഫാമിലി അപ്പസ്റ്റൊലേറ്റിന്റെയും ആഭിമുഖ്യത്തിൽ അതിരൂപതയിലെ കുടുംബങ്ങൾക്കുവേണ്ടി നടന്നുവരുന്ന ബിബ്ലിയാ ഫമീലിയാ എന്ന ശാസ്ത്രീയ ബൈബിൾ പഠന പദ്ധതി ഭംഗിയായി നടന്നുവരുന്നു. സെപ്റ്റംബർ മാസത്തിലെ പരീക്ഷ 26 ഞായറാഴ്ച ഗൂഗിൾ ഫോമിലൂടെ നടത്തുന്നു.

സ്നേഹപൂർവ്വം,

**ഫാ. ഫിലിപ്പ് കവിയിൽ**
ഡയറക്ടർ
ബൈബിൾ അപ്പൊസ്റ്റൊലേറ്റ്

**ഫാ. ടോം ഓലിക്കരോട്ട്**
എക്സിക്യൂട്ടീവ് ഡയറക്ടർ
ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

# ചെറുപുഷ്പ മിഷൻലീഗ്



സ്നേഹബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

പ്രേഷിതപ്രവർത്തനം, വ്യക്തിത്വവികസനം, ദൈവവിളി പ്രോത്സാഹനം എന്നീ ലക്ഷ്യങ്ങൾ കൈമുതലാക്കി പടർന്ന് പന്തലിച്ച് നിൽക്കുന്ന ഏഷ്യയിലെ ഏറ്റവും വലിയ അൽമായ പ്രേഷിതസംഘടനയായ ചെറുപുഷ്പ മിഷൻലീഗ് ഒക്ടോബർ 3-ാം തീയതി പ്ലാറ്റിനം ജൂബിലിയിലേക്ക് പ്രവേശിക്കുമ്പോൾ സ്വർഗ്ഗരാജ്യത്തിന്റെ വിലയേറിയ നിധി കണ്ടെത്തിയ അഖില ലോകമിഷൻ മദ്ധ്യസ്ഥയും സംഘടനയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥയുമായ വി. കൊച്ചുത്രേസ്യായെയും, സഹനത്തിന്റെ പുണ്യപുഷ്പങ്ങൾ കോർത്തിണക്കി വിശുദ്ധിയുടെ പടവുകൾ ചവിട്ടിക്കയറിയ വി. അൽഫോൻസാമ്മയെയും, അന്ധകാരാവൃതമായ ലോകത്തിൽ സത്യവിശ്വാസത്തിന്റെ മഹനീയസന്ദേശം പകർന്നുതന്ന വി. തോമാശ്ലീഹായെയും, എനിക്ക് ആത്മാക്കളെ തരിക; ശേഷമെല്ലാം അങ്ങ് എടുത്തുകൊള്ളുക എന്ന് ഉദ്ഘോഷിച്ച വി. ഫ്രാൻസീസ് സേവ്യറിനെയും, പ്രേഷിത പ്രഭാവത്തിന്റെ നാളങ്ങൾ ഭാരതത്തിന്റെ സിരകളിൽ ചാലിച്ചുചേർത്ത ബഹുമാനപ്പെട്ട ജോസഫ് മാലിപ്പറമ്പിൽ അച്ചനെയും, കുഞ്ഞേട്ടനെയും നന്ദിയോടെ നമുക്ക് അനുസ്മരിക്കാം. അതോടൊപ്പം ജപമാല മാസാചരണവും, വി. ഫ്രാൻസീസ് അസ്സീസിയുടെ തിരുനാളും, മിഷൻ ഞായറും സമുചിതമായി ആഘോഷിക്കാം. ലോകത്തിന്റെ വിവിധഭാഗങ്ങളിൽ വിശ്വാസത്തിനുവേണ്ടി പ്രവർത്തിക്കുന്ന മിഷനറിമാർക്ക് വേണ്ടിയും കോവിഡ്മൂലം ക്ലേശിക്കുന്നവർക്കുവേണ്ടിയും ഈ മാസം പ്രത്യേകം പ്രാർത്ഥിക്കാം.

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : കാവൽമാലാഖ |
| അനുസ്മരിക്കുന്ന വിശുദ്ധർ | : വി. കൊച്ചുത്രേസ്യാ, വി. ഫ്രാൻസീസ് അസ്സീസി, വി. അമ്മത്രേസ്യാ |
| പ്രാർത്ഥനാനിയോഗം | : അതിരൂപതാ സമിതികളുടെ നിയോഗങ്ങൾക്കുവേണ്ടി. |
| സുകൃതം | : 74 നന്മനിറഞ്ഞമറിയമേ. |
| സുകൃതജപം | : വി. കൊച്ചുത്രേസ്യായെ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ. |
| സങ്കീർത്തനപാരായണം | : സങ്കീ. 49 - 60 അദ്ധ്യായങ്ങൾ |
| സംഘടനയെ അറിയാം | : ചെറുപുഷ്പ മിഷൻലീഗ് ലക്ഷ്യം |

### 1. ശാഖകൾ ശ്രദ്ധിക്കാൻ

| | | |
|---|---|---|
| 1 വെള്ളി | : | വി. കൊച്ചുത്രേസ്യായുടെ തിരുനാൾ, മിഷൻമാസാരംഭം, ശാഖയിൽ പതാക ഉയർത്തുന്നു, അംഗത്വ നവീകരണം, അസാധാരണസമ്മേളനം, പൊതുദിവ്യകാരുണ്യ സ്വീകരണം. |
| 2 ശനി | : | കാവൽമാലാഖമാരുടെ തിരുനാൾ |
| 3 ഞായർ | : | മിഷൻലീഗ് പ്ലാറ്റിനം ജൂബിലി ഉദ്ഘാടനം, പതാകവന്ദനം |
| 4 തിങ്കൾ | : | വി. ഫ്രാൻസീസ് അസ്സീസിയുടെ തിരുനാൾ |
| 12 ചൊവ്വ | : | വി. അൽഫോൻസാമ്മയുടെ വിശുദ്ധപദവി ദിനാചരണം |
| 15 വെള്ളി | : | വി. അമ്മത്രേസ്യായുടെ തിരുനാൾ |
| 17 ഞായർ | : | മിഷൻ ഞായർ – അസാധാരണ സമ്മേളനം, പൊതു ദിവ്യകാരുണ്യസ്വീകരണം. |
| 31 ശനി | : | മിഷൻ മാസസമാപനം, മിഷൻഗ്രാമങ്ങൾക്ക് 5 മാസത്തെ സുകൃതങ്ങൾ, സാമ്പത്തിക സഹായങ്ങൾ എന്നിവ അയച്ചു കൊടുക്കുന്നു. |

**2. മേഖലകൾ ശ്രദ്ധിക്കാൻ**: എക്സിക്യൂട്ടീവ്, മിഷൻമാസാചരണ പദ്ധതികൾ, മിഷൻലീഗ് സ്ഥാപക ദിനം, പ്ലാറ്റിനം ജൂബിലി ഉദ്ഘാടനം.

### 3. മിഷൻമാസാചരണം – മിഷൻ ഞായർ

ഒക്ടോബർ 1 മുതൽ 31 വരെ മിഷൻമാസമായി ആചരിക്കുകയും ഓരോ ദിവസവും പ്രത്യേക നിയോഗങ്ങളോടെ മിഷൻ ഗ്രാമങ്ങൾക്കും മിഷൻ പ്രവർത്തനങ്ങൾക്കും മിഷനറിമാർക്കുവേണ്ടിയും പ്രാർത്ഥിക്കാൻ കുട്ടികളെ ഓർമ്മിപ്പിക്കുകയും ഒക്ടോബർ 17–ാം തീയതി മിഷൻ ഞായർ സാഹചര്യങ്ങൾക്കനുസരിച്ച് സമുചിതമായി ആഘോഷിക്കുകയും ചെയ്യുമല്ലോ. അതിരൂപതാതലം നെല്ലിക്കുറ്റി ശാഖയിൽ വച്ച് മിഷൻ ഞായർ ആചരിക്കുന്നതായിരിക്കും. കൂടാതെ സാധിക്കുമെങ്കിൽ കുട്ടികളിൽ മിഷൻ ചൈതന്യവും പ്രേഷിതതീക്ഷ്ണതയും ഉജ്ജ്വലിക്കത്തക്കവിധം വി. കുർബ്ബാനയ്ക്ക് ശേഷം വി. കൊച്ചുത്രേസ്യായുടെ രൂപത്തിനുമുമ്പിൽ അനുദിനപ്രാർത്ഥന, മിഷൻ ഗ്രാമത്തിനുവേണ്ടി പ്രാർത്ഥന, പ്രാർത്ഥിക്കാൻ ലഭിച്ച മിഷൻ ഗ്രാമവുമായി സൗഹൃദബന്ധം തുടങ്ങിയവ നടത്തുകയും ചെയ്യുമല്ലോ. അതോടൊപ്പം **"ജൂബിലി നിറവിൽ മുന്നേറാം പ്രേഷിതരായ്"**എന്ന ഈ വർഷത്തെ മിഷൻ ലീഗിന്റെ ആപ്തവാക്യത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പരിപാടികൾ ശാഖാ – മേഖലാ തലത്തിലും വ്യക്തിപരമായും നടത്തുവാൻ വേണ്ട കർമ്മപദ്ധതികൾ നടപ്പാക്കുമല്ലോ.

### 4. പ്ലാറ്റിനം ജൂബിലി നിറവിൽ

1947 ഒക്ടോബർ 3 ന് ബഹുമാനപ്പെട്ട മാലിപ്പറമ്പിൽ അച്ചന്റെയും, കുഞ്ഞേട്ടന്റെയും കൂട്ടായ്മയിൽ വി. അൽഫോൻസാമ്മയുടെ ശക്തമായ പ്രേരണയാൽ ഉദ്ഘാടനം ചെയ്യപ്പെട്ട സംഘടന ഇന്ന് വളർന്ന് പന്തലിച്ച്

പ്ലാറ്റിനം ജൂബിലിയുടെ നിറവിൽ എത്തിനിൽക്കുമ്പോൾ സംഘടനയെ വളർത്തി വലുതാക്കിയ എല്ലാ പ്രേഷിതരെയും നന്ദിയോടെ ഓർക്കുന്നു. ഒക്ടോബർ 3-ാം തിയതി ഞായറാഴ്ച അഭിവന്ദ്യ മാർ ലോറൻസ് മുക്കുഴി, മാർ ജോർജ്ജ് ഞറളക്കാട്ട്, മാർ ജോസഫ് പാംപ്ലാനി, മാർ ജോർജ്ജ് വലിയമറ്റം, മാർ ജേക്കബ്ബ് മുരിക്കൻ എന്നീ പിതാക്കൻമാരുടെ മഹനീയ സാന്നിധ്യത്തിൽ ദേശീയ തലത്തിൽ നമ്മുടെ അതിരൂപതയുടെ പാസ്റ്ററൽ സെന്ററായ സന്ദേശഭവനിൽ വച്ച് ഉദ്ഘാടനം ചെയ്യപ്പെടുന്നു എന്നുള്ള കാര്യം സന്തോഷത്തോടെ അറിയിക്കട്ടെ. ജൂബിലിവർഷ ഉദ്ഘാടനത്തോടനുബന്ധിച്ച് മേഖലാതലത്തിലും ശാഖാതലത്തിലും ചെയ്യേണ്ട ഏതാനും കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

**A. മേഖലാ തലത്തിൽ :** സെപ്റ്റംബർ 28-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണിക്ക് തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന ദേവാലയത്തിൽവച്ച് അതിരൂപതയുടെ നേതൃത്വത്തിൽ എല്ലാ മേഖലാ പ്രസിഡന്റുമാർക്കും ജൂബിലി തിരിയും, ദേവാലയത്തിൽ സ്ഥാപിക്കേണ്ട ജൂബിലി ബോർഡും, ജൂബിലി വർഷ പ്രാർത്ഥനയും നൽകുന്നതായിരിക്കും.

മേഖലാതലത്തിൽ ശാഖാ പ്രസിഡന്റുമാരെ വിളിച്ച് ചേർത്ത് ശാഖകളിലേയ്ക്ക് ജൂബിലിതിരിയും, അതിരൂപത നൽകുന്ന ജൂബിലി ബോർഡും, പ്രാർത്ഥന കാർഡും നൽകുകയോ, മേഖല സമിതിയുടെ നേതൃത്വത്തിൽ ഇവയെല്ലാം ശാഖകളിൽ നേരിട്ട് എത്തിച്ച് നൽകുകയും ചെയ്യുക.

**B. ശാഖാ തലത്തിൽ :** സെപ്റ്റംബർ അവസാനത്തോടെ മേഖലാ പ്രസിഡന്റുമാരുടെ നേതൃത്വത്തിൽ ജൂബിലി തിരിയും, ദേവാലയത്തിൽ സ്ഥാപിക്കേണ്ട ജൂബിലി ബോർഡും, ജൂബിലി വർഷ പ്രാർത്ഥനയും ശാഖകളിൽ എത്തിക്കുക.

ശാഖകൾ ഒക്ടോബർ 3-ാം തിയതി ഞായറാഴ്ച വി. കുർബാനയ്ക്ക് മുമ്പ് ജൂബിലി തിരികത്തിക്കുകയും ദേവാലയത്തിൽ പ്രതിഷ്ഠിക്കുകയും, ജൂബിലി ഗാനം ആലപിക്കുകയും, ജൂബിലി മുദ്രാവാക്യം, പ്രാർത്ഥന തുടങ്ങിയവ നടത്തി ആഘോഷമാക്കുക. കുട്ടികൾക്ക് വീടുകളിൽ ജൂബിലി പ്രാർത്ഥന എല്ലാദിവസവും ചൊല്ലുവാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുക.

ഒക്ടോബർമാസം മുതൽ ജൂബിലി വർഷത്തോടനുബന്ധിച്ച് അതിരൂപതയിൽ നടത്തുന്ന പ്രോഗ്രാമുകൾ നിങ്ങളെ അറിയിക്കുന്നതായിരിക്കും. ശാഖകളിലും - മേഖലകളിലും വ്യത്യസ്തമായ രീതിയിൽ പ്രോഗ്രാമുകൾ പ്ലാൻചെയ്ത് നടപ്പിലാക്കുമല്ലോ.

### 5. കൈയ്യെഴുത്ത് മാസിക

ശാഖകളിൽ കൈയ്യെഴുത്ത് മാസിക നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുകാണുമെന്ന് കരുതുന്നു. ഈ വർഷത്തെ പഠനവിഷയമായ **"ജൂബിലി**

**നിറവിൽ മുന്നേറാം പ്രേഷിതരായ് "** എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള രചനകൾ നിർബന്ധമായും മാസികയിൽ ഉണ്ടായിരിക്കണം. കൈയ്യെഴുത്ത് മാസിക ഓഫീസിൽ ലഭിക്കേണ്ട അവസാന തിയതി ജനുവരി 26 ആയിരിക്കും. (കൈയ്യെഴുത്ത് മാസിക നിർമ്മാണത്തെക്കുറിച്ചുള്ള നിബന്ധനകൾ മാർഗ്ഗരേഖയിലും വാട്സ് ആപ്പിലും നൽകുന്നതായിരിക്കും)

## 6. ഉപന്യാസം

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപത സുവർണ്ണ ജൂബിലി സ്മാരക അവാർഡിനായി അതിരൂപതാ തലത്തിൽ 18 വയസ്സിൽ താഴെ പ്രായമുള്ള മിഷൻലീഗ് അംഗങ്ങൾക്കായി ഉപന്യാസ മത്സരം നടത്തുന്നു.

**നിബന്ധനകൾ**

- **വിഷയം : "ജൂബിലി നിറവിൽ മുന്നേറാം പ്രേഷിതരായ്"**
- 10 പേജിൽ കവിയരുത്, ഒരു പേജിൽ പരമാവധി 19 വരികൾ.
- വികാരിയച്ചന്റെ കത്തും അംഗത്വകാർഡിന്റെ കോപ്പിയും രചനയോടൊപ്പം ഉണ്ടായിരിക്കണം.
- ഒരു ഇടവകയിൽ നിന്നും ഒന്നിൽ കൂടുതൽ പേർക്ക് പങ്കെടുക്കാം.
- ഒന്നാം സമ്മാനം 2000 രൂപ, രണ്ടാം സമ്മാനം 1000 രൂപ, മൂന്നാം സമ്മാനം 500 രൂപ.
- രചനകൾ നവംബർ 30 ന് മുമ്പായി ഓഫീസിൽ ലഭിക്കേണ്ടതാണ്.

## 7. ആൽബം

**"ജൂബിലി നിറവിൽ മുന്നേറാം പ്രേഷിതരായ് "** എന്ന വിഷയത്തെ ആസ്പദമാക്കി ശാഖകളിൽനിന്ന് മേഖലയിൽ എത്തിക്കുന്ന ആൽബങ്ങളിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന ആൽബം നവംബർ 30ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കണമെന്നകാര്യം ഓർമ്മിപ്പിക്കട്ടെ. ആൽബ നിർമ്മാണത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് സെപ്റ്റംബർ മാസത്തെ ഗിരിദീപം പേജ് 32 കാണുക.

## 8. എം. റ്റി. സി.

എം റ്റി സി കുട്ടികൾക്കുവേണ്ടിയുള്ള പുസ്തകങ്ങൾ ഈ മാസം തന്നെ മേഖലകളിൽ എത്തിക്കുകയും; മേഖലകളുടെ നേതൃത്വത്തിൽ എല്ലാ ശാഖകളിലും നൽകുന്നതും ആയിരിക്കും. ഒരു ശാഖയിൽ നിന്നും 10 കുട്ടികളെയാണ് തിരഞ്ഞെടുക്കേണ്ടത്. കുട്ടികൾക്ക് പഠന വിഷയമനുസരിച്ചുള്ള ക്ലാസ്സുകൾ, സെമിനാറുകൾ കൊടുക്കുവാൻ മേഖലകൾ ശ്രദ്ധിക്കുമല്ലോ.

## 9. വി. കൊച്ചുത്രേസ്യായുടെ തിരുനാളും – അംഗത്വ നവീകരണവും

വി. കൊച്ചുത്രേസ്യായുടെ തിരുനാളിനോടനുബന്ധിച്ച് ഒക്ടോബർ 1 നോ അതിനടുത്തുവരുന്ന ഞായറാഴ്ചയോ എല്ലാ ശാഖകളിലും അംഗത്വ നവീകരണം നടത്തുമല്ലോ. അതിരൂപതാതല അംഗത്വനവീകരണവും വി.

കൊച്ചുത്രേസ്യായുടെ തിരുനാളാഘോഷവും കടുമേനി ശാഖയിൽവച്ച് നട ത്തപ്പെടുന്നതാണ്.

### 10. അതിരൂപതാ വിഹിതങ്ങൾ

ഈ വർഷത്തെ വാർഷിക വിഹിതവും (500 രൂപ) അംഗത്വ ഫീസും (അഞ്ചാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള എല്ലാ അംഗങ്ങൾക്കും 5 രൂപ വീതം) അടയ്ക്കാനുള്ളവരും കഴിഞ്ഞവർഷത്തെ കുടിശ്ശിക അട യ്ക്കാനുള്ളവരും എത്രയും പെട്ടന്ന് അടച്ച് സഹകരിക്കുമല്ലോ.

### 11. ക്ലിക്ക് ഷോട്ട്: ഷോർട്ട് ഫിലീം

5-ാംക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായി നടത്തുന്ന ക്ലിക്ക് ഷോട്ട്: ഷോർട്ട് ഫിലീം മത്സരത്തിൽ പങ്കെടുക്കുന്നവർ അതിന്റെ സി.ഡി, പെൻഡ്രൈവ് നവംബർ 30ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തി ക്കുമല്ലോ.(കൂടുതൽ വിവരങ്ങൾക്ക് ഓഗസ്റ്റ് മാസത്തെ ഗിരിദീപം പേജ് 49 കാണുക)

### 12. പൂമ്പാറ്റ ആംഗ്യപ്പാട്ട്

5-ാംക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായി നടത്തുന്ന പൂമ്പാറ്റ ആംഗ്യപ്പാട്ട് മത്സരത്തിൽ പങ്കെടുക്കുന്നവർ അതിന്റെ സി.ഡി, പെൻഡ്രൈവ് നവംബർ 30ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കുമ ല്ലോ (കൂടുതൽ വിവരങ്ങൾക്ക് ഓഗസ്റ്റ് മാസത്തെ ഗിരിദീപം പേജ് 49 കാണുക).

### 13. അതിരൂപതാ സാഹിത്യമത്സരം

നവംബർ അവസാനത്തോടുകൂടി അതിരൂപതാ സാഹിത്യമത്സരം നട ത്തപ്പെടുന്നു. സബ്ജൂണിയർ, ജൂണിയർ, സീനിയർ, സൂപ്പർസീനിയർ എന്നീ വിഭാഗത്തിലായിരിക്കും മത്സരം നടത്തപ്പെടുക. **മത്സര ഇനങ്ങൾ:** കഥ, കവിത, ഉപന്യാസം, ചിത്രരചന എന്നിവയായിരിക്കും. മേഖലകളിൽ മത്സരം നടത്തി ഒന്നാം സ്ഥാനം ലഭിക്കുന്നവരുടെ പേരുകൾ നവംബർ 15 ന് അതി രൂപതയിൽ അറിയിക്കേണ്ടതാണ്. മത്സരത്തെക്കുറിച്ചുള്ള കൂടുതൽ വിവര ങ്ങൾ ഉടൻതന്നെ നിങ്ങളെ അറിയിക്കുന്നതായിരിക്കും.

**പ്രായപരിധി:**

| | | |
|---|---|---|
| **1. സബ്ജൂണിയർ** | **: 2009 ജനുവരി 1** | **- നോ ശേഷമോ ജനിച്ചവർ** |
| **2. ജൂണിയർ** | **: 2006 ജനുവരി 1** | **- 2008 ഡിസംബർ 31** |
| **3. സീനിയർ** | **: 2002 ജനുവരി 1** | **- 2005 ഡിസംബർ 31** |
| **4. സൂപ്പർ സീനിയർ** | **: 2002 ജനുവരി 1** | **- ന് മുമ്പ് ജനിച്ചവർ** |

### 14. മദർതെരേസ അനുസ്മരണം

വി. മദർതെരേസയുടെ തിരുനാളിനോടനുബന്ധിച്ച് അതിരൂപതയും വെള്ളരിക്കുണ്ട് മേഖലയും സംയുക്തമായി അട്ടക്കണ്ടം ശാഖയിലുള്ള അംബ്രോസ്സദൻ സന്ദർശിക്കുകയും അവരുമായി സൗഹൃദ സംഭാഷണം

നടത്തുകയും ഒരു നേരത്തെ ഭക്ഷണം നൽകുകയും ചെയ്തു. അഗതിമന്ദിര സന്ദർശനം നടത്താൻ വേണ്ട ക്രമീകരണങ്ങൾ നടത്തിയ അതിരൂപത ഭാരവാഹികളെയും, വെള്ളരിക്കുണ്ട് മേഖലാ ഡയറക്ടർ ബഹുമാനപ്പെട്ട ജോസഫ് കളപ്പുരയ്ക്കൽ അച്ചനെയും, ഭാരവാഹികളെയും അട്ടക്കണ്ടം ഇടവകാംഗങ്ങളെയും സിസ്റ്റേഴ്സിനെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

## 15. അധ്യാപകദിനം

അധ്യാപക ദിനത്തോടനുബന്ധിച്ച് പാലത്തിൻകടവ് സ്കൂളിലെ അധ്യാപകരെ ആദരിച്ചു. പ്രസ്തുത സമ്മേളനം അതിരൂപത ഡയറക്ടർ ജോസഫ് വടക്കേപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. അധ്യാപക ദിനാഘോഷങ്ങൾക്ക് നേതൃത്വം കൊടുത്ത പാലത്തിൻകടവ് ശാഖ ഡയറക്ടർ ബഹുമാനപ്പെട്ട തോമസ് പന്തലാനിക്കൽ അച്ചനും ഭാരവാഹികൾക്കും പാലത്തിൻകടവ് സ്കൂളിലെ അധ്യാപകർക്കും ഹൃദയംഗമമായ നന്ദി.

## 16. പുതിയ മേഖലാ സാരഥികൾ

2021-2023 വർഷത്തേയ്ക്ക് കുന്നോത്ത്, തോമാപുരം, ചെറുപുഴ, പൈസക്കരി, വെള്ളരിക്കുണ്ട്, പേരാവൂർ, ചെമ്പന്തൊട്ടി, പനത്തടി, ആലക്കോട്, കാഞ്ഞങ്ങാട് മേഖലകളെ നയിക്കുവാൻ തിരഞ്ഞെടുക്കപ്പെട്ട എല്ലാ ഭാരവാഹികൾക്കും അതിരൂപതാ കുടുംബത്തിലേയ്ക്ക് ഹൃദ്യമായ സ്വാഗതം. അതോടൊപ്പം കഴിഞ്ഞ രണ്ട് വർഷക്കാലം മേഖലയെ കർമ്മധീരതയോടെ നയിച്ച എല്ലാ എക്സിക്യൂട്ടീവ് അംഗങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി.

## 17. മേഖലാ ഡയറക്ടേഴ്സ് വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ്

മേഖലാതല പ്രവർത്തനങ്ങൾ വിലയിരുത്തുവാനും 2021-2022 വർഷത്തെ പ്രധാന പ്രവർത്തനങ്ങളെക്കുറിച്ച് ചിന്തിക്കുവാനുമായി സെപ്റ്റംബർ 10-ാം തീയതി വെള്ളിയാഴ്ച Zoom വഴി മീറ്റിംഗ് കൂടി. അതിരൂപതാ പ്രസിഡന്റ് ശ്രീ സുനിൽ കല്ലിടുക്കിൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ അതിരൂപതാ ഡയറക്ടർ ഫാ ജോസഫ് വടക്കേപ്പറമ്പിൽ സ്വാഗതവും, അതിരൂപതാ വൈസ് ഡയറക്ടർ സി. റോഷ്നി എഫ്.സി.സി. നന്ദിയും അറിയിച്ചു. മേഖലാ പ്രവർത്തനങ്ങൾ വിലയിരുത്തി സംസാരിക്കുകയും മീറ്റിംഗിൽ പങ്കെടുക്കുകയും ചെയ്ത എല്ലാ ഡയറക്ടർ അച്ചൻമാർക്കും, വൈസ് ഡയറക്ടേഴ്സ് സിസ്റ്റേഴ്സിനും നേതൃത്വം നൽകിയ അതിരൂപതാ ഭാരവാഹികൾക്കും പ്രത്യേകം നന്ദി.

## 18. അൽഫോൻസാ ക്വിസ്സ് - വിജയികൾ

ആഗസ്റ്റ് 29-ാം തീയതി ഞായറാഴ്ച ഗൂഗിൾ ഫോം വഴി അൽഫോൻസാ ക്വിസ്സ് മത്സരം നടത്തപ്പെട്ടു. 16 മേഖലകളിൽ നിന്നും കുട്ടികൾ പങ്കെടുത്തു. ആലക്കോട്, ചെറുപുഴ, പേരാവൂർ എന്നീ മേഖലകൾ യഥാക്രമം ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. മത്സരത്തിൽ പങ്കെടുത്ത കൊച്ചുകൂട്ടുകാർക്ക് പ്രത്യേകം അഭിനന്ദനങ്ങൾ.... വിജയികൾക്ക്

തെക്കേകണ്ടത്തിൽ കുരുവിള - അന്നമ്മ മെമ്മോറിയൽ എവർറോളിംഗ് ട്രോഫിയും ക്യാഷ് അവാർഡും പിന്നീട് നൽകുന്നതായിരിക്കും.

## 19. സംസ്ഥാനതല വെബിനാർ

സംസ്ഥാനതലത്തിൽ 12-09-2021 ന് ഫാ ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണത്തോടനുബന്ധിച്ച് നടന്ന വെബിനാറിൽ അതിരൂപതയിൽ നിന്നും ഭാരവാഹികളും, മേഖലാ പ്രസിഡന്റുമാരും പങ്കെടുത്തു. പങ്കെടുത്ത എല്ലാവർക്കും അഭിനന്ദനങ്ങൾ.

## 20. ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണം

12-09-2021 ഞായറാഴ്ച മണ്ഡപം ശാഖയിൽ വച്ച് അതിരൂപതാതല ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണം നടത്തി. ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണത്തിന് വേണ്ട ക്രമീകരണങ്ങൾ നടത്തിയ മണ്ഡപം ശാഖാ ഡയറക്ടറും തോമാപുരം മേഖല ഡയറക്ടറുമായ തോമസ് കീഴാരത്തിൽ അച്ചനും എക്സിക്യൂട്ടീവ് അംഗങ്ങൾക്കും മതാധ്യാപകർക്കും അതിരൂപത കുടുംബത്തിന്റെ നന്ദി.

## 21. സംസ്ഥാനതല ഡയറക്ടേഴ്സ് വൈസ്ഡയറക്ടേഴ്സ് മീറ്റിംഗ്

സംസ്ഥാനതലത്തിൽ 31 - 08 - 2021 ന് നടന്ന ഡയറക്ടേഴ്സ് വൈസ്ഡയറക്ടേഴ്സ് മീറ്റിംഗിൽ ഡയറക്ടറും വൈസ്ഡയറക്ടറും പങ്കെടുത്തു.

## 22. ഹൃദ്യമായ സ്വാഗതം

തോമാപുരം മേഖലാ വൈസ് ഡയറക്ടറായി തിരഞ്ഞെടുക്കപ്പെട്ട ആൻസി ടോം സിസ്റ്ററിന് ചെറുപുഷ്പ മിഷൻലീഗ് കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

## 23. മിഷൻ പച്ചക്കറിത്തോട്ടം

പച്ചക്കറിത്തോട്ടമത്സരത്തിൽ പങ്കെടുക്കാൻ രജിസ്റ്റർ ചെയ്തിരിക്കുന്ന ശാഖകളുടെ പേരുകൾ ചുവടെ ചേർക്കുന്നു. രജിസ്റ്റർ ചെയ്യാത്ത ശാഖകളെ മത്സരത്തിന് പരിഗണിക്കുന്നതല്ല. 20.09.2021 വരെ രജിസ്റ്റർ ചെയ്തിരിക്കുന്ന ശാഖകൾ: പരിയാരം, അരിവിളഞ്ഞപോയിൽ, ഒറ്റത്തൈ, വായാട്ടുപറമ്പ്, ഉമ്മർപൊയിൽ, ജോസ്ഗിരി, പാലാവയൽ, കാവുംന്തല, തയ്യേനി, പാലത്തിൻകടവ്, കണിച്ചാർ, ചെട്ടിയാപറമ്പ്, മാട്ടറ, വിളമന, വെമ്പുവ, ചെമ്പേരി, ചേപ്പറമ്പ്, ബളാൽ, വെള്ളരിക്കുണ്ട്, ബിരിക്കുളം, പടന്നക്കാട്, ചായ്യോത്ത്, കാലിച്ചാനടുക്കം, പൊയ്നാച്ചി, തടിക്കടവ്, മണിപ്പാറ, പേരാവൂർ, മണ്ഡപം, കമ്പല്ലൂർ, തോമാപുരം, ചട്ടമല, നാട്ടക്കൽ, രണ്ടാംകടവ്, കോഴിച്ചാൽ, ചെറുപുഴ.

## 24. പ്രതിഷേധം

10.09.21ന് സാമൂഹികതിന്മകളായ ലവ്ജിഹാദിനും, നർക്കോട്ടിക്ക് ജിഹാദിനുമെതിരെ ശക്തമായ നിലപാട് സ്വീകരിച്ച പാലാരൂപതാ ബിഷപ്പ് മാർ

ജോസഫ് കല്ലറങ്ങാട്ട് പിതാവിനെതിരെ ശബ്ദമുയർത്തിയ വർഗ്ഗീയ തീവ്ര വാദികൾക്കെതിരെ അതിരൂപതയുടെ നേതൃത്വത്തിൽ എല്ലാ മേഖലകളിലും ശാഖകളിലും പ്രതിഷേധം നടത്തിക്കൊണ്ട് പിതാവിന് പിന്തുണ പ്രഖ്യാപിച്ചു.

## 25. ഗവേണിംഗ്ബോഡി

24.08.21 ന് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ മഹനീയ സാന്നിധ്യത്തിൽ ബിഷപ്പ് ഹൗസിൽ വെച്ച് ഗവേണിംഗ്ബോഡി മീറ്റിംഗ് കൂടി. അതിരൂപതാ പ്രസിഡന്റ് ശ്രീ. സുനിൽ കല്ലിടുക്കിലിന്റെ അധ്യക്ഷതയിൽ ചേർന്ന മീറ്റിംഗിൽ അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ സ്വാഗതവും സംസ്ഥാന പ്രസിഡന്റ് ശ്രീ. ബേബി പ്ലാശ്ശേരി നന്ദിയും പറഞ്ഞു. മീറ്റിംഗിൽ മിഷൻലീഗ്, തിരുബാലസഖ്യം സംഘടനകളുടെ 4 മാസത്തെ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. മീറ്റിംഗിൽ പങ്കെടുത്ത അതിരൂപതാ ജുഡീഷ്യൽ വികാർ റവ. ഡോ. ജോൺസൺ കോവൂർപുത്തൻപുര അച്ചനും ഗവേണിംഗ് ബോഡി അംഗങ്ങൾക്കും നന്ദി.

## 26. അഭിനന്ദനങ്ങൾ

19.08.21 ന് നടന്ന സംസ്ഥാന ഇലക്ഷനിൽ സംസ്ഥാനപ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ബേബി പ്ലാശ്ശേരി സാറിനും, ഓഡിറ്ററായി തിരഞ്ഞെടുക്കപ്പെട്ട ഷിജോ സ്രായിൽ സാറിനും അതിരൂപതാകുടുംബത്തിന്റെ അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും...

## 27. സെമിനാറുകൾ, ക്ലാസ്സുകൾ

- 05.09.2021 ന് പാലത്തിൻകടവ് ശാഖയിൽ വെച്ച് നടന്ന അംഗത്വസ്വീകരണവും, മിഷൻ പച്ചക്കറിത്തോട്ട ഉദ്ഘാടനവും ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ നിർവ്വഹിച്ചു.
- 12.09.2021 ന് മേലെചൊവ്വ ശാഖയിൽ വൈസ്ഡയറക്ടർ സി. റോഷ്നി എഫ് സി സി ക്ലാസ്സ് എടുത്തു.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
ഡയറക്ടർ

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥം പ്രത്യേകം യാചിക്കേണ്ട മാസമാണല്ലോ ഈ മാസം. അമ്മയുടെ സംരക്ഷണവും അനുഗ്രഹവും ലഭിക്കുവാനായി കൂടുതൽ ജപമാലകൾ ചൊല്ലി പ്രാർത്ഥിക്കുവാൻ കൊച്ചുകൂട്ടുകാരെല്ലാവരും ശ്രദ്ധിക്കുമല്ലോ.

| | | |
|---|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : | കാവൽമാലാഖ |
| അനുസ്മരിക്കുന്ന വിശുദ്ധർ | : | വി. കൊച്ചുത്രേസ്യാ, വി. ഫ്രാൻസീസ് അസ്സീസി, വി. അമ്മത്രേസ്യാ |
| പ്രാർത്ഥനാനിയോഗം | : | എല്ലാ മാതാപിതാക്കൾക്കും വേണ്ടി |
| സുകൃതജപം | : | എന്റെ അമ്മേ എന്റെ ആശ്രയമേ |
| വചനം | : | മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റുപറയുന്ന ഏതൊരുവനേയും ദൈവത്തിന്റെ ദൂതൻമാരുടെ മുമ്പിൽ മനുഷ്യപുത്രനും ഏറ്റുപറയും (വി. ലൂക്കാ 12:8) |
| *പ്രവൃത്തി* | : | 10 ദിവസത്തെ വി. കുർബാനയിലും കൊന്തനമസ്ക്കാരത്തിലും കുട്ടികളെ പങ്കെടുപ്പിക്കുക; ജപമാലചൊല്ലാൻ കുട്ടികളെ പഠിപ്പിക്കുക. |
| മനപാഠമാക്കുക | : | സന്തോഷത്തിന്റെ രഹസ്യം പഠിപ്പിക്കുക. |
| എയ്ഞ്ചൽസ് വോയ്സ് | : | ബൈബിൾ കഥാപാത്ര ദൃശ്യാവിഷ്ക്കരണം (അതിരൂപതാതലം) |

## 1. ശാഖകൾ ശ്രദ്ധിക്കാൻ

1 വെള്ളി : വി. കൊച്ചുത്രേസ്യായുടെ തിരുനാൾ,

2 ശനി : കാവൽമാലാഖമാരുടെ തിരുനാൾ

4 തിങ്കൾ : വി. ഫ്രാൻസീസ് അസ്സീസിയുടെ തിരുനാൾ

12 ചൊവ്വ : വി. അൽഫോൻസാമ്മയുടെ വിശുദ്ധപദവി ദിനാചരണം

15 വെള്ളി : വി. അമ്മത്രേസ്യായുടെ തിരുനാൾ

17 ഞായർ : മിഷൻ ഞായർ

31 ശനി : ജപമാലമാസ സമാപനം

**2. മരിയഗീതം : അതിരൂപതാതല വിജയികൾ**

| | | |
|---|---|---|
| Ist | എവിലിൻ മണിയംമാക്കൽ | - വെള്ളരിക്കുണ്ട് |
| IInd | ആഷി പതാലിപ്ലാവിൽ | - കാർത്തികപുരം |
| IIIrd | അക്വീനാസ് മഴുവഞ്ചേരി | - ചെമ്പന്തൊട്ടി |

**3. മദർതെരേസ ഫ്രാൻസിഡ്രസ്സ് : അതിരൂപതാതല വിജയികൾ**

| | | |
|---|---|---|
| Ist | ആൻതെരേസ വെള്ളാപ്പള്ളി | - വെള്ളാട് |
| IInd | എയ്ഞ്ചൽ ആക്കാട്ട് | - ഉമ്മർപൊയിൽ |
| IIIrd | ആൻതെരേസ തെന്നടിയിൽ | - അട്ടേങ്ങാനം |

**4. ബൈബിൾ കഥാപാത്ര ദൃശ്യാവിഷ്ക്കരണ മത്സരം (അതിരൂപതാതലം)**

തിരുബാലസഖ്യം കുട്ടികൾക്കായി അതിരൂപതാതലത്തിൽ ബൈബിൾകഥാപാത്രഅനുകരണമത്സരം നടത്തപ്പെടുന്നു.

**നിബന്ധനകൾ**

1. ബൈബിൾ കഥാപാത്ര സംഭവങ്ങളുടെ പുനരാവിഷ്ക്കരണമായിരിക്കണം.
2. പഴയനിയമത്തിലെ അല്ലെങ്കിൽ പുതിയ നിയമത്തിലെ ഏതെങ്കിലും ഒരു കഥാപാത്രത്തെ എടുക്കാവുന്നതാണ്.(ഉദാ: അന്ധനായ യാചകൻ, കായേൻ, ദാവീദ്, സക്കേവൂസ് തുടങ്ങിയ ഇഷ്ടമുള്ള കഥാപാത്രത്തെ അനുകരിക്കാം)
3. അഭിനയിക്കുന്ന വീഡിയോ എടുത്ത് holychildhoodtly01@gmail.com എന്ന emil അക്കൗണ്ടിലേയ്ക്ക് അയയ്ക്കുക. എഡിറ്റിംഗ്, മിക്സിംഗ് തുടങ്ങിയവ അനുവദനീയമല്ല.
4. ആൺ പെൺ വ്യത്യാസം ഇല്ല
5. അയക്കേണ്ട അവസാന ദിവസം ഒക്ടോബർ 20.
6. അയയ്ക്കുമ്പോൾ പേര്, വീട്ടുപേര്, ഇടവക, അംഗത്വ നമ്പർ എന്നിവ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം. രേഖപ്പെടുത്താതെ അയക്കുന്നത് മത്സരത്തിൽ പരിഗണിക്കുന്നതല്ല.
7. സമയം : 3 മിനുട്ടിൽ കൂടരുത്.
8. മത്സരത്തിൽ പങ്കെടുക്കുന്ന കുട്ടിക്ക് അംഗത്വകാർഡ് നിർബന്ധമാണ്.
9. ഒരു ശാഖയിൽ നിന്നും ഒരുകുട്ടിക്ക് മാത്രമേ മത്സരത്തിൽ പങ്കെടുക്കാൻ അവസരം ഉണ്ടായിരിക്കുകയുള്ളൂ.

NB: മത്സരത്തെ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉള്ളവർ അതിരൂപതാ ഓഫീസുമായി ബന്ധപ്പെടുമല്ലോ.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
ഡയറക്ടർ

# യുവജനശുശ്രൂഷ

> എന്റെ പ്രിയപ്പെട്ട യുവജനങ്ങളെ, നിങ്ങളും നിങ്ങളുടെ ജീവിതമാകുന്ന പൊന്ന് കർത്താവിന് സമർപ്പിക്കുവിൻ. അവിടുത്തെ ആഹ്വാനത്തോട് വിശ്വസ്ഥതാപൂർവ്വം പ്രത്യുത്തരിച്ചുകൊണ്ട് സ്നേഹം മൂലം അവിടുത്തെ അനുഗമിക്കാനുള്ള സ്വാതന്ത്രമാണ് നിങ്ങൾ സമർപ്പിക്കേണ്ട പൊന്ന് (വി. ജോൺ പോൾ രണ്ടാമൻ പാപ്പ)

പ്രിയപ്പെട്ട വികാരിയച്ചാ, ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, യുവജനസുഹൃത്തുക്കളെ,

ജപമാല മാസത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യം നമുക്ക് തേടാം. ലോകം മുഴുവനെയും നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം. ഒക്ടോബർ 1 അഖില ലോക മിഷൻ മദ്ധ്യസ്ഥയായ വി. കൊച്ചുത്രേസ്യായുടെ തിരുനാൾ ദിനത്തിൽ എല്ലാ മിഷണറിമാരെയും ഓർത്ത് പ്രാർത്ഥിക്കാം. ഗാന്ധിജയന്തി ദിനത്തിൽ പരിസരങ്ങൾ വൃത്തിയാക്കുന്നതിന് എല്ലാവരും ശ്രദ്ധിക്കുമല്ലോ.

## കാപ്പികുടി സമരം

കെഎസ്ആർടിസി ബസ് സ്റ്റാന്റിൽ മദ്യവിൽപന നടത്താനുള്ള സർക്കാർ തീരുമാനത്തിനെതിരെ അതിരൂപത കെസിവൈഎം ന്റെ നേതൃത്വത്തിൽ കണ്ണൂർ കെഎസ്ആർടിസി ബസ് സ്റ്റാന്റിന്റെ മുൻപിൽ കാപ്പികുടി സമരം നടത്തി. അതിരൂപതാ ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ശ്രി. വിപിൻ മാറുകാട്ടുകുന്നേൽ, അതിരൂപത ഭാരവാഹികൾ, തളിപ്പറമ്പ് ഫൊറോന ഡയറക്ടർ ഫാ. വിപിൻ, ഫൊറോന പ്രസിഡന്റുമാർ, യുവജന പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

## അഗതി ദിനാചരണം (കാരുണ്യസ്പർശം)

സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും വലിയ സന്ദേശം ലോകത്തിന് നൽകിയ അഗതികളുടെ അമ്മയായ വി. മദർ തെരേസയെ അനുസ്മരിച്ചു. ചെമ്പേരി ഫൊറോനയിലെ പൂപ്പറമ്പ് മരിയ ഭവനിൽ വച്ചാണ് അനുസ്മരണം നടന്നത്. മരിയ ഭവനിലെ അന്തേവാസികളോടൊപ്പം കേക്ക് മുറിച്ചും, മധുരപലഹാരം വിതരണം ചെയ്തും ആഘോഷിച്ചതോടൊപ്പം സാമ്പത്തിക സഹായവും, സമ്മാനവും നൽകി ആദരിച്ചു. അതിരൂപത ഡയറക്ടർ, പ്രസിഡന്റ്, ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

## PSC കോച്ചിംങ്ങ് ഉദ്ഘാടനം

കെസിവൈഎം തലശ്ശേരി അതിരൂപത സാൻജോസ് അക്കാഡമിയുടെ സഹകരണത്തോടെ ഓൺലൈൻ PSC കോച്ചിംങ്ങ് ആരംഭിച്ചിരിക്കുന്നു. ജോലിയില്ലാതെ കഷ്ടപ്പെടുന്ന പത്താം ക്ലാസ്സ്, +2, ഡിഗ്രി ലവലിൽ ഉള്ള ഉദ്യോഗാർത്ഥികൾക്കാണ് പരിശീലനം നൽകുന്നത്. കെസിവൈഎം അതിരൂപത, മേഖല സമിതികളുടെ സഹായത്തോടെ രജിസ്റ്റർ ചെയ്ത് കോച്ചിങ്ങിൽ പങ്കെടുക്കാവുന്നതാണ്. ഇടവകയിലെ ജോലിയില്ലാതെ നിൽക്കുന്ന മുഴുവൻ യുവജനങ്ങളെയും PSC Coching ലേക്ക് രജിസ്റ്റർ ചെയ്യാൻ നിർദ്ദേശം കൊടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതിരൂപതയുടെ വിദ്യാഭ്യാസ സംരംഭമായ സാൻജോസ് അക്കാഡമിയുടെയും വിമൽ ജ്യോതി എഞ്ചിനീയറിംങ്ങ് കോളേജിന്റെയും സഹായത്തോടെയുമാണ് ഇത് പ്രവർത്തിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക. 9400062918, 8281517660, 9497439045

## സ്നേഹവീട് – 100 Rupees challange

ചെമ്പേരി ഫൊറോനയുടെ നേതൃത്വത്തിൽ ഒരു കെസിവൈഎം പ്രവർത്തകയ്ക്ക് മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ സുവർണ്ണ ജൂബിലി സ്മരണാർത്ഥം നിർമ്മിച്ചു നൽകുന്ന സ്നേഹ വീടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നല്ല രീതിയിൽ മുന്നോട്ട് പോകുന്നു. വീടിന്റെ നിർമ്മാണ പ്രവർത്തനത്തിനായി കഠിനാദ്ധ്വാനം ചെയുന്ന യുവജനങ്ങളെ നന്ദിയോടെ ഓർക്കുന്നു. സാധിക്കുന്ന സാമ്പത്തിക സഹായങ്ങൾ തന്ന് സഹായിക്കുമല്ലോ. **9400062918 google pay 9497439045.**

## പ്രതിഷേധം രേഖപ്പെടുത്തി

സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം 57 ആക്കാനുള്ള ശമ്പള പരിഷ്ക്കരണ കമ്മീഷന്റെ തീരുമാനത്തിനെതിരെ ശക്തമായ പ്രതികരണം രേഖപ്പെടുത്തി. തലശ്ശേരി അതിരൂപതാ കെസിവൈഎം മുഖ്യമന്ത്രി പിണറായി വിജയന് പ്രതിഷേധ കുറിപ്പ് മെയിൽ ചെയ്തു.

## കല്ലറങ്ങാട്ട് പിതാവിന് ഐക്യദാർഢ്യം

ലൗ ജിഹാദിന് പുറമേ നാർക്കോട്ടിക് ജിഹാദും കേരളത്തിൽ പ്രവർത്തിക്കുന്നുവെന്ന് പ്രസത്‌വിച്ച പാലാ പിതാവിന് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് ഐക്യദാർഢ്യ സദസ്സ് സംഘടിപ്പിച്ചു. തലശ്ശേരി അതിരൂപത പാസ്റ്റർ കോഡിനേറ്റർ റവ. ഡോ. ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു. ഫാ. ഡോ. ടോം ഓലിക്കരോട്ട് മുഖ്യപ്രഭാഷണം നടത്തി. അതിരൂപതയിലെ വിവിധ റിപ്പാർട്ടുമെന്റുകളിലെ ഡയറക്ടർ അച്ചൻമാർ, ആനിമേറ്റേഴ്സ്, അതിരൂപതാ ഭാരവാഹികൾ, സിൻഡിക്കേറ്റ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

### കർഷക സമരത്തിന് ഐക്യദാർഢ്യം

വന്യമൃഗ ശല്യത്തിനെതിരെ എകെസിസിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ഉപവാസ സമരത്തിന് ഐക്യദാർഢ്യം പ്രകടിപ്പിച്ചു. അതിരൂപത ഉപാദ്ധ്യക്ഷ നീന പറപ്പള്ളി, പൈസക്കരി ഫൊറോന പ്രസിഡന്റ് ജിതിൻ, ജോയൽ എന്നിവർ സംസാരിച്ചു.

### World of Hopeful Youth ( WHY ?)

എടൂർ ഫൊറോനയുടെ നേതൃത്വത്തിൽ ലോക ആത്മഹത്യാ പ്രതിരോധ ദിനത്തിൽ "പ്രവർത്തനത്തിലൂടെ പ്രതീക്ഷ നൽകാം" എന്ന ലോകാരോഗ്യ സംഘടനയുടെ പ്രമേയം മുൻനിർത്തി സാമൂഹിക അവബോധ വീഡിയോ പുറത്തിറക്കി. പ്രതിസന്ധികളെ തരണം ചെയ്യാതെ ജീവിതത്തിൽ വിജയിച്ച ആരുമില്ല അതിനാൽ തളരാതെ ജീവിക്കാം എന്ന സന്ദശം നൽകികൊണ്ടാണ് വീഡിയോ നിർമ്മിച്ചിരിക്കുന്നത്.

### പൂർണ്ണ പിന്തുണയും, ഐക്യദാർഢ്യവും

ധീരമായ വാക്കുകളിലൂടെ സഭയുടെ നിലപാടുകൾ തുറന്നു കാട്ടിയ കല്ലറങ്ങാട്ട് പിതാവിന് പിന്തുണയും ഐക്യദാർഢ്യവും പ്രകടിപ്പിച്ചുകൊണ്ട് എടൂർ, കുന്നോത്ത്, ആലക്കോട്, ചെറുപുഴ എന്നി ഫൊറോനകൾ പ്രതികരിച്ചു.

### അമ്മയോടുകൂടെ

പരിശുദ്ധ അമ്മയുടെ ജനനതിരുനാളിനോടനുബന്ധിച്ച് എടൂർ ഫൊറോനയിലെ 9 യൂണിറ്റുകളെയും ഒരുമിച്ചുകൂട്ടി സൂം ആപ്ലിക്കേഷനിൽ അമ്മയോടുകൂടെ ഇത്തിരി നേരം എന്ന പേരിൽ കൂട്ടായ്മ സംഘടിപ്പിച്ചു.

### അദ്ധ്യാപക ദിനം

അദ്ധ്യാപക ദിനത്തിൽ ആലക്കോട് മേഖലയുടെ ഡയറക്ടറും അദ്ധ്യാപകനുമായ ഫാ. റിമൽ ചെമ്പനാനിക്കൽ അച്ചനെ മേഖലയുടെ നേതൃത്വത്തിൽ ആദരിച്ചു.

### അക്ഷര ദൂതൻ 2k21

അദ്ധ്യാപക ദിനത്തോടനുബന്ധിച്ച് കാഞ്ഞങ്ങാട് ഫൊറോന ഒരുക്കിയ അക്ഷരദൂതൻ 2k21 ന്റെ ഫൊറോന തല ഉദ്ഘാടനം ഫൊറോന വികാരി റവ. ഫാ. മാത്യു ഇളംതുരുത്തിപടവിൽ നിർവ്വഹിച്ചു. മതാദ്ധ്യാപനത്തിൽ നിന്ന് വിരമിച്ചവരെയും മറ്റ് അദ്ധ്യാപകരെയും ആദരിക്കുകയും കേക്ക് മുറിച്ച് ഈ ദിനം ആഘോഷിക്കുകയും ചെയ്തു. ഫൊറോനയിലെ എല്ലാ യൂണിറ്റുകളിലും ആദരിക്കൽ പരിപാടി നടന്നു.

### റാബിയ സൈഫി (അധൈര്യ ഭരണകൂടവും നിസ്സംഗ മാധ്യമങ്ങളും)

ആഗസ്റ്റ് 26 ന് ക്രൂരമായി ബലാത്സംഗത്തിനിരയായി കൊല്ലപ്പെട്ട ബീഹാർ സ്വദേശിനിയും ഡൽഹി ഡിഫൻസ് ഉദ്യോഗസ്ഥയുമായ റാബിയ സെയ്ഫിയുടെ കൊലപാതകത്തിൽ പൊതുസമൂഹം പുലർത്തുന്നത് കുറ്റ

കരമായ മൗനമാണെന്നും, ബാഹ്യശക്തികളുടെ ഇടപെടലുകൾ ഇതിന് പിന്നിലുണ്ടോ എന്ന് സംശ്ശയിക്കുന്നതായി നെല്ലിക്കാംപൊയിൽ, എടൂർ എന്നി ഫൊറോനകളിലെ യുവജനങ്ങൾ പ്രതികരണ കുറുപ്പിൽ അറിയിച്ചു.

## അമ്മ തൻ വഴിയേ ...

പരിശുദ്ധ അമ്മയുടെ ജനനത്തിരുനാളിന് ഒരുക്കമായി സെപ്റ്റംബർ 1 മുതൽ 8 വരെ അമ്മതൻ വഴിയേ എന്ന പേരിൽ സ്റ്റാറ്റസ് വീഡിയോ ഒരുക്കി ചെമ്പന്തൊട്ടി ഫൊറോന തിരുനാളിനായി ഒരുങ്ങി.

## അവാർഡ് ജേതാവിന് ആദരം

അദ്ധ്യാപക ദിനത്തിൽ കെസിബിസിയുടെ സംസ്ഥാന അദ്ധ്യാപക അവാർഡ് ജേതാവ് ശ്രീമതി ത്രേസ്യാമ്മ ജോസഫിനെ തോമാപുരം ഫൊ റോനയുടെ നേതൃത്വത്തിൽ ആദരിച്ചു.

## കുരിശേ നയിച്ചീടുക

കുരിശിന്റെ പുകഴ്ച്ചയുടെ ദിനത്തിൽ കുരിശേ നയിച്ചീടുക എന്ന പ്രാർത്ഥനയോടെ രക്ഷയുടെ അടയാളമായ കുരിശിനെ സ്നേഹിച്ചുകൊണ്ട് ചെമ്പന്തൊട്ടി ഫൊറോനയിലെ യുവജനങ്ങൾ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ ആഘോഷിച്ചു.

## World Patient Safety Day

ലോകരോഗി സുരക്ഷാദിനത്തോടനുബന്ധിച്ച് ചെമ്പന്തൊട്ടി ഫൊറോ നയിലെ യുവജനങ്ങൾ രോഗികൾക്കാവശ്യമായ സുരക്ഷാവബോധം നല്കു ന്നതിനായി ക്രമീകരിച്ച ക്ലാസ്സ് പാലക്കാട് കരുണാമെഡിക്കൽ കോളേജിലെ ഡോ. ഫെബി ജെയിംസ് നയിച്ചു.

**അമ്മക്കൊരുമ്മ :** പേരാവൂർ മേഖലയിലെ യൂണിറ്റ് ആനിമേറ്റേഴ്സിന്റെയും, മദർ സുപ്പീരിയേഴ്സിന്റെയും, മാതൃവേദി പ്രതിനിധികളുടെയും സംഗമം പരി ശുദ്ധ അമ്മയുടെ ജനനത്തിരുനാൾ ദിനത്തിൽ അമ്മക്കൊരുമ്മ എന്ന പേരിൽ നടത്തപ്പെട്ടു.

**Speak up & Reach out :** കൗൺസിലിംഗ് രംഗത്തെ വിദഗ്ദ്ധരുടെ സഹായ ത്തോടെ കെസിവൈഎം, ചെമ്പന്തൊട്ടി ഫൊറോനയിലെ യുവജനങ്ങൾ കൗൺസിലിംഗ് സഹായം ഒരുക്കി. മാനസിക പിരിമുറുക്കം, സമ്മർദ്ദം എന്നിവ മാറ്റാൻ വിദഗ്ദ്ധർ സഹായിക്കുന്ന വിധത്തിലാണ് ക്രമീകരണം നടത്തിയി രിക്കുന്നത്.

**പ്രതിഷേധം :** കെഎസ്ആർടിസി ബസ്റ്റാന്റുകളിൽ ബിവറേജ് ഔട്ട്ലെറ്റു കൾ തുറക്കാനുള്ള സർക്കാർ തീരുമാനം പിൻവലിക്കണമെന്ന് ചെമ്പന്തൊട്ടി ഫൊറോനയുടെ നേതൃത്വത്തിൽ ആവശ്യപ്പെട്ടുകൊണ്ട് പ്രതിഷേധം നടത്തി.

**ഓണാഘോഷം 2K21 :** കുന്നോത്ത് ഫൊറോനയുടെ നേതൃത്വത്തിൽ നടത്തിയ ഓണാഘോഷ പരിപാടികളായ മലയാളി മങ്ക, കേരള ശ്രീമാൻ, ഓണപ്പാട്ട് എന്നീ മത്സരങ്ങളുടെ വിജയികളെ കണ്ടെത്തി സമ്മാനങ്ങൾ വിതരണം ചെയ്തു.

## ജീവൻ രക്ഷാ പ്രവർത്തകർക്ക് ആദരം

World Patient Safety Day യുടെ ഭാഗമായി ചെമ്പന്തൊട്ടി ഫൊറോനയുടെ നേതൃത്വത്തിൽ ആംബുലൻസ് ഡ്രൈവർമാരായി സേവനം ചെയ്യുന്ന കെസിവൈഎം പ്രവർത്തകരായ അമൽ ടിവി, സനീഷ് കെ. എന്നിവരുടെ കോവിഡ് ജീവൻ രക്ഷാപ്രവർത്തനങ്ങൾക്ക് ആദരം നൽകി അഭിനന്ദിച്ചു.

**യുവം :** വെള്ളരിക്കുണ്ട് ഫൊറോനയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട യുവം എന്ന പ്രോഗ്രാം ഡയറക്ടർ ഫാ. വിപിൻ ആനചാരിയിൽ അർപ്പിച്ച വി. കുർബാനയോടെ ആരംഭിച്ചു. യുവജനങ്ങൾക്ക് മോട്ടിവേഷൻ ടോക്ക്, പ്രയർ സെഷൻ, ചർച്ച എന്നിവ ക്രമീകരിച്ചുകൊണ്ടായിരുന്നു പരിപാടി സംഘടിപ്പിച്ചത്. കെസിവൈഎം സംഘടനയിലേക്ക് പുതിയതായി അംഗത്വം സ്വീകരിച്ചവർക്ക് സ്വാഗതവും, 2021-22 വർഷത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾക്ക് അഭിനന്ദനങ്ങളും നൽകി.

## എരിയുന്ന മെഴുകുതിരിയുമായി യുവജനങ്ങൾ

സെപ്റ്റംബർ 21 ലോക സമാധാന ദിനത്തിൽ യുദ്ധരഹിത ലോകത്തിനു വേണ്ടിയും, നന്മനിറഞ്ഞ നാടിനായി ആഗ്രഹിച്ചുകൊണ്ടും എരിയുന്ന മെഴുകുതിരികൾ കൈകളിലേന്തി ജപമാല ചൊല്ലി മാതാവിന്റെ മാദ്ധ്യസ്ഥം തേടി ചെമ്പന്തൊട്ടി ഫൊറോനയിലെ യുവജനങ്ങൾ പ്രാർത്ഥിച്ചു.

**ആശംസകൾ :** വിവാഹജീവിതത്തിലേക്ക് പ്രവേശിച്ചു.കെസിവൈഎം, എസ്എംവൈഎം തലശ്ശേരി അതിരൂപത മുൻ ഡെപ്യൂട്ടി പ്രസിഡന്റും, നെല്ലിക്കാംപൊയിൽ ഫൊറോന പ്രസിഡന്റുമായിരുന്ന അഖിൽ ചാലിൽ പുത്തൻപുരക്കും മുൻ രൂപതാ ജോയിൻ സെക്രട്ടറിയായിരുന്ന വധു ആനി അൽഫോൻസ ചാക്കോയ്ക്കും അതിരൂപതാ യുവജന കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ...

## ആദരാഞ്ജലികൾ

ആദ്യകാലങ്ങളിൽ തലശ്ശേരി അതിരൂപതയിലെ യുവജനങ്ങളെ തന്റെ മാർഗ്ഗ നിർദ്ദേശങ്ങളാൽ നയിച്ച മാത്യു കൊച്ചുപറമ്പിൽ സാറിന് അതിരൂപത യുവജനകുടുംബത്തിന്റെ ആദരാഞ്ജലികൾ.

സ്നേഹപൂർവ്വം,

**ഫാ. തോമസ് വാളിപ്ലാക്കൽ**
ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

## I) 1. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

890, 891 എന്നീ എം.പി.സി. ഓൺലൈൻ കോഴ്സുകൾ ആഗസ്റ്റ് 27-28, സെപ്റ്റംബർ 17-18 എന്നീ തീയതികളിൽ തലശ്ശേരി സന്ദേശഭവനിൽവച്ച് നടക്കുകയുണ്ടായി. കോഴ്സിൽ 410 ഓളം പേർ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി. അഭിവന്ദ്യപിതാക്കന്മാർ അവർക്കായി സന്ദേശം നൽകി സംസാരിച്ചു. അവസാനദിവസം മാതാപിതാക്കൾക്കായുള്ള ക്ലാസും നടന്നു.

| **2. Online MPC Live Classes** | |
|---|---|
| **MPC 2021** | |
| October | 8 - 9 (Friday, Saturday) |
| November | 12 - 13 (Friday, Saturday) |

1. **Time Schedule :**
   **എം.പി.സി ഓൺലൈൻ ഒന്നാം ദിവസം : 08.00 am – 07.30 pm**
   **രണ്ടാം ദിവസം : 08.00 am – 06.00 pm**
2. ഓൺലൈൻ എം.പി.സി രജിസ്ട്രേഷൻ നടത്തുന്നതിനായി www.familytly.com എന്ന വെബ്സൈറ്റ് തുറന്ന് Date തിരഞ്ഞെടുത്ത് അപേക്ഷാഫോം പൂരിപ്പിച്ച് സബ്മിറ്റ് ചെയ്യുക.
3. വികാരിയച്ചന്മാരുടെ കത്ത്, രജിസ്ട്രേഷൻ ഫീസ് റസിപ്റ്റ്, പാസ്പോർട്ട് സൈസ് ഫോട്ടോ, എന്നിവ അപേക്ഷാഫോമിനോടൊപ്പം അപ്ലോഡ് ചെയ്യേണ്ടതാണ്.
4. രജിസ്ട്രേഷൻ ഫീസ് Rs/600 അടക്കാനുള്ള Bank Details
   A/c No : 0078053000073775,
   Name : Director, Family Apostolate,
   IFSC Code : SIBL0000078,
   South Indian Bank, Thalassery Branch
5. ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയവർ കാൻസലേഷൻ നടത്തുവാനോ, കോഴ്സ് ഡേറ്റിൽ മാറ്റം വരുത്തുവാനോ ആഗ്രഹിക്കുവെങ്കിൽ കോഴ്സ് ആരംഭിക്കുന്നതിനു മൂന്ന് ദിവസം മുമ്പെങ്കിലും ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്. Ph: 0490 2966974, 9400206974
6. സർട്ടിഫിക്കറ്റുകൾ ഓൺലൈൻ ആയി അയച്ചുകൊടുക്കുന്നതാണ്. ആവശ്യമുള്ളവർക്ക് ഓഫീസിൽ നേരിട്ട് വന്ന് സർട്ടിഫിക്കറ്റ് വാങ്ങാവുന്നതാണ്.

7. ഇടവകാ ഗ്രൂപ്പുകളിൽ ഓൺലൈൻ എം.പി.സി. രജിസ്ട്രേഷന്റെ വെബ്സൈറ്റും ഡേറ്റുകളും പ്രസിദ്ധീകരിക്കാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

8. **ഓൺലൈൻ കോഴ്സുകൾ ആരംഭിക്കുന്നതിന് രണ്ട് ദിവസം മുമ്പ് രജിസ്ട്രേഷൻ ക്ലോസ് ആകുന്നതാണ്.**

## II. അനുഗ്രഹ മാര്യേജ് ബ്യൂറോ :- www.anugrahamarry.com

സീറോമലബാർ സഭയുടെ എല്ലാ രൂപതകളുടെയും മാര്യേജ് ബ്യൂറോകളുടെ ലിങ്ക് ലഭിക്കുന്നു. പണമടച്ച് രജിസ്റ്റർ ചെയ്യുന്നവരുടെ പേരും, ഫോട്ടോയും ദീപിക പത്രത്തിൽ സൗജന്യമായി പരസ്യം നൽകുന്നു.

**Packages :**
**Free - 15 Days**
**Till You Marry - 9999 (1 Year)**
**Diamond Package - 4999(1 Year)**
**Golden Package - 3999(1 Year)**
**Silver Package - 2999(6 monts)**

## III. മാതൃവേദി

1. **തൂവാനീസ നിയോഗം -** ഈ മാസത്തെ തൂവാനീസ നിയോഗത്തിൽ ജപമാലയിൽ നമുക്ക് വയോജനങ്ങൾക്കായി പ്രാർത്ഥിക്കാം.
2. **യൂണിറ്റ്തല പ്രവർത്തനം** - ഈ മാസത്തെ യൂണിറ്റുതല പ്രവർത്തനം - അഗതി മന്ദിരങ്ങൾ സന്ദർശനം നടത്തി സഹായങ്ങൾ നൽകുക. മിഷന് സഹായം നൽകുക, പാലിയേറ്റീവ് കെയർ യൂണിറ്റ് തുടങ്ങുക.
3. **ഈ മാസത്തെ ജപമാല യജ്ഞം മേഖലകൾ** - മേരിഗിരി, ചെറുപുഴ, തളിപ്പറമ്പ്.
4. **ഒക്ടോബർ മാസത്തിൽ Onlife Media യൂട്യൂബ് ചാനലിലേക്ക് പരിപാടികൾ നടത്താനുള്ള മേഖല - പൈസക്കരി**
5. **അൽഫോൻസാ ഗീതം മത്സരവിജയികൾ**
   തലശ്ശേരി അതിരൂപത മാതൃവേദി അമ്മമാർക്കായി സംഘടിപ്പിച്ച അൽഫോൻസാഗീത മത്സരം നടന്നു. മേഖലയിൽ നിന്നും 1. 2 സ്ഥാനം നേടിയവരുടെ ഗീതങ്ങൾ രൂപതയിലേക്ക് അയക്കുകയും രൂപതയിൽ നിന്നും പരിശോധിച്ച് വിജയികളെ കണ്ടെത്തുകയും ചെയ്തു.

## വിജയികൾ

1-ാം സ്ഥാനം : സിന്ധു വേങ്ങത്താനം - എടൂർ (എടൂർ മേഖല)
2-ാം സ്ഥാനം : സോളി കരവട്ടയിൽ - കോളയാട് (പേരാവൂർ മേഖല)
3-ാം സ്ഥാനം : ജെസ്ലിൻ ബിജു നെറ്റിക്കാട്ട് - പടന്നക്കാട് (കാഞ്ഞങ്ങാട് മേഖല)

**പ്രോത്സാഹന സമ്മാനങ്ങൾ**

| | |
|---|---|
| 1) റെജീന അടയ്ക്കാമുണ്ടയ്ക്കൽ | - വെളിമാനം |
| 2) ജിബി ബിന്റോ കല്ലൂർ | - ജോസ്ഗിരി |
| 3) ജയ സണ്ണി | - മണ്ഡപം |
| 4) ജിൻസി കണ്ടത്തിനാനിക്കൽ | - വെള്ളരിക്കുണ്ട് |
| 5) സിന്ധു ഷാജി തടത്തിലാങ്കൽ | - മണ്ടളം |
| 6) അൽഫോൻസ പുളിക്കച്ചുണ്ടയിൽ | - ആലക്കോട് |
| 7) സജി തോമസ് എടപ്പാൾ | - കാഞ്ഞങ്ങാട് |

മത്സരത്തിൽ പങ്കെടുത്ത ഏവർക്കും മേഖലാതലത്തിൽ സെലക്ഷൻ നടത്തിയ മേഖലാസമിതിക്കും പ്രത്യേക നന്ദിയും അഭിനന്ദനവും അറിയിക്കുന്നു.

## 6. അതിരൂപതാതല മേഖലാ ആനിമേറ്റേഴ്സ് മീറ്റിംഗ്

സെപ്റ്റംബർ 4-ാം തീയ്യതി രാവിലെ 10.30 മുതൽ 11.30 വരെ മേഖലാ ആനിമേറ്റേഴ്സിന്റെ മീറ്റിംഗ് ഓൺലൈനായി നടന്നു. അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറയുടെ നേതൃത്വത്തിൽ നടന്ന മീറ്റിംഗിൽ 16 മേഖലകളിൽ നിന്നും ആനിമേറ്റേഴ്സ് പങ്കെടുത്തു.

## 7. സെന്റ് മോനിക്ക അതിരൂപതാതല ആചരണം - പേരാവൂർ മേഖല

29.08.2021 ഞായറാഴ്ച സെന്റ് മോനിക്ക ദിനത്തിന്റെ അതിരൂപതാതല ആചരണം പേരാവൂർ മേഖലാതലത്തിൽ രാവിലെ 10.30 മുതൽ 11.30 വരെ ഓൺലൈനായി നടന്നു. പേരാവൂർ മേഖലാ ആനിമേറ്റർ സി. ജിസ്മി എഫ്.സി.സി സ്വാഗതമാശംസിച്ച ചടങ്ങിൽ പേരാവൂർ മേഖലാ പ്രസിഡണ്ട് ശ്രീമതി ഗ്രെയ്സ് ആലഞ്ചേരി അദ്ധ്യക്ഷത വഹിച്ചു. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറ ചടങ്ങ് ഉദ്ഘാടനം ചെയ്തു. പേരാവൂർ മേഖല മുൻ മാതൃവേദി ഡയറക്ടർ ഫാ. അനീഷ് കുളത്തറ മുഖ്യപ്രഭാഷണം നടത്തി. പേരാവൂർ മേഖല മാതൃവേദി ഡയറക്ടർ ഫാ. മനു മാപ്പിളപ്പറമ്പിൽ, ഫാമിലി അപ്പൊസ്റ്റൊലേറ്റ് ആനിമേറ്റർ സി. പൗളിൻ സി.എച്ച്.എഫ്, അതിരൂപതാ സെനറ്റ് അംഗം ശ്രീമതി മേരി പ്ലാത്താനത്ത്, ശ്രീമതി സൗമ്യ അവിട്ടപ്പള്ളിൽ (പൂളക്കുറ്റി) എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. ഫാമിലി അപ്പൊസ്റ്റൊലേറ്റ് റീജന്റ് ബ്രദർ അരുൺ അയിലൂക്കുന്നേൽ മോട്ടിവേഷൻ ടോക്ക് നടത്തി. അമ്മമാരുടെ കലാപരിപാടികളും സംഘടിപ്പിച്ചു. ശേഷം പേരാവൂർ മേഖലാ സെക്രട്ടറി ശ്രീമതി ലൈസ ഏവർക്കും നന്ദിയർപ്പിച്ചതോടെ ചടങ്ങിന് സമാപനമായി.

## 8. സെപ്റ്റംബർ 8 മാതൃദിനാചരണം - നെല്ലിക്കാംപൊയിൽ മേഖല

സെപ്റ്റംബർ 8 ന് അതിരൂപതാതല മാതൃദിനാചരണം നെല്ലിക്കാംപൊയിൽ മേഖലയിലെ മണിക്കടവ് ഇടവകയിൽ വച്ച് നടത്തപ്പെട്ടു. മേഖലാ ആനിമേറ്റർ സി. നാൻസി എൻ.എസ്. സ്വാഗതമാശംസിച്ച ചടങ്ങിൽ മേഖലാ

പ്രസിഡണ്ട് ശ്രീമതി സിജി നടുത്തോട്ടത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ ചടങ്ങ് ഉദ്ഘാടനം ചെയ്തു. നെല്ലിക്കാംപൊയിൽ മേഖലാ ഡയറക്ടർ ഫാ. ബോബൻ റാത്തപ്പള്ളി, ഫാമിലി അപ്പൊസ്റ്റൊലേറ്റ് ആനിമേറ്റർ സി. പൗളിൻ സി. എച്ച്. എഫ്. എന്നിവർ ആശംസകൾ അർപ്പിച്ചു. നെല്ലിക്കാംപൊയിൽ മേഖല സെനറ്റ് മെമ്പർ ശ്രീമതി മേരി വിളയപ്പള്ളി ഏവർക്കും നന്ദിയർപ്പിച്ചു.

### 9. ഗ്രാസിയ 2021 – കുടുംബധ്യാനം

സെപ്റ്റംബർ 4 മുതൽ 7 വരെ ഫാമിലി അപ്പൊസ്റ്റൊലേറ്റും മദർഹോമും സംയുക്തമായി ഗ്രാസിയ 2021 എന്ന പേരിൽ കുടുംബ ധ്യാനം ഓൺലൈനായി നടത്തി.

### 10. വെബിനാർ – ആട് കൃഷി

സെപ്റ്റംബർ 21 ചൊവ്വാഴ്ച രാവിലെ 10.30 മുതൽ 12.30 വരെ മാതൃവേദി അമ്മമാർക്കായി ആട് കൃഷി എന്ന വിഷയത്തെ ആസ്പദമാക്കി വെബിനാർ നടത്തി. അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ സ്വാഗതമാശംസിച്ചു. ആതവനാട് മൃഗസംരക്ഷണ കേന്ദ്രം ഡപ്യൂട്ടി ഡയറക്ടർ ഡോ. ഷാജൻ ജേക്കബ് ആമുഖപ്രഭാഷണം നടത്തി. വെറ്റിനറി സർജൻ ഡോ. ശരണ്യ കെ. എസ്. ക്ലാസ് നയിച്ചു. മാതൃവേദി അതിരൂപതാ പ്രസിഡണ്ട് ശ്രീമതി തങ്കമ്മ കൊച്ചുവേലിക്കകത്ത് ഏവർക്കും നന്ദി പ്രകാശിപ്പിച്ചു. 250 ഓളം മാതൃവേദി അംഗങ്ങൾ വെബിനാറിൽ സംബന്ധിച്ചു.

### 11. മാതൃവേദി പ്രവർത്തന പദ്ധതി – ഒക്ടോബർ 2021

| | | |
|---|---|---|
| ഒക്ടോബർ | 1 – | വി. കൊച്ചുത്രേസ്യ |
| | 2 – | കാവൽ മാലാഖ, ഗാന്ധിജയന്തി, വയോജനദിനം (പള്ളിയും പരിസരവും വൃത്തിയാക്കൽ) |
| | 4 – | വി. ഫ്രാൻസീസ് അസ്സീസി, മാർ ഫ്രാൻസീസ് പാപ്പ നാമഹേതുക തിരുനാൾ |
| | 15 – | ആവിലായിലെ വി. ത്രേ സ്യ |
| | 17 – | മിഷൻ ഞായർ |
| | 18 – | വി. ലൂക്ക |
| | 22 – | വി. ജോൺ പോൾ രണ്ടാമൻ |
| | 30 – | നൃത്ത മത്സരം (സിംഗിൾ ഡാൻസ് – ഓൺലൈൻ |

### 12. അറിയിപ്പുകൾ

- മാതൃവേദി കലണ്ടർ ഇനിയും ആവശ്യമുള്ളവർ ഓർഡർ നൽകേണ്ടതാണ്.
- യൂണിറ്റ് അഫിലിയേഷൻ ഫോമിൽ പുതുതായി ചേർന്ന അംഗങ്ങളുടെ ലിസ്റ്റ് രൂപതയിലേക്ക് അയച്ചതിന്റെ കോപ്പി മേഖലയിലേക്കും നൽകുക. യൂണിറ്റ് മേഖലാ രജിസ്റ്ററുകളിൽ ഈ പേരുകൾ കൂട്ടിച്ചേർക്കുക.

- അതിരൂപതാതലത്തിൽ മികച്ച പ്രകടനം കാഴ്ചവച്ച മേഖലകൾക്കും യൂണിറ്റുകൾക്കുമുള്ള സമ്മാന പ്രഖ്യാപനം യൂട്യൂബ് ചാനലിലൂടെ നടത്തുന്നതാണ്. ഒരുമിച്ചുകൂടാൻ സാഹചര്യം അനുകൂലമാകുന്ന പ്രകാരം സമ്മാന വിതരണം നടത്തുന്നതാണ്. മികച്ച പ്രവർത്തനത്തിന് എ ഗ്രേഡ് നേടിയ മേഖലകൾക്കും യൂണിറ്റുകൾക്കും മെറിറ്റ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്.

### 13. മാതൃവേദി ഓൺലൈൻ നാടോടി നൃത്തമത്സരം

- മേഖലാ – രൂപതാതലങ്ങളിൽ മത്സരം വിലയിരുത്തുന്നതാണ്. മാതൃവേദി അംഗങ്ങൾ സിംഗിൾ ഡാൻസ് ചെയ്യുന്ന വീഡിയോ എടുത്ത് ടെലഗ്രാം / വാട്ട്സ് ആപ്പിലേക്ക് അയക്കുക. (രൂപതയിലേക്ക് ടെലഗ്രാമിൽ മാത്രം അയക്കുക)
- നൃത്തം 7 മിനിറ്റിൽ കവിയരുത്. മേക്കപ്പ് വേണമെന്ന് നിർബന്ധമില്ല. പ്രത്യേക മാർക്ക് ഉണ്ടായിരിക്കില്ല.
- ബാക്ക്ഗ്രൗണ്ടിൽ ക്രിസ്തീയ ഗാനങ്ങളായിരിക്കണം. നാടോടി നൃത്തമായിരിക്കണം.
- നൃത്തരംഗങ്ങൾ എഡിറ്റ് ചെയ്യാൻ പാടില്ല.
- മേഖലകളിൽ നിന്നും 2 എണ്ണം സെലക്റ്റ് ചെയ്ത് രൂപതാതല മത്സരത്തിന് അയക്കുക.
- അംഗത്വ രജിസ്ട്രേഷൻ, നമ്പർ, പേര്, വീട്ടുപേര്, ഇടവക, മേഖല എന്നിവ വീഡിയോയുടെ താഴെ എഴുതി അയക്കണം.
- മേഖലകളിലേക്ക് സെലക്ഷന് അയക്കാനുള്ള തീയ്യതിയും നമ്പറും അതത് മേഖലകളിൽ നിന്ന് നൽകേണ്ടതാണ്.
- മികച്ച നൃത്തത്തിന് ക്യാഷ് അവാർഡുകൾ നൽകുന്നതാണ്. യൂട്യൂബിൽ പ്രക്ഷേപണം ചെയ്യുന്നതുമാണ്
- മേഖലാതലത്തിൽ തിരഞ്ഞെടുത്തവരുടെ ലിസ്റ്റ് ഒക്ടോബർ 29 നുള്ളിൽ ഡയറക്ടറുടെ ഒപ്പോടുകൂടെ രൂപതാ ഡയറക്ടർക്ക് അയക്കുക. നമ്പർ : 9497261989.

രൂപതയിലേക്ക് അയക്കേണ്ട ടെലഗ്രാം നമ്പർ : 8078122191
തീയതി : ഒക്ടോബർ 30, സമയം : 10.00 am – 04.00 pm
Contact Office : 9400206974, വാട്ട്സ് ആപ്പ് നമ്പർ : 8078122191

**IV. അമല പ്രോലൈഫ്** : എല്ലാ ആഴ്ചകളിലും എക്സിക്യൂട്ടീവ് മീറ്റിംഗുകളും മാസം തോറുമുള്ള സെൻട്രൽ ടീം മീറ്റിംഗുകളും ഓൺലൈനായി നടത്തിവരുന്നു. നഴ്സിംഗ് മേഖലയിൽ പ്രവർത്തിക്കുന്നവരുടെ സംഗമം ഒക്ടോബർ മാസത്തിൽ നടത്തുന്നതിന് തീരുമാനിച്ചു.

സ്നേഹപൂർവ്വം,

**ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ**
ഡയറക്ടർ

# വിമൽജ്യോതി വാർത്തകൾ

**B.Tech, M.Tech, MBA Admission 2021-22**

ചെമ്പേരി വിമൽ ജ്യോതിയിൽ അടുത്ത വർഷത്തെ (2021-22) അഡ്മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. Management / NRI ക്വാട്ടയിൽ ഏതാനും സീറ്റുകൾ ലഭ്യമാണ്. വിദ്യാർത്ഥികൾക്ക് ഇഷ്ടമുള്ള ബ്രാഞ്ചിൽ സീറ്റുകൾ ബുക്ക് ചെയ്യുവാൻ സൗകര്യമുണ്ട്. നമ്മുടെ ഇടവകയിൽനിന്ന് എൻട്രൻസ് പരീക്ഷ ജയിച്ചവരെയും, ആർച്ച്ബിഷപ്പ് മാർ ജോർജ് ഞരളക്കാട്ട് പൗരോഹിത്യ സുവർണ്ണജൂബിലി സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളെയും വിമൽ ജ്യോതിയിലേക്ക് ഗൈഡ് ചെയ്യുവാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

മെറിറ്റ് സീറ്റിൽ അഡ്മിഷൻ ആവശ്യമുള്ളവർ ഇപ്പോൾതന്നെ കോളേജ് വെബ്സൈറ്റിൽ (www.vjec.ac.in) ആപ്ലിക്കേഷൻ കൊടുക്കേണ്ടതാണ്. നമ്മുടെ ഇടവകയിൽ സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾ ഉണ്ടെങ്കിൽ അവരെ പ്രത്യേകം എഴുത്ത് നൽകി വികാരിയച്ചന്മാർ പറഞ്ഞയയ്ക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**ആർച്ച്ബിഷപ്പ് മാർ ജോർജ് ഞരളക്കാട്ട് പൗരോഹിത്യ സുവർണ്ണജൂബിലി സ്കോളർഷിപ്പ്**

പ്ലസ് ടു പരീക്ഷയിൽ ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് വിഷയങ്ങൾക്ക് 95 ശതമാനമോ, അതിലധികമോ മാർക്ക് ലഭിച്ച വിദ്യാർത്ഥികൾക്ക് ആർച്ച്ബിഷപ്പ് മാർ ജോർജ് ഞരളക്കാട്ട് പൗരോഹിത്യ സുവർണ്ണജൂബിലി സ്കോളർഷിപ്പ് നൽകുന്നു. ഈ സ്കോളർഷിപ്പ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ വർഷം താഴെ പറയുന്ന വിഷയങ്ങൾക്ക് ഗവൺമെന്റ് ഫീസിൽ പഠിക്കാൻ വിമൽ ജ്യോതിയിൽ അവസരം ലഭിക്കുന്നു. ആദ്യം അപേക്ഷ നൽകുന്ന 80 വിദ്യാർത്ഥികൾക്കാണ് അവസരം ലഭിക്കുക.

1. ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ എൻജിനീയറിംഗ്
2. ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എൻജിനീയറിംഗ്
3. ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എൻജിനീയറിംഗ്
4. സിവിൽ എൻജിനീയറിംഗ്
5. മെക്കാനിക്കൽ എൻജിനീയറിംഗ്

താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് **9400062918, 9400062919, 8281750777, 0460 2212240, 2213399** എന്നീ നമ്പരുകളിൽ വിളിക്കാവുന്നതാണ്.

## പ്ലേസ്മെന്റ് വാർത്തകൾ

- അവസാനവർഷ വിദ്യാർത്ഥികളെ കാമ്പസ് റിക്രൂട്ട്മെന്റിന് സജ്ജമാക്കുവാൻ വേണ്ടി, പ്രമുഖ ട്രെയിനിംഗ് കമ്പനിയായ KONFIDENCE EDUCATION-ന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കായി സെപ്തംബർ 14 മുതൽ 18 വരെ 5 ദിവസം ദൈർഘ്യമുള്ള പരിശീലനപരിപാടി സംഘടിപ്പിച്ചു.
- ഐ.ടി രംഗത്തെ പ്രശസ്ത കമ്പനിയായ WIPRO 2022 വർഷം പാസ് ഔട്ട് ആകുന്ന വിദ്യാർത്ഥികൾക്കായി കാമ്പസ് റിക്രൂട്ട്മെന്റ് സംഘടിപ്പിക്കുന്നു. ഒക്ടോബർ മാസം 6-ാം തീയതി വരെ വിദ്യാർത്ഥികൾക്ക് രജിസ്റ്റർ ചെയ്യാം. വിമൽ ജ്യോതിയിൽ നിന്നും 100-ലധികം വിദ്യാർത്ഥികൾ പങ്കെടുക്കുന്നു.
- പ്രമുഖ ഐ.ടി കമ്പനിയായ UST GLOBAL സംഘടിപ്പിച്ച കാമ്പസ് റിക്രൂട്ട്മെന്റിലൂടെ വിമൽ ജ്യോതിയിൽ നിന്നും 2021-ൽ പഠനം പൂർത്തിയാക്കിയ 7 വിദ്യാർത്ഥികൾക്ക് പ്രതിമാസം 25,000/- രൂപ ശമ്പളവാഗ്ദാനത്തോടെ ജോലി ലഭിച്ചു.
- കൊച്ചി, മൈസൂർ, ബാംഗ്ലൂർ ലൊക്കേഷനുകളിലേയ്ക്കായി MARLABS നടത്തുന്ന പൂൾ കാമ്പസ് റിക്രൂട്ട്മെന്റിൽ വിമൽ ജ്യോതിയിൽ നിന്നും 70-ലധികം വിദ്യാർത്ഥികൾ പങ്കെടുക്കുന്നു.
- അമേരിക്കയിലെ പ്രമുഖ ഐ.ടി കമ്പനിയായ REPLY VELOREM നടത്തിയ കാമ്പസ് റിക്രൂട്ട്മെൻരിൽ പങ്കെടുത്ത 2021 വർഷത്തിൽ പഠനം പൂർത്തിയാക്കിയ 2 വിദ്യാർത്ഥികൾക്ക് പ്രതിവർഷം 4,50,000/- ശമ്പളവാഗ്ദാനത്തോടെ ജോലി ലഭിച്ചു.
- HITACHI SOLUTIONS നു വേണ്ടി സംഘടിപ്പിച്ച കാമ്പസ് റിക്രൂട്ട്മെന്റിൽ 20-ഓളം വിദ്യാർത്ഥികൾ പങ്കെടുത്തു. 5 വിദ്യാർത്ഥികൾക്ക് പ്രതിമാസം 35,000/- രൂപ ശമ്പളത്തിൽ ജോലി ലഭിച്ചു.

സ്നേഹാശംസകളോടെ,

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
മാനേജർ

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

ഫോൺ : 8281750777, 8281730777
E-mail: sanjoseacademytly@gmail.com, sanjoactly@gmail.com

സാൻജോസ് അക്കാഡമിയിൽ നിന്നും സ്നേഹാശംസകൾ. 2021 ഒക്ടോബർ, നവംബർ മാസങ്ങളിലെ പരിശീലനങ്ങൾ ചുവടെ ചേർക്കുന്നു.

## 1. German Language Coaching

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ സാൻജോസ് അക്കാഡമിയുടെ ആഭിമുഖ്യത്തിൽ ജർമ്മൻ ഭാഷാ പരിശീലനം നടന്നുകൊണ്ടിരിക്കുന്നു. A1,A2, B1 കോഴ്സുകളുടെ പുതിയ ബാച്ച് ഒക്ടോബർ 4 മുതൽ ആരംഭിക്കുന്നു. ഓരോ ബാച്ചിലും 20 കുട്ടികൾക്കാണ് അവസരം ഉണ്ടാവുക. ജർമ്മനി. ഓസ്ട്രിയ തുടങ്ങിയ രാജ്യങ്ങളിൽ പഠനത്തിനും ജോലിക്കുമായി പോകുന്നവർക്ക് ഈ കോഴ്സ് പ്രയോജനപ്രദമാണ്. ഓൺലൈനായി പഠിക്കാനാഗ്രഹിക്കുന്നവർക്കും ആവശ്യമായ പരിശീലനങ്ങൾ നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ സാൻജോസ് അക്കാദമി ഓഫീസുമായി ബന്ധപ്പെടുക.

## 2. IELTS / OET

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ IELTS / OET പരിശീലന പരിപാടികൾ നടന്നുകൊണ്ടിരിക്കുന്നു. കേരളത്തിലെ പ്രഗത്ഭ IELTS പരിശീലകരുടെ ഒരു ടീം അക്കാഡമിയോടൊപ്പമുണ്ട്. ഹോസ്റ്റൽ സൗകര്യങ്ങളോടെ പഠിക്കുവാനുള്ള സൗകര്യമാണ് വിമൽ ജ്യോതിയിലുള്ളത്. IELTS / OET പരീക്ഷകൾ പാസ്സാകുന്നവർക്ക് ജോലി സംബന്ധമായ സഹായ സഹകരണങ്ങൾ അക്കാഡമി ചെയ്തുകൊടുക്കുന്നതാണ്. **ഓൺലൈനായി** പഠിക്കാനാഗ്രഹിക്കുന്നവർക്കും ആവശ്യമായ പരിശീലനങ്ങൾ നൽകുന്നതാണ്. ഉപരിപഠനത്തിനായി പോകുന്നവർക്കും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് : 8281 750 777, 8281 730 777.

## 3. KCYM - MYSTEP : Online PSC Coaching

ഗവൺമെന്റ് മേഖലയിലെ വിവിധ ജോലികൾക്കുള്ള PSC / UPSC പരീക്ഷകൾക്കുവേണ്ടിയുള്ള പരിശീലനങ്ങൾ സാൻജോസ് അക്കാഡമിയിൽ KCYM തലശ്ശേരി അതിരൂപതാ ഓഫീസുമായി സഹകരിച്ച് ഓൺലൈനായി ആരംഭിക്കുകയാണ്. ഇതിന്റെ പേര് KCYM - MYSTEP എന്നാണ്. ഇതിനാവ

ശ്യമായ മൊബൈൽ ആപ്ലിക്കേഷൻ ഡെവലപ്പ് ചെയ്ത് കഴിഞ്ഞിരിക്കുന്നു. 2500/- രൂപ ഫീസിൽ 2 വർഷം നീണ്ടുനിൽക്കുന്ന പരിശീലനമാണ് നൽകുന്നത്. കുറഞ്ഞ ചിലവിൽ നമ്മുടെ രൂപതയിലുള്ള യുവജനങ്ങൾക്ക് പരിശീലനം ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. കെ.സി.വൈ.എം അതിരൂപതയുടെ നേതൃത്വത്തിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് 1999/- രൂപ ഫീസ് അടച്ചാൽ മതിയാകും. ആദ്യം രജിസ്റ്റർ ചെയ്യുന്ന 500 പേർക്കാണ് ഈ ആനുകൂല്യം ലഭ്യമാവുക. ഏതാനും സീറ്റുകൾ ഒഴിവുണ്ട്. വിശദാംശങ്ങൾക്ക് കെ.സി.വൈ.എം ഓഫീസിൽ ബന്ധപ്പെടുക. ഫോൺ: 9400062918, 8281517660.

## 4. സാൻജോസ് പ്ലസ് വൺ / പ്ലസ് ടു (SAVE +2)

പ്ലസ് വൺ, പ്ലസ്ടുവിൽ പഠിക്കുന്ന കുട്ടികളെ ലക്ഷ്യമാക്കി, വിവിധ എൻട്രൻസ് പരീക്ഷകൾക്കുവേണ്ടിയുള്ള പരിശീലനങ്ങൾ അക്കാഡമിയിൽ 15.10.2021 മുതൽ ആരംഭിക്കുന്നു. ഇന്ത്യയിലെ വിവിധ കലാലയങ്ങളിലേയ്ക്ക് പ്ലസ്ടുവിന് ശേഷം നടക്കാനിരിക്കുന്ന എൻട്രൻസ് പരീക്ഷകൾക്കുവേണ്ടിയുള്ള ഒരുക്കങ്ങളാണിത്. ഈ വർഷം പ്ലസ്ടു സയൻസ് വിഷയങ്ങൾ എടുത്ത് പഠിക്കുന്ന കുട്ടികൾക്കുവേണ്ടി ഓൺലൈനായിട്ടാണ് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നത്. ഒരു വർഷം നീണ്ടുനില്ക്കുന്ന ഈ പരിശീലനമാണിത്. ഇന്ത്യയിലെ പ്രധാന പരിശീലന കേന്ദ്രങ്ങളിലെ അദ്ധ്യാപകരെ ഒരുമിച്ച് ചേർത്തുകൊണ്ടുള്ള പരിശീലനമാണിത്. കേരളത്തിലെതന്നെ ഈ രംഗത്ത് പ്രഗത്ഭരായ അക്കാഡമികളോട് കിടപിടിക്കത്തക്ക ക്രമീകരണങ്ങളാണ് ഒരുക്കിയിരിക്കുന്നത്. മെഡിക്കൽ എൻട്രൻസ് പരിശീലനത്തിന് 11,900/- രൂപയും, എൻജിനീയറിംഗ് എൻട്രൻസ് പരിശീലനത്തിന് 11,900/- രൂപയാണ് ഫീസ്. ഇവ രണ്ടുംകൂടി പരിശീലിക്കുന്നവർക്ക് 14,900/- ഫീസ് ഘടന നിശ്ചയിച്ചിരിക്കുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന നമ്മുടെ മലബാർ പ്രദേശത്തെ കുട്ടികൾക്ക് ഇതൊരു വലിയ അനുഗ്രഹമായിരിക്കും. നമ്മുടെ ഇടവകകളിലെ വിദ്യാർത്ഥികളെ ഈ വിവരം അറിയിക്കുമല്ലോ. അഡ്മിഷനുകൾ ആരംഭിച്ചിരിക്കുന്നു. വിശദവിവരങ്ങൾക്ക് : 8281 750 777, 8281 730 777.

സ്നേഹാശംസകളോടെ,

**ഫാ. പയസ് പടിഞ്ഞാറെമുറിയിൽ**
ഡയറക്ടർ

# എ.കെ.സി.സി

## കത്തോലിക്കാ കോൺഗ്രസ് – തലശ്ശേരി അതിരൂപത

### സെപ്റ്റംബർ മാസത്തിലെ പ്രവർത്തനങ്ങൾ

**അനുശോചനം**

4-09-2021 ന് മരണമടഞ്ഞ ബാലേശുഗിരി ഉണ്ണി മിശിഹാ പള്ളിയിലെ കത്തോലിക്കാ കോൺഗ്രസ് യൂണിറ്റ് പ്രസിഡണ്ട് രാജു മാങ്കോട്ടിലിന്റെ കുടുംബാംഗങ്ങൾക്ക് അനുശോചനങ്ങൾ അറിയിച്ചു. അദ്ദേഹത്തിന്റെ മൃത സംസ്കാര കർമ്മങ്ങളിൽ അതിരൂപതാ പ്രസിഡണ്ട് അഡ്വക്കേറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേൽ, വൈസ് പ്രസിഡണ്ട് ജോർജ്ജ് വടകര, സെക്രട്ടറി ഡേവിസ് ആലങ്ങാടൻ എന്നിവർ പങ്കെടുത്തു. തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോനാ പള്ളി ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ട രാജു മാങ്കോട്ടിൽ അനുസ്മരണ സമ്മേളനം അതിരൂപതാ ഡയറക്ടർ ഫാദർ ഫിലിപ്പ് കവിയിൽ ചടങ്ങ് ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡണ്ട് അഡ്വക്കേറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേൽ അധ്യക്ഷത വഹിച്ചു.

**അതിരൂപത ഭാരവാഹികളുടെയും ഫൊറോനാ പ്രസിഡണ്ടുമാരുടെയും സംയുക്ത യോഗം**

7-09-2021 ന് ഓൺലൈനായി ചേർന്ന അതിരൂപത ഭാരവാഹികളുടെയും ഫൊറോനാ പ്രസിഡണ്ടുമാരുടെയും സംയുക്ത യോഗത്തിൽ അതിരൂപതയിലെ കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി ഏകോപിപ്പിക്കുന്നതിനും പൂർവ്വാധികം ശക്തിപ്പെടുത്തുന്നതിനുംവേണ്ടി ഗ്ലോബൽ, അതിരൂപതാ ഭാരവാഹികൾക്ക് താഴെ പറയും പ്രകാരമുള്ള ഫോറോനകളുടെ ചുമതലകൾ നൽകി.

1. പനത്തടി – പീയൂസ് പറയിടം
2. വെള്ളരിക്കുണ്ട് കാഞ്ഞങ്ങാട് – അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ
3. തോമാപുരം ചെറുപുഴ – ഫിലിപ്പ് വെളിയത്ത്
4. വായാട്ടുപറമ്പ് മേരിഗിരി – അഡ്വ. ബിനോയ് തോമസ്
5. ആലക്കോട് – ബേബി നെട്ടനാനി
6. തളിപ്പറമ്പ് – ജോർജ് വടകര
7. ചെമ്പന്തൊട്ടി – ഡേവിസ് ആലങ്ങാടൻ
9. പൈസക്കരി – വർഗീസ് പള്ളിച്ചിറ
10. നെല്ലിക്കാംപൊയിൽ – സിസിലി പുഷ്പക്കുന്നേൽ, ചാക്കോച്ചൻ കാരാമയിൽ
11. കുന്നോത്ത് – അൽഫോൺസ് കളപ്പുര
12. ചെമ്പേരി – അബ്രഹാം ഈറ്റക്കൽ
13. എടൂർ – ബെന്നി പുതിയാമ്പുറം
14. പേരാവൂർ – അഡ്വ. ഷീജ സെബാസ്റ്റ്യൻ

### അടുപ്പുകൂട്ടി സമരം

പാചകവാതക വിലവർധനവിനെതിരെ കത്തോലിക്കാ കോൺഗ്രസ് അതിരൂപതയിലെ 16 ഫൊറോനാ കേന്ദ്രങ്ങളിലും 2750 ഭവനങ്ങളിലും പാചകവാതകം ബഹിഷ്കരിച്ചു കൊണ്ട് 'അടുപ്പുകൂട്ടി' സമരം 13-09-2021 ന് നടത്തി. സമരത്തിന്റെ അതിരൂപതാതല ഉദ്ഘാടനം ഇരിട്ടിയിൽ വച്ച് തലശ്ശേരി അതിരൂപതാ ആർച്ച് ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് നിർവ്വഹിച്ചു. അതിരൂപത ഡയറക്ടർ ഫാദർ ഫിലിപ്പ് കവിയിൽ മുഖ്യപ്രഭാഷണം നടത്തി. ഇൻഫാം സംസ്ഥാന സെക്രട്ടറി ഫാദർ ജോസഫ് കാവനാടി അനുഗ്രഹ പ്രഭാഷണം നടത്തി. ഫാദർ ആന്റണി ആനക്കല്ലിൽ, ഗ്ലോബൽ വൈസ് പ്രസിഡണ്ട് ബേബി നെട്ടനാനി, അതിരൂപതാ ജനറൽ സെക്രട്ടറി ബെന്നി പുതിയാമ്പുറം, വൈസ് പ്രസിഡണ്ടുമാരായ സിസിലി പുഷ്പക്കുന്നേൽ, അഡ്വക്കേറ്റ് ഷീജ സെബാസ്റ്റ്യൻ, ട്രഷറർ ഫിലിപ്പ് വെളിയത്ത്, സെക്രട്ടറിമാരായ അൽഫോൺസ് കളപ്പുര, വർഗീസ് പള്ളിച്ചിറ, ഫൊറോനാ പ്രസിഡണ്ട്മാരായ ടോമി വെട്ടിക്കാട്ട്, മാത്യു അള്ളാംകോട്, ജോർജ് കാനാട്ട് എന്നിവർ പ്രസംഗിച്ചു.

### മാർ ജോസഫ് കല്ലറങ്ങാട് പിതാവിന് പിന്തുണ

ലൗ ജിഹാദ്, നാർക്കോട്ടിക് ജിഹാദ് പ്രസ്താവന വിവാദത്തിൽ തലശ്ശേരി അതിരൂപത കത്തോലിക്കാ കോൺഗ്രസ് മാർ ജോസഫ് കല്ലറങ്ങാട് പിതാവിന് ശക്തമായ പിന്തുണ പ്രഖ്യാപിച്ചു.

### വന്യജീവികളുടെ ആക്രമണത്തിനെതിരെ ഉപവാസ സമരം

മലയോരമേഖലയിലെ ജനങ്ങളുടെ സ്വത്തിനും ജീവനും തന്നെ ഭീഷണി ആയിരിക്കുന്ന വന്യജീവി ആക്രമണത്തിന് എതിരെ കേന്ദ്ര-കേരള ഗവൺമെന്റ് നടപടിയെടുക്കാത്തതിൽ പ്രതിഷേധിച്ച് കത്തോലിക്കാ കോൺഗ്രസ് ശക്തമായ സമര പരിപാടികൾ നടത്തുവാൻ തീരുമാനിച്ചു. ആദ്യഘട്ടമായി പയ്യാവൂരിൽ പൈസക്കരി ഫൊറോനാ പ്രസിഡണ്ട് മൈക്കിൾ ചാണ്ടിക്കൊല്ലിയുടെ നേതൃത്വത്തിൽ 20-09-2021 ന് ഏകദിന ഉപവാസം നടത്തി. ഇരിക്കൂർ MLA അഡ്വക്കേറ്റ് സജീവ് ജോസഫ് ഉപവാസം ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാദർ ഫിലിപ്പ് കവിയിൽ മലയോര കർഷകർ അഭിമുഖീകരിക്കുന്ന വിവിധങ്ങളായ ആനുകാലിക പ്രശ്നങ്ങളിലേക്ക് സർക്കാരിന്റെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് മുഖ്യപ്രഭാഷണം നടത്തി. ആർച്ച്ബിഷപ് എമിരിറ്റസ് മാർ ജോർജ് വലിയമറ്റം സമര ഭടന്മാർക്ക് നാരങ്ങാനീര് നൽകി ഉപവാസ സമരം അവസാനിപ്പിച്ചു. അതിരൂപതാ പ്രസിഡണ്ട് അഡ്വക്കേറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേൽ, ഗ്ലോബൽ വൈസ് പ്രസിഡണ്ട് ബേബി നെട്ടനാനി, രൂപതാ ജനറൽ സെക്രട്ടറി ബെന്നി പുതിയാമ്പുറം, ഗ്ലോബൽ വർക്കിംഗ് കമ്മിറ്റി അംഗം അഡ്വക്കേറ്റ് ബിനോയ് തോമസ്, രൂപതാ വൈസ് പ്രസിഡണ്ട് അഡ്വക്കേറ്റ് ഷീജ സെബാസ്റ്റ്യൻ,

# നിർമ്മലഗിരി വാർത്തകൾ

നിർമലഗിരി കോളേജ് എൻ എസ് എസിന്റെയും ഇരിട്ടി നഗര സഭയുടേയും സഹകരണത്തോടെ നിർമിച്ചുനൽകുന്ന വീടിന്റെ താക്കോൽ ദാനം നടത്തിയതാണ് ഈ മാസത്തെ വലിയ വാർത്ത. കോളജിനും എൻ.എസ്.എസിനും ഏറെ അഭിമാനം പകർന്ന ദിനമായിരുന്നു സെപ്റ്റംബർ 30.

സെപ്റ്റംബർ ഒന്നിന് നിർമലഗിരി കോളേജ് എൻ.സി.സി. 9 കേരള ബറ്റാലിയൻ കോഴിക്കോടും 31 കേരള ബറ്റാലിയൻ കണ്ണൂരും ഗൈനക്കോളജി സൊസൈറ്റി കണ്ണൂരും സംയുക്തമായി 'കോവിഡ് കാലം: മാനസിക സമ്മർദ്ദവും പരിഹാര മാർഗങ്ങളും'എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. ലഫ്റ്റനന്റ് ഡോ. സുജ മറിയാമ്മ ജോഷ്വാ അദ്ധ്യക്ഷ യായിരുന്ന പരിപാടി കോളേജ് പ്രിൻസിപ്പൽ ഡോ ഔസേപ്പച്ചൻ കെ വി ഉദ്ഘാടനം ചെയ്തു. ആശ്രയ ഹോസ്പിറ്റൽ സീനിയർ ഗൈനക്കോളജിസ്റ്റ് ഡോ. സുചിത്ര സുധീർ, കണ്ണൂർ ഗൈനക്കോളജി സൊസൈറ്റി പ്രസിഡന്റ് ഡോ. ഷൈജസ് എന്നിവർ ക്ലാസ് നയിച്ചു. എൻ.സി.സി. കെയർടേക്കർ അസിസ്റ്റന്റ് പ്രൊഫ. പ്രഫുൽ കെ വർക്കിച്ചൻ,കേഡറ്റ് കിരൺ എസ് കുമാർ എന്നിവർ പ്രസംഗിച്ചു.

അഞ്ചിന് നിർമലഗിരി കോളേജ് സ്റ്റാഫ് അസോസിയേഷന്റെ നേതൃത്വത്തിൽ അധ്യാപകദിനം ആചരിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി. അധ്യക്ഷത വഹിച്ചു. കാലടി സംസ്കൃത സർവകലാശാല മുൻ വൈസ് ചാൻസിലർ ഡോ. എം. സി. ദിലീപ് കുമാർ മുഖ്യപ്രഭാഷണം നടത്തി. കോളേജ് രക്ഷാധികാരി മാർ.ജോർജ് ഞരളക്കാട് അധ്യാപകർക്ക് ആശംസ നേർന്നുകൊണ്ടുള്ള വീഡിയോ സന്ദേശം നൽകി. കോളേജ് ബർസാർ റവ. ഫാ. ഷാജി തെക്കേ മുറി അനുഗ്രഹപ്രഭാഷണം

---

സെക്രട്ടറിമാരായ വർഗീസ് പള്ളിച്ചിറ, ഡേവിസ് ആലങ്ങാടൻ, സുരേഷ് ജോർജ് തുടങ്ങിയ നേതാക്കൾ പ്രസംഗിച്ചു.

**'സ്നേഹ സാന്ത്വന' പദ്ധതി**

ചെമ്പേരി മേഖല കത്തോലിക്കാ കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ആശാൻ കവല തിരുരക്ത ആശ്രമത്തിലും, വെമ്പുവ തെരേസാ ഭവനിലും 'സ്നേഹ സാന്ത്വന' പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായം നൽകി.

സ്നേഹപൂർവ്വം,

**അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ**
അതിരൂപത പ്രസിഡണ്ട്

**ഫാ. ഫിലിപ്പ് കവിയിൽ**
അതിരൂപത ഡയറക്ടർ

നടത്തി. പി.എച്ച്.ഡി. നേടിയ ഡോ. ഫിനിതാ ജോസ്, ഫാ. ഡോ. ജോബി ജേക്കബ്, ഡോ. ജെയ്സൻ ജോസഫ്, ഫാ. ഡോ. മാർട്ടിൻ ജോസഫ്, യൂണിവേഴ്സിറ്റി മികച്ച എൻ. എസ്. എസ്. പ്രോഗ്രാം ഓഫീസർ ഡോ. ദീപാ മോൾ മാത്യു എന്നിവരെ അനുമോദിച്ചു. സ്റ്റാഫ് അസോസിയേഷൻ പ്രസിഡണ്ട് ലഫ്. ഡോ. സുജാ മറിയാമ്മ ജോഷ്വാ സ്വാഗതവും സെക്രട്ടറി അസി. പ്രൊഫ. റോഷൻ തോമസ് നന്ദിയും പറഞ്ഞു.

പത്തന് എൻ.എസ്.എസ് യൂണിറ്റുകളുടെ നേതൃത്വത്തിൽ ലോക ആത്മഹത്യ പ്രതിരോധ ദിനം ആചരിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി. വെബിനാർ ഉദ്ഘാടനം ചെയ്തു. പ്രമുഖ മനഃശാസ്ത്രഞ്ജയും ബോധിത സൈക്കോളജിക്കൽ സർവീസസിന്റെ ഫൗണ്ടറുമായ ഡോ. രേഖ ബി. രവീന്ദ്രൻ മുഖ്യപ്രഭാഷണം നടത്തി. ആത്മഹത്യയുടെ പ്രധാന കാരണങ്ങളെക്കുറിച്ചും അപായ സൂചനകളെ ക്കുറിച്ചും പ്രതിരോധം എന്നിവയെ കുറിച്ചും അവർ ക്ലാസെടുത്തു. പ്രോഗ്രാം ഓഫീസർ ജെയ്സൺ ജോസഫ് അദ്ധ്യക്ഷത വഹിച്ചു. പ്രോഗ്രാം ഓഫീസർ ഡോ. ദീപാ മോൾ മാത്യു ആശംസയർപ്പിച്ചു സംസാരിച്ചു. യൂണിറ്റ് സെക്രട്ടറി സ്വാതി ബാലകൃഷ്ൻ, വളന്റ്റിയേഴ്സായ ക്രിസ്റ്റി റെജി, അലീന വർഗീസ്, നിരഞ്ജന മഹേഷ് എം. സി, ചന്ദന എൻ. എന്നിവർ സംസാരിച്ചു.

എൻ.എസ്.എസ്. ചാവശേരിയിൽ നിർമിക്കുന്ന സ്നേഹഭവനം പതിനാലിന് പേരാവൂർ എംഎൽഎ അഡ്വ. സണ്ണി ജോസഫ് സന്ദർശിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി, എൻഎസ്എസ് പ്രോഗ്രാം ഓഫീസർ ഡോ.ദീപമോൾ മാത്യു, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ പി.കെ ബൽക്കിസ് എന്നിവരും സന്നിഹിത രായിരുന്നു.

നിർമലഗിരി കോളജ് ഫിസിക്സ് വിഭാഗം അധ്യക്ഷനായി വിരമിച്ച പ്രഫ. എ. പി. ഫ്രാൻസീസിന്റെ നിര്യാണത്തിൽ അനുശോചിച്ച് പതിനാറിന് സ്റ്റാഫ് അസോസിയേഷൻ അനുശോചന യോഗം നടത്തി. സ്റ്റാഫ് അസോസിയേഷൻ പ്രസിഡന്റ് ഡോ. സുജ മറിയാമ്മ ജോഷ്വ അനുശോചനപ്രമേയം അവതരിപ്പിച്ചു. ബർസാർ ഫാ. ഷാജി തെക്കേമുറി, പ്രിൻസിപ്പൽ ഡോ.കെ.വി ഔസേപ്പച്ചൻ, പ്രഫ. ദേവസ്യ ഇ. ജെ., ഡോ. ജോൺ ജോസഫ്,ഡോ.ജോജി കുര്യൻ,ജോസഫ് പോൾ എന്നിവർ അനുസ്മരണ പ്രഭാഷണം നടത്തി.

24ന് എൻ എസ് എസ് ദിനം ഓൺലൈനായി ആഘോഷിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. കെ. വി ഔസേപ്പച്ചൻ അധ്യക്ഷനായ ചടങ്ങിൽ മുഖ്യതിഥിയായി കാലിക്കറ്റ് യൂണിവേഴ്സിറ്റി എൻ എസ് എസ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് കോർഡിനേറ്റർ ഡോ. സണ്ണി എൻ എം പങ്കെടുത്തു. എൻ എസ് എസിന്റെ പ്രാഥമിക ലക്ഷ്യങ്ങളും ആധുനിക സമൂഹത്തിൽ വ്യക്തിത്വ വികസനത്തിന്റെ പ്രാധാന്യവും ഡോ. സണ്ണി പങ്കുവെച്ചു.

പ്രോഗ്രാം ഓഫീസർമാരായ ഡോ. ദീപാമോൾ മാത്യു, ഡോ ജെയ്സൺ ജോസഫ് എന്നിവർ സംസാരിച്ചു. തുടർന്ന് വിവിധ കലാപരിപാടികൾ നടന്നു. വോളണ്ടിയേഴ്സായ സഞ്ജയ് ഷാജി, സെസി തോമസ്, ഗോപിക ടി സി, മുഹമ്മദ് അമീർ, വിസ്മയ എന്നിവരും ചടങ്ങിൽ സംസാരിച്ചു.

28 ന് 'വിഷബാധ അറിയേണ്ടതെല്ലാം' എന്ന വിഷയത്തിൽ എൻഎസ് എസ് വെബിനാർ സംഘടിപ്പിച്ചു. പ്രൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ. വി. അധ്യക്ഷത വഹിച്ചു. വെറ്ററിനറി സർജൻ ഡോ. ഷിബു പിഎൻ ക്ലാസ് നയിച്ചു. പ്രോഗ്രാം ഓഫീസർമാരായ ഡോ. ദീപമോൾ മാത്യു, ഡോ. ജെയ് സൺ ജോസഫ് എന്നിവർ സംസാരിച്ചു. വോളണ്ടിയേഴ്സായ ബ്രിജിത്ത് കെ. സെബാസ്റ്റ്യൻ, വിസ്മയ കെ.കെ. എന്നിവർ സംസാരിച്ചു.

25ന് നിർമലഗിരി ഹിസ്റ്ററി ഡിപ്പാർട്ട്മെന്റും ചേറ്റുർ ശങ്കരൻ നായർ ഫൌണ്ടേഷനും സംയുക്തമായി കേരളത്തിലെ തിയസോഫിക്കൽ പ്രസ്ഥാനം എന്ന വിഷയത്തിൽ ഓലൈൻ സെമിനാർ നടത്തി. കോഴിക്കോട് യൂണിവേഴ്സിറ്റി ചരിത്രാധ്യപകൻ ഡോ. ശിവദസൻ പി. വിഷയാവതരണം നടത്തി. പ്രൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ. വി. അധ്യക്ഷത വഹിച്ചു. ഹിസ്റ്ററി വിഭാഗം മുൻ അധ്യക്ഷൻ ഡോ. ജോൺ ജോസഫ് മോഡറേറ്ററായി. ഡോ. സിസ്റ്റർ മഞ്ജു ഒ. എസ്. സ്വാഗതവും സ്വാതി ബാലകൃഷ്ണൻ നന്ദിയും പറഞ്ഞു.

എൻ.എസ്.എസ്. ചാവശേരിയിൽ നിർമിച്ചു നൽകുന്ന വീടിന്റെ താക്കോൽ ദാനച്ചടങ്ങ് 30ന് നടത്തി.തലശേരി അതിരൂപതാ സഹായ മെത്രാനും കോളേജ് മാനേജരുമായ മാർ ജോസഫ് പാംപ്ലാനി അധ്യക്ഷത വഹിച്ചു. പേരാവൂർ എംഎൽഎ അഡ്വ. സണ്ണി ജോസഫ് ചടങ്ങ് ഉദ്ഘാടനം ചെയ്തു. ഇരിട്ടി നഗരസഭാ ചെയർ പേഴ്സൺ കെ. ശ്രീലത സ്നേഹഭവനം അനാച്ഛാദനം നടത്തി. താക്കോൽദാനം തലശേരി അതിരൂപതാ സഹായമെത്രാനും കോളേജ് മാനേജരുമായ മാർ ജോസഫ് പാംപ്ലാനിയും എംഎൽഎയും ചേർന്ന് നിർവഹിച്ചു. കോളജ് ബർസാർ ഫാ. ഷാജി തെക്കേമുറി അനുഗ്രഹ ഭാഷണം നടത്തി. പ്രൻസിപ്പൽ ഡോ. കെ. വി. ഔസേപ്പച്ചൻ ആമുഖ ഭാഷണം നടത്തി. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ് സൺ പി. കെ. ബൾക്കിസ്, വാർഡ് മെമ്പർ പുഷ്പ, അധ്യാപക പ്രതിനിധി ഡോ. ടെസി ജോർജ് എന്നിവർ ആശംസ അർപ്പിച്ച് സംസാരിച്ചു. എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ ഡോ. ദീപമോൾ മാത്യു സ്വാഗതവും യൂണിറ്റ് സെക്രട്ടറി സ്വാതി ബാലകൃഷ്ണൻ നന്ദിയും പറഞ്ഞു.

മാറ്റിവച്ചിരുന്ന യുജി, പിജി ഫസ്റ്റ് സമസ്റ്റർ പരീക്ഷകൾ 13 മുതൽ നടത്തി. ഒന്നാം വർഷ ബിരുദ പ്രവേശനം 28 മുതൽ ആരംഭിച്ചു.

**പി ആർ ഒ**
നിർമ്മലഗിരി കോളേജ്

# ACCOMPAINYING DEAF AND AWAKINING MISSION (ADAM)

സെപ്റ്റംബർ 4, 11, 18, 25 തീയതികളിൽ കാത്തലിക് ഡഫ് അസോസിയേഷൻ ഓഫ് ഇന്ത്യയുമായി ചേർന്ന് സൂം ആപ്പ് വഴിയായി വിശുദ്ധ ബലി അർപ്പിച്ചു. വിവിധ ഭാഗങ്ങളിലുള്ള ബധിര കുടുംബങ്ങളെ പരിചയപ്പെടുത്തി.

## പരിശുദ്ധ അമ്മയുടെ ജനനതിരുനാൾ ആഘോഷം

മൂന്നു ദിവസത്തെ നൊവേനയോടും വി. ബലിയോടും കൂടി തിരുനാൾ ആഘോഷം നടത്തി. തിരഞ്ഞെടുക്കപ്പെട്ട വ്യക്തികൾ പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ ശക്തിയുടെ അനുഭവങ്ങൾ പങ്കുവെച്ചു.

## ലോക ആംഗ്യഭാഷ ദിനാചരണങ്ങൾ

സെപ്റ്റംബർ 15ന് ചെമ്പന്തൊട്ടി ഫൊറോനാ എസ് എം വൈ എം ആഭിമുഖ്യത്തിൽ ബഹുമാനപ്പെട്ട ഫൊറോന ഡയറക്ടർ ഫാദർ പോൾ ഇടത്തിനകം, പ്രസിഡണ്ട് ജിൻജു, അമിത തോമസ്, ആൻ മരിയ, ശാലൻ ജോഷി, റോബിൻ എന്നിവർ കാലിച്ചാനടുക്കം ദേവാലയത്തിലെത്തി ആദം ഡയറക്ടർ ഫാദർ ജോർജ് കളരിമുറിയിലിനെ ആദരിക്കുകയും ആദം മിനിസ്ട്രിയെക്കുറിച്ചും ഇന്ത്യൻ ആംഗ്യഭാഷയെക്കുറിച്ചും വിശകലനം ചെയ്യുകയും ചെയ്തു.

സെപ്റ്റംബർ 23ന് ആദം മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ വിവിധ സംസ്ഥാനങ്ങളിലുള്ള ആംഗ്യഭാഷ വിശ്വാസ സമൂഹത്തെ ഒന്നിച്ചുചേർത്ത് ആംഗ്യഭാഷ ദിനാചരണം നടത്തി. ഫാദർ ജോർജ് കളരിമുറിയിൽ പ്രാർത്ഥനാ ശുശ്രൂഷയും സ്വാഗതവും നൽകി. നവധ്വനി ഡയറക്ടർ റവ. ഫാദർ ബിജു മുല്ലക്കര, ഇന്ത്യൻ സൈൻ ലാംഗ്വേജ് അസോസിയേഷൻ ബോർഡ് മെമ്പർ മാത്യു മാർട്ടിൻ, കാത്തലിക് ഡഫ് അസോസിയേഷൻ പ്രസിഡൻറ് സ്റ്റാലിൻ, സെക്രട്ടറി ജോഷി, ബദർ ജോസഫ്, തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. കുട്ടികളും മുതിർന്നവരും വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

സെപ്റ്റംബർ 28ന് കാഞ്ഞങ്ങാട് ഫൊറോന എസ് എം വൈ എം, കാലിച്ചാനടുക്കം എസ് എം വൈ എം, ആദം മിനിസ്ട്രി എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ ചായ്യോത്ത് ജ്യോതി ഭവൻ സ്പീച്ച് ആൻഡ് ഹിയറിങ് സ്കൂളിൽ വച്ച് ലോക ആംഗ്യ ഭാഷ ദിനാചരണം സംഘടിപ്പിച്ചു.

# കരിസ്മാറ്റിക് നവീകരണം

## തലശ്ശേരി സോണിന്റെ പ്രവർത്തനങ്ങൾ

1. ദൈവവചന ബാനർ ഉപയോഗിച്ച് ഇരിട്ടി, ഉളിക്കൽ, വള്ളിത്തോട് , എടൂർ എന്നീ ടൗണുകൾ കേന്ദ്രീകരിച്ച് വചനപ്രഘോഷണം നടത്തി.
2. യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ELPIZO യൂത്ത് ആനിമേഷൻ പ്രോഗ്രാം നടത്തി എഴുപതിലധികം യുവജനങ്ങൾ പങ്കെടുത്തു. എൽപിസോയിക്ക് തലശ്ശേരി ആനിമേറ്റർ ഫാ. വർഗ്ഗീസ് മുണ്ടയ്ക്കൽ OFM Cap, ഫാ. ജിജോ OFM Cap, ഫാ. ജോജോ OFM Cap എന്നിവർ നേതൃത്വം നല്കി.
3. സിസ്റ്റർ മേരി മാത്യു സിഎംസിയെ KCSC യുടെ സിസ്റ്റേഴ്സിന്റെ അഡ് ഹോക്ക് കമ്മററി സെക്രട്ടറിയായും നോർത്ത് മലബാർ സബ് റീജിയൻ സിസ്റ്റേഴ്സ് ആനിമേറ്റർ ആയും തിരഞ്ഞെടുത്തു.
4. KCSC നടത്തിയ ശിഷ്യത്വ പരിശീലന പരിപാടിയിൽ 25 പേർ പങ്കെടുത്തു. 12 ആഴ്ച കൊണ്ടാണ് പരിശീലനം പൂർത്തിയാക്കിയത്.

---

ഫൊറോന ഡയറക്ടർ ഫാദർ ജോമിഷ് നൂറംമ്മാക്കൽ, പ്രസിഡൻറ് അൻസൽ പുളിക്കൻ മേഖലാ ഭാരവാഹികൾ, കാലിച്ചാനടുക്കം പ്രസിഡണ്ട് അമൽ കൊണ്ടയിൽ, ഭാരവാഹികൾ, പ്രിൻസിപ്പൽ സി. ഫിൻസി S.H., കുട്ടികൾ, മാതാപിതാക്കൾ, അധ്യാപകർ തുടങ്ങിയവർ പങ്കെടുത്തു.

ചെമ്പന്തൊട്ടി കാഞ്ഞങ്ങാട് ഫൊറോനാ എസ് എം വൈ എം പ്രവർത്തകർക്ക് അഭിനന്ദനങ്ങളും നന്ദിയും.

### ഒക്ടോബർ

2,9,16,23,30 വിശുദ്ധ കുർബാന
ഓൺലൈൻ മരിയൻ ധ്യാനം
29-30 തീയതികളിൽ 7.30 pm
കൊന്ത നമസ്കാരം
22-31 തീയതികളിൽ 7.00 pm

സ്നേഹപൂർവം,

**ഫാ. ജോർജ് കളരിമുറിയിൽ**
ഡയറക്ടർ

5. സിസ്റ്റർ മേരി മാത്യു സിഎംസി എഴുതിയ 'നവീകരണം ആത്മാവിന്റെ ലഹരി' എന്ന പുസ്തക പ്രസാധനം പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ സിനോബി സിഎംസി, തലശ്ശേരി സോൺ ആനിമേറ്റർ റവ. ഫാ. വർഗീസ് മുണ്ടയ്ക്കലിന് കൊടുത്ത് പ്രസാധനം നിർവ്വഹിച്ചു.

6. കൂത്തുപറമ്പ്, പേരാവൂർ, നെല്ലിക്കാംപൊയിൽ, കുന്നോത്ത് എന്നീ 5 സോണുകളിൽ ആയി ലൈഫ് സ്പിരിറ്റ് സെമിനാർ LSS 9 ഗ്രൂപ്പുകളായി നടത്തിവരുന്നു. 7 ആഴ്ചകളിലായി നടത്തുന്ന ഈ പ്രോഗ്രാമിൽ 200ലധികം പേർ പങ്കെടുക്കുന്നു.

7. 1.9.2021 മുതൽ 31.12.2021 വരെ നടത്തുന്ന കരിസ്മാറ്റിക് ജൂബിലി വർഷ ഒരുക്കത്തിനായുള്ള മധ്യസ്ഥപ്രാർത്ഥന 24 സോണുകളിൽ ആയി 24 മണിക്കൂർ നടന്നുവരുന്നു. തലശ്ശേരി സോൺ മധ്യസ്ഥപ്രാർത്ഥന മിനിസ്ട്രിയുടെ നേതൃത്വത്തിൽ 2 am മുതൽ 3 am വരെയുള്ള സമയത്തിലാണ് ഈ അഖണ്ഡ മധ്യസ്ഥ പ്രാർത്ഥന നടത്തുന്നത്.

8. നോർത്ത് മലബാർ സബ് റീജിയൻ തലത്തിൽ രൂപീകരിച്ച തൂവാനീസ മിനിസ്ട്രീ സെപ്റ്റംബർ 13-ന് സംഗമം നടത്തി. തലശ്ശേരി, കണ്ണൂർ, കാസറഗോഡ് സോണുകളിലെ അമ്മമാർ പങ്കെടുത്തു.

9. എല്ലാ വെള്ളിയാഴ്ചകളിലും സോണൽ സബ് സോൺ തല മധ്യസ്ഥ്യ പ്രാർത്ഥന 8.30pm മുതൽ 9.45pm വരെ ഒന്നിടവിട്ടുള്ള ആഴ്ചകളിൽ നടത്തപ്പെടുന്നു.

10. ജീവകാരുണ്യ പ്രവർത്തനങ്ങളിൽ 1941320 രൂപ രോഗികൾക്കായി നൽകി സഹായിച്ചു.

11. യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ എല്ലാ ആഴ്ചകളിലും യുവജന പ്രാർത്ഥനാ മീറ്റിംഗ് നടക്കുന്നു. സെപ്റ്റംബർ 7-ന് "അമ്മയ്ക്കരികെ" എന്ന പ്രോഗ്രാമിൽ തലശ്ശേരി സോണിലെ യുവജനങ്ങൾ പങ്കെടുത്തു.

12. തലശ്ശേരി സോൺ ക്രിസ്റ്റീൻ മിനിസ്ട്രിയുടെ സർവീസ് ടീം മെമ്പേഴ്സ് എല്ലാ തിങ്കളാഴ്ചയും 9.30 pmന് മീറ്റീംഗ് കൂടി പ്രാർത്ഥിക്കുന്നു. സോണൽ തലത്തിലുള്ള കുട്ടികളുടെ പ്രയർ മീറ്റീംഗ് ശനിയാഴ്ച 3.30 pm വരെ നടത്തപ്പെടുന്നു. കൂടാതെ വിവിധ ഇടവകകളിൽ ഞായറാഴ്ച കളിൽ ഗ്രൂപ്പായി പ്രാർത്ഥിക്കുന്നു. സെൻട്രൽ മിനിസ്ട്രി നടത്തിയ സാൻജോസ് പ്രസംഗ മത്സരത്തിൽ പങ്കെടുത്ത് സംസ്ഥാന തലത്തിൽ സമ്മാനങ്ങൾ കരസ്ഥമാക്കി.

**ഡയറക്ടർ**

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി, മുക്തിശ്രീ, എഡിഎസ്‌യു, പ്രതീക്ഷാ മദ്യപ ചികിത്സാകേന്ദ്രം

### ജയ്സൺ മർക്കോസിനേയും സി. ടെസി മരിയ എസ്എച്ച് ന്റെയും അനുസ്മരണം പേരാവൂരിൽ

കെസിബിസി മദ്യവിരുദ്ധസമിതി അതിരൂപതാ ജനറൽ സെക്രട്ടറിയായിരുന്ന ജയ്സൺ മർക്കോസിന്റേയും ആനിമേറ്റർ സി. ടെസി മരിയ എസ് എച്ച്.ന്റെയും ചരമവാർഷികം ഓഗസ്റ്റ് 29ന് പേരാവൂർ ഫൊറോന പള്ളിയിൽ നടത്തി. വി. കുർബാന, സെമിത്തേരിയിൽ ഒപ്പീസ്, അനുസ്മരണ സമ്മേളനം എന്നിവ നടന്നു. ഫാ. ചാക്കോ കുടിപ്പറമ്പിൽ, ഫാ. തോമസ് കൊച്ചുകരോട്ട്, ആന്റണി മേൽവെട്ടം, ഷിനോ പാറയ്ക്കൽ എന്നിവർ നേതൃത്വം നല്കി.

### പ്രതീക്ഷയിൽ ആരോഗ്യ സെമിനാർ

ഓഗസ്റ്റ് 30ന് പ്രതീക്ഷയിൽ ആരോഗ്യസെമിനാർ നടത്തി. ഡോ. സെറീബ സെമിനാർ നയിച്ചു. ഫാ. മാത്യു കാരിക്കൽ അദ്ധ്യക്ഷത വഹിച്ചു. ഡയറക്ടർ അച്ചൻ ഉദ്ഘാടനം ചെയ്തു.

### അതിരൂപതാ സമ്മേളനം

അതിരൂപതാ ഭാരവാഹികളുടെ സമ്മേളനം ഓഗസ്റ്റ് 31ന് നടന്നു. ആന്റണി മേൽവെട്ടം അദ്ധ്യക്ഷത വഹിച്ചു. ഷിനോ പാറയ്ക്കൽ ആമുഖപ്രഭാഷണം നടത്തി. ഡയറക്ടർ മുഖ്യപ്രഭാഷണം ചെയ്തു. സംഘടനകളുടെ ഭാവികാര്യങ്ങൾ ചർച്ചചെയ്തു.

### പ്രതിഷേധിച്ചു

സെപ്റ്റംബർ 4ന് KCBC മദ്യവിരുദ്ധ സമിതി മുക്തിശ്രീ പ്രതിഷേധ സമരം സംഘടിപ്പിച്ചു. KSRTC ബസ്സ് സ്റ്റാന്റുകളിൽ മദ്യവില്പന ആരംഭിക്കുമെന്ന വിലകുറഞ്ഞ പ്രസ്താവനയെ എതിർത്തുകൊണ്ടും സമരമുഖത്ത് തങ്ങൾ നിലയുറപ്പിക്കും എന്നും പ്രഖ്യാപിച്ചുകൊണ്ടായിരുന്നു സമരം നടന്നത്.

### തീവ്രവാദ വിരുദ്ധ ദിനാചരണം - സെപ്റ്റംബർ 13

വിധ്വംസക പ്രവർത്തനം നടത്തുന്ന വിശ്വാസികളെ നിരാകരിക്കണമെന്ന ആഹ്വാനവുമായി തീവ്രവാദ വിരുദ്ധ ദിനാചരണം സംഘടിപ്പിച്ചു. റവ. ഡോ. തോമസ് കൊച്ചുകരോട്ട് അദ്ധ്യക്ഷത വഹിച്ച പേരാവൂരിലെ സമ്മേളനം ഫാ. ചാക്കോ കുടിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. ജോജോ കൊട്ടാരം, ജെയിംസ് അറയ്ക്കൽ, തങ്കം മൂക്കനോലിക്കൽ എന്നിവർ പ്രസംഗിച്ചു.

**ജനവിരുദ്ധ പെട്രോൾനയം ഭരണകൂടങ്ങൾ തിരുത്തണം: സമരപരമ്പര**

മാഫിയ മോഡൽ ജനവിരുദ്ധ പെട്രോൾ നയം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തിരുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് തലശ്ശേരി, പേരാവൂർ, വായാട്ടുപറമ്പ, നടുവിൽ എന്നിവിടങ്ങളിൽ സമരങ്ങൾ നടന്നു. തലശ്ശേരിയിൽ നടന്ന പ്രതിഷേധ സമരം ഫാ. ചാക്കോ കുടിപ്പറമ്പിലും പേരാവൂരിൽ റവ. ഡോ. തോമസ് കൊച്ചുകരോട്ടും വായാട്ടുപറമ്പിൽ ഫാ. കുര്യാക്കോസ് കളരിക്കലും നടുവിൽ ഫാ. ജോബി ചെരുവിലും ഉദ്ഘാടനം ചെയ്തു.

**പ്രവർത്തക സമിതി സമ്മേളനം**

സെപ്റ്റംബർ 21ന് കെസിബിസി നടത്തിയ പ്രവർത്തക സമിതി സമ്മേളനം ഫാ. ചാക്കോ കുടിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. ഒക്ടോബർ 2ന് ഗാന്ധിജയന്തി ദിനത്തോടനുബന്ധിച്ച് ലഹരിവിരുദ്ധ ബോധവത്ക്കരണ പര്യടനങ്ങൾ കണ്ണൂർ - കാസറഗോഡ് ജില്ലകളിൽ നടത്തുവാൻ തീരുമാനിച്ചു. ആന്റണി മേൽവെട്ടം, ഷിനോ പാറയ്ക്കൽ എന്നിവർ പ്രസംഗിച്ചു.

**പ്രതീക്ഷാ മാനേജിംഗ് കമ്മിറ്റി**

പ്രതീക്ഷാ മദ്യപ ചികിത്സാകേന്ദ്രം മാനേജിംഗ് കമ്മിറ്റി മീറ്റിംഗ് സെപ്റ്റംബർ 25ന് നടന്നു. പ്രതീക്ഷയുടെ ഭാവിപ്രവർത്തനങ്ങൾ ചർച്ച ചെയ്തു.

**കൃതജ്ഞത**

നെല്ലിക്കാംപൊയിൽ മേഖലയുടെ ഡയറക്ടറായി നാളിതുവരെ നേതൃത്വം നല്കിയ ബഹു. സെബാസ്റ്റ്യൻ മൂക്കിലിക്കാട്ട് അച്ചന് അതിരൂപതാ കുടുംബത്തിന്റെ കൃതജ്ഞത.

**സ്വാഗതം**

നെല്ലിക്കാംപൊയിൽ മേഖലയുടെ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി, മുക്തി ഡയറക്ടറായി ചുമതലയേറ്റ ബഹു. ജേക്കബ് പഞ്ഞിക്കുന്നേൽ അച്ചന് ഹൃദ്യമായ സ്വാഗതം.

ആദരവോടെ,

**ഫാ. മാത്യു കാരിക്കൽ**
അഡ്മിനിസ്ട്രേറ്റർ
ഡയറക്ടർ, എഡിഎസ്‌യു

**ഫാ. ചാക്കോ കുടിപ്പറമ്പിൽ**
ഡയറക്ടർ

# സാമൂഹ്യസേവനവേദി

**തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി**

**(ടി.എസ്.എസ്.എസ്.)**

## നിയമ ബോധവൽക്കരണ ക്ലാസ്സുകളുടേയും നിയമസഹായ ക്ലിനിക്കിന്റേയും ജില്ലാതല ഉദ്ഘാടനം

കണ്ണൂർ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയുടേയും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടേയും സംയുക്താഭിമുഖ്യത്തിൽ സൗജന്യ നിയമ ബോധവൽക്കരണ ക്ലാസ്സുകളുടേയും നിയമസഹായ ക്ലിനിക്കിന്റേയും ജില്ലാതല ഉദ്ഘാടനം തലശ്ശേരി ടിഎസ്എസ്എസ് ഓഡിറ്റോറിയത്തിൽവച്ച് സംഘടിപ്പിച്ചു. കണ്ണൂർ പ്രിൻസിപ്പൽ ഡിസ്ട്രിക്ട് & തലശ്ശേരി സെഷൻസ് ജഡ്ജും, കണ്ണൂർ ഡിഎൽഎസ്എ ചെയർമാനുമായ ജോബിൻ സെബാസ്റ്റ്യൻ ജില്ലാതല ഔദ്യോഗിക ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. തലശ്ശേരി സബ് ജഡ്ജ് & കണ്ണൂർ ഡിഎൽഎസ്എ സെക്രട്ടറി രാമു രമേഷ് ചന്ദ്രബാനു അധ്യക്ഷത വഹിച്ചു. ടിഎസ്എസ്എസ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ സ്വാഗതം പറഞ്ഞു. തലശ്ശേരി എസിപി വിഷ്ണു പ്രദീപ് ഐപിഎസ് ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. തലശ്ശേരി മുനിസിപ്പൽ കൗൺസിലർ ഫിൽഷാദ്, ചൈൽഡ്ലൈൻ കൊളാബ് കോർഡിനേറ്റർ ബീന, കാവൽ പ്രൊജക്ട് കോർഡിനേറ്റർ സുമേഷ് പി.പി., ലീഗൽ കൗൺസിലർ ബിന്ദു കെ. തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു. അഡ്വ. വി. ടി. ഷീല നിയമബോധവൽക്കരണ ക്ലാസുകൾക്ക് നേതൃത്വം നൽകി.

## ടിഎസ്എസ്എസിന്റെ നേതൃത്വത്തിൽ കോവിഡ് പ്രതിരോധ കിറ്റുകളുടെ വിതരണം

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കാത്തലിക് ഹെൽത്ത് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ സഹകരണത്തോടെ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി 200-ഓളം ഭിന്നശേഷി കുട്ടികൾക്കായി ഹൈജീൻ കിറ്റുകൾ വിതരണം ചെയ്തു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ഉപയോഗിക്കേണ്ട അവശ്യസാധനങ്ങൾ ഉൾപ്പെടുത്തിയ കിറ്റുകൾ തെരഞ്ഞെടുത്ത വിവിധ സ്ഥലങ്ങളിൽവച്ച് വിതരണം ചെയ്യുകയും, നേരിട്ടു എത്തിച്ചേരുവാൻ സാധിക്കാത്തവർക്ക് അതാത് വീടുകളിൽ എത്തിച്ചു നൽകുകയും ചെയ്തു.

## ഡാറ്റാ കളക്ഷൻ പൂർത്തീകരിച്ച യൂണിറ്റുകൾക്ക് പ്രോത്സാഹന സമ്മാനം

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിലുള്ള യൂണിറ്റുകളുടെ ഡാറ്റകൾ ഗൂഗിൾ ഫോമിൽ നിശ്ചിത സമയത്തിനുള്ളിൽ അപ്ലോഡ്

ചെയ്യുകയും സബ്മിറ്റ് ചെയ്യുകയും ചെയ്ത യൂണിറ്റുകൾക്ക് പ്രോത്സാഹന സമ്മാനം നൽകുന്നു. പരമാവധി എല്ലാ യൂണിറ്റുകളും നിശ്ചയിച്ചിരിക്കുന്ന സമയത്തിനുള്ളിൽതന്നെ ഡാറ്റാ കളക്ഷൻ പൂർത്തീകരിച്ചു. ഇത്തരത്തിൽ വിവരങ്ങൾ പൂർണ്ണമായും സബ്മിറ്റ് ചെയ്ത ഓരോ യൂണിറ്റുകളിൽ നിന്നും മൂന്ന് കിടപ്പുരോഗികളെ വീതം തെരഞ്ഞെടുത്ത് അവർക്ക് മെഡിക്കൽ കിറ്റുകൾ സമ്മാനമായി നൽകുന്നു. കോവിഡ് കാലഘട്ടത്തിൽ അത്യവശ്യമായി വീടുകളിൽ കരുതേണ്ട പൾസ് ഓക്സി മീറ്റർ, തെർമോമീറ്റർ, എവാപൊറേറ്റർ, മാസ്കുകൾ, സാനിറ്റൈസർ എന്നിവയടങ്ങിയ മെഡിക്കൽ കിറ്റുകളാണ് വിതരണം ചെയ്യുന്നത്. നിശ്ചയിച്ച സമയത്തിനുള്ളിൽ ഡാറ്റാ കളക്ഷൻ പൂർത്തീകരിച്ച എല്ലാ യൂണിറ്റ് ഭാരവാഹികളേയും അംഗങ്ങളെയും പ്രത്യേകം അഭിനന്ദിക്കുന്നു.

## കാവൽ പ്ലസ് പ്രൊജക്ട്

വനിത ശിശുവികസന വകുപ്പ് സ്റ്റേറ്റ് നിർഭയ സെല്ലിന്റെയും ഐ.സി.പി.എസ്.ന്റെയും കീഴിൽ ആരംഭിച്ച ലൈംഗിക അതിക്രമം അതിജീവിച്ച കുട്ടികളുടെയും സി.എൻ.സി.പി. കുട്ടികളുടെയും സാമൂഹ്യാധിഷ്ഠിത പുനരധിവാസ പദ്ധതി (കാവൽപ്ലസ്) കണ്ണൂർ ജില്ലയിൽ പ്രവർത്തനമാരംഭിച്ചു. കണ്ണൂർ ജില്ലയിൽ പദ്ധതി നടത്തിപ്പിനായി തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയെ ചുമതലപ്പെടുത്തി. ഈ പ്രൊജക്ടിലേക്ക് ടിഎസ്എസ്എസിനെ ഏകകണ്ഠമായി തെരഞ്ഞെടുത്തത് ടിഎസ്എസ്എസിന്റെ ഓരോ അംഗങ്ങൾക്കും അഭിമാനിക്കാവുന്ന ഒരു കാര്യമാണ്. പ്രൊജക്ടിലേക്ക് ആവശ്യമായ സ്റ്റാഫുകളെ ഇന്റർവ്യൂ വഴി തെരഞ്ഞെടുത്ത് നിയമിച്ചു.

## കാരിത്താസ് ഇന്ത്യ വോളണ്ടിയേഴ്സ് ട്രെയിനിംഗ്

ദുരന്തമുഖത്ത് ആവശ്യമായ സേവാപ്രവർത്തനങ്ങൾ ചെയ്യുന്നതിനും കൃത്യമായ രീതിയിൽ ഇത്തരം ഘട്ടങ്ങളിൽ ഇടപെടുന്നതിനും ആവശ്യമായ ട്രെയിനിംഗ് കാരിത്താസ് ഇന്ത്യയുടെ നേതൃത്വത്തിൽ നൽകി. തലശ്ശേരി അതിരൂപതയിൽ നിന്നും 75-ഓളം ഡിഡിആർ വോളണ്ടിയേഴ്സ് പങ്കെടുത്ത ട്രെയിനിംഗിൽ ടിഎസ്എസ്എസ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ ആശംസ അറിയിക്കുകയും ടിഎസ്എസ്എസ് പ്രൊജ്ക്ട് മാനേജർ ശ്രീ. തോമസ് ജോൺ നന്ദി അറിയിക്കുകയും ചെയ്തു.

## സിആർഎസ് ത്രിദിന ട്രെയിനിംഗ്

കേന്ദ്ര മന്ത്രാലയത്തിന്റെ കീഴിൽ മിനിസ്ട്രി ഓഫ് ഇൻഫർമേഷൻ & ടെക്നോളജി ഗവ. ഓഫ് ഇന്ത്യ സംഘടിപ്പിച്ച മൂന്ന് ദിവസങ്ങളിലായി സംഘടിപ്പിച്ച സിആർഎസ് ട്രെയിനിംഗിൽ ടിഎസ്എസ്എസ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ പ്രൊജക്ട് ഓഫീസർ ശ്രീ. തോമസ് ജോൺ എന്നിവർ പങ്കെടുത്തു.

## യൂണിറ്റ് സന്ദർശനം

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി പ്രവർത്തിക്കുന്ന വിവിധ യൂണിറ്റുകളിൽ സന്ദർശനം നടത്തുകയും പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളേയും മുൻഭാരവാഹികളേയും യൂണിറ്റ് അംഗങ്ങളേയും ഉൾപ്പെടുത്തി യൂണിറ്റിന്റെ തുടർപ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

## നാഗപതി രീതിയിൽ തയ്യാറാക്കിയ കുരുമുളക് തൈകൾ വിതരണത്തിന്

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഗുണമേന്മയേറിയതും നാഗപതി രീതിയിൽ തയ്യാറാക്കിയതുമായ കുരുമുളക് തൈകൾ വിതരണത്തിന് തയ്യാറായിരിക്കുന്നു. പന്നിയൂർ-1, പന്നിയൂർ-2, വിജയ്, പന്നിയൂർ-5 എന്നീ പേരുകളിലായി വികസിപ്പിച്ചെടുത്ത തൈകൾ ഒന്നിന് 14 രൂപ നിരക്കിലായിരിക്കും ആവശ്യക്കാർക്ക് ലഭ്യമാവുക. രണ്ട് മാസം വളർച്ചയുള്ള 2500 തൈകളാണ് ആദ്യഘട്ടത്തിൽ തയ്യാറായിരിക്കുന്നത്. ഓർഡർ നൽകുന്നവർക്ക് ടിഎസ്എസ്എസ് മേഖലാ ഓഫീസുകൾ വഴി തൈകൾ വിതരണം ചെയ്യുന്നതായിരിക്കും...

***നാഗപതി രീതിയുടെ പ്രത്യേകതകൾ...***

- കർഷകർക്ക് അധിക വരുമാനം.
- ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കൽ.
- ഓരോ മൊട്ടിൽ നിന്നും ഓരോ തൈകൾ.
- ഒരു മാതൃസസ്യത്തിൽ നിന്നും ഒരു വർഷം 70 ഓളം വേരുപിടിച്ച തൈകൾ.
- കരുത്തുള്ള വേരുകൾ.
- നാഗപതി രീതിയിലൂടെ ഉണ്ടാക്കുന്ന തൈകളിൽ ആദ്യം വേരുപിടിക്കുന്ന കമ്പുകളിൽ മാത്രമാണ് പിന്നീട് മുളവരുന്നത്. അതുകൊണ്ടുതന്നെ മുള വന്ന എല്ലാ തൈകളും വളരെ നന്നായി വേരുപിടിച്ചവയായിരിക്കും. 100% തൈകളും തോട്ടത്തിൽ പിടിച്ച് കിട്ടുമെന്ന ഗുണം ഈ തൈകൾക്കുണ്ട്. കൂടാതെ വർഷം മുഴുവൻ നാഗപതി രീതിയിലൂടെ തൈകൾ ഉണ്ടാക്കാനും സാധിക്കുന്നു.

തൈകൾ ആവശ്യമുള്ളവർ എത്രയും വേഗം തന്നിരിക്കുന്ന നമ്പറുകളിൽ വിളിച്ച് തൈകൾ ബുക്ക് ചെയ്യേണ്ടതാണ്. **+917736572566, +919048299524**

ഒത്തിരി സ്നേഹത്തോടെ,

**ഫാ. ബെന്നി നിരപ്പേൽ**
ഡയറക്ടർ

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### ആഗസ്റ്റ് 2021

26 രാവിലെ 7 മണിക്ക് വെളിമാനം ഇടവകയിൽ നിര്യാതനായ മാത്യു കൊച്ചുപറമ്പിൽ സാറിന്റെ ഭവനത്തിലെത്തി ഒപ്പീസ്ചൊല്ലി പ്രാർത്ഥിച്ചു. 10 മണിക്ക് ഓൺലൈനിലൂടെ നടന്ന നിർമ്മലഗിരി കോളേജ് വിക്ടറി ഡേ ആഘോഷം ഉദ്ഘാടനം ചെയ്തു. 5 മണിക്ക് ഓൺലൈനിലൂടെ നടന്ന സീറോ മലബാർ സിനഡിൽ പങ്കെടുത്തു.

27 രാവിലെ കുന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരിയിൽ ഒന്നാം വർഷ വൈദിക വിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു. 5 മണിക്ക് ഓൺ ലൈനിലൂടെ നടന്ന സീറോ മലബാർ സിനഡിൽ പങ്കെടുത്തു.

28 രാവിലെ 10.30 ന് അരീക്കമല ഇടവകയിൽ വാളിപ്ലാക്കൽ പ്രിൻസ്-സ്മിത ദമ്പതികളുടെ വിവാഹം ആശീർവദിച്ചു. ഉച്ചക്ക് ചെമ്പേരി വിമൽ ജ്യോതി എഞ്ചിനിയറിംഗ് കോളേജ് സന്ദർശിച്ചു. വൈകുന്നേരം കരുവഞ്ചാൽ സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ നിർമ്മാണപ്രവർത്തന അവലോകന യോഗത്തിൽ അധ്യക്ഷത വഹിച്ചു.

29-30 കുന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരിയിൽ സിനഡൽ കമ്മീഷൻ മീറ്റീംഗിന് നേതൃത്വം കൊടുത്തു.

31 രാവിലെ 10 മണിക്ക് അതിരൂപതാ കേന്ദ്രത്തിൽ നടന്ന ചെമ്പേരി വിമൽ ജ്യോതി എഞ്ചിനിയറിംഗ് കോളേജ് ഭരണസമിതി യോഗത്തിൽ അധ്യക്ഷത വഹിച്ചു.ഉച്ചകഴിഞ്ഞ് 3 മണിക്ക് നടന്ന കൂരിയ സമ്മേളന ത്തിൽ അധ്യക്ഷത വഹിച്ചു. വൈകുന്നേരം 8 മണിക്ക് ജിൻസ് കണ്ണംകുളത്തേൽ അച്ചന്റെ യാത്രയപ്പ് മീറ്റീംഗിൽ അധ്യക്ഷത വഹിച്ചു.

### സെപ്തംബർ 2021

02 രാവിലെ 10.30ന് കരുണാപുരം ഇടവകയിൽ പുല്ലുവേലി ജെസ്വിന്റെ വിവാഹം ആശീർവദിച്ചു. തുടർന്ന് എസ്.എം.എസ്. കോൺഗ്രിഗേഷന്റെ അഗതിമന്ദിരം സന്ദർശിച്ചു.

03 അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു.

04 അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു.

06 അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം 6 മണിക്ക് ഓൺലൈനിലൂടെ നടന്ന മാർ പോൾ ചിറ്റിലപ്പിള്ളി അനുസ്മരണ യോഗത്തിൽ പങ്കെടുത്തു.

07 അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

08 രാവിലെ 9.30ന് കള്ളാർ ഇടവകയിൽ പുതിയതായി നിർമ്മിച്ച ദൈവാലയം കൂദാശ ചെയ്തു. വൈകുന്നേരം 6 മണിക്ക് പരിയാരം മദർഹോമിൽ വി. ബലിയർപ്പിച്ചു

09 രാവിലെ അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. 11 മണിക്ക് വീഡിയോ കോൺഫറൻസിലൂടെ നടന്ന സി.ബി.സി.ഐ.യുടെ ഭാരവാഹികളുടെ സമ്മേളനത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് 3 മണിക്ക് സൂം കോൺഫറൻസിലൂടെ നടന്ന യുണൈറ്റഡ് ക്രിസ്റ്റ്യൻ പ്രയർ ഫൊർ ഇന്ത്യയുടെ മീറ്റിംഗിൽ പങ്കെടുത്തു.

10 അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

11 രാവിലെ 10.30ന് കൊന്നക്കാട് ഇടവകയിൽമോൺ. കര്യാക്കോസ് മുണ്ടപ്ലാക്കലച്ചന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു.

12 വൈകുന്നേരം 4 മണിക്ക് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ ആഭിമുഖ്യത്തിൽ നടന്ന ജോസഫ് മാലിപ്പറമ്പിലച്ചന്റെ അനുസ്മരണയോഗത്തിൽ പങ്കെടുത്തു.

13 രാവിലെ 7 മണിക്ക് കുന്നോത്ത് എഫ്.സി.സി. മഠത്തിൽ പുതിയതായി നിർമ്മിച്ച ചാപ്പൽ കൂദാശ ചെയ്തു. ഉച്ചക്ക് കുന്നോത്ത് നസ്രത്ത് സഭയുടെ ഫോർമേഷൻ ഹൗസ് സന്ദർശിച്ചു.ഉച്ചകഴിഞ്ഞ് 2 മണിക്ക് ഇരിട്ടി ഇടവകയിൽ എ.കെ.സി.സിയുടെ ആഭിമുഖ്യത്തിൽ നടന്ന പാചക ഗ്യാസ് വില വർധനക്കെതിരെയുള്ള പ്രതിഷേധ സമരം ഉദ്ഘാടനം ചെയ്തു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽ നടന്ന കൂരിയ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.

14 അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

15 രാവിലെ 6.30 ന് തലശ്ശേരി നസ്രത്ത് കോൺവെന്റിൽ നടന്ന ജൂബിലിയാഘോഷത്തിൽ വി. ബലിയർപ്പിച്ചു. 9.30 ന് വീഡിയോ കോൺഫറൻസിലൂടെ നടന്ന സി.ബി.സി.ഐ. സ്റ്റാൻഡിംഗ് കമ്മിറ്റിയോഗത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് മുള്ളേരിയ ഇൻഫന്റ് ജീസസ് ദൈവാലയം സന്ദർശിച്ചു.

16 രാവിലെ 9.30 ന് വീഡിയോ കോൺഫറൻസിലൂടെ നടന്ന സി.ബി.സിഐ. സ്റ്റാൻഡിംഗ് കമ്മിറ്റി യോഗത്തിൽ പങ്കെടുത്തു. വൈകുന്നേരം അതിരൂപതാ കാര്യാലയത്തിൽ നടന്ന മാസധ്യാനത്തിൽ പങ്കെടുത്തു.

തുടർന്ന്മാർ ജോർജ് വലിയമറ്റം പിതാവിന്റെ ശതാഭിഷേകത്തോട നുബന്ധിച്ച് നടന്ന ആഘോഷത്തിൽ അധ്യക്ഷത വഹിച്ചു.

17 രാവിലെ 9.30 ന് വീഡിയോ കോൺഫറൻസിലൂടെ നടന്ന സി.ബി.സി.ഐ. സ്റ്റാൻഡിംഗ് കമ്മിറ്റി യോഗത്തിൽ പങ്കെടുത്തു. വൈകുന്നേരം 9 മണിക്ക് ഷാർജയിലുള്ള സീറോ മലബാർ കൂട്ടായ്മയിലെ മതബോധന വിദ്യാർത്ഥികൾക്കായി ക്ലാസ്സെടുത്തു.

18 രാവിലെ 10.30 ന് കുന്നോത്ത് നസ്രത്ത് ജനറലേറ്റിൽ നടന്ന ജൂബിലി യാഘോഷത്തിൽ വി. ബലിയർപ്പിച്ചു. തുടർന്ന് തേർമല ഇടവകയിൽ പുതിയതായി നിർമ്മിക്കുന്ന ദൈവാലയത്തിന്റെ ആനവാതിൽ പ്രതിഷ്ഠാകർമ്മം നിർവഹിച്ചു. വൈകുന്നേരം7 മണിക്ക് തലശ്ശേരി എഫ്.സി.സി. കോൺവെന്റിൽ നടന്ന ജൂബിലിയാഘോഷത്തിൽ വി. ബലിയർപ്പിച്ചു.

20-22 മക്കിയാട് ബനഡിക്ടൈൻ ധ്യാനകേന്ദ്രത്തിൽ പ്രാർത്ഥനയിൽ ചെലവഴിച്ചു.

22 വൈകുന്നേരം 6 മണിക്ക് വീഡിയോ കോൺഫറൻസിലൂടെ നടന്ന കോഴിക്കോട് രൂപതാ നവതിയാഘോഷത്തിൽ പങ്കെടുത്തു.

23 രാവിലെ 6.45 ന് നെല്ലിക്കാംപൊയിൽ സി.എം.സി. പ്രൊവിൻഷ്യൽ ഹൗസിൽ സിനാക്സിസിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. 10.30 ന് ഇരിട്ടി ഇടവകയിൽ പരേതനായ ജോസ് കാരക്കാട്ടിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം 9 മണിക്ക് ഓൺലൈനിലൂടെ നടന്ന കാത്തലിക്ക് നേഴ്സസ് ഗിൽഡിന്റെ സമ്മേളന ത്തിൽ പങ്കെടുത്തു.

24 രാവിലെ അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് 3.30 ന് അതിരൂപതാ കേന്ദ്രത്തിൽ നടന്ന കൂരിയ സമ്മേളന ത്തിൽ അധ്യക്ഷത വഹിച്ചു.വൈകുന്നേരം 6.30 ന് സൂം കോൺഫറൻ സിലൂടെ നടന്ന അതിരൂപതാ പ്രെസ്ബിറ്ററൽ കൗൺസിൽ യോഗത്തിൽ അധ്യക്ഷത വഹിച്ചു. രാത്രി 9 മണിക്ക് ജോസ്ഗിരി ഹോസ്പിറ്റലിൽ നിര്യാതയായ സി. ഫ്ളോറ മനയാനിക്കലിനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

25 രാവിലെ 9.30 ന് കിളിയന്തറ എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന സന്യാസിനിമാരുടെ സഭാവസ്ത്ര സ്വീകരണത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് 3 മണിക്ക് സൂം കോൺ ഫറൻസിലൂടെ നടന്ന അതിരൂപതാ പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ അധ്യക്ഷത വഹിച്ചു. തുടർന്ന് കിളിയന്തറ ഇടവകയിൽ സി. ഫ്ളോറ മനയാനിക്കലിന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ കാർമ്മികത്വം വഹിച്ചു

◈◈◈◈◈

# Programme of the Archbishop
## Mar George Njaralakatt

**October 2021**

| | | | |
|---|---|---|---|
| 01 | | - | GSMS Kunnoth |
| 02 | 8.00 am | - | Paisakary |
| | 11. 00 am | - | Areeckamala |
| | 4.00 pm | - | Perumbadav |
| 03 | 10.00 am | - | CML Jubilee Year Inauguration, Sandhesabhavan |
| 04-06 | | - | Mandya |
| 07 | 10.00 am | - | FCC Vestition - Kunnoth |
| 10 | 6.00 pm | - | Holy Mass - Mahe |
| 12 | 10.00 | - | SABS Convent blessing - Thalassery |
| 13 | 6.45 00 am | - | Holy Mass - NS Generalate Kunnoth |
| | 6.00 pm | - | Monthly Recollection |
| 16 | | - | Dhwaraka |
| 17 | | - | Nadavayal |
| 18 | | - | Kalpetta |
| 19 | | - | Nadavayal |
| 20 | | - | Mananthavady |
| 23 | 2.30 pm | - | School blessing - Chempanthotty |
| 24-27 | | - | Engaged |
| 30 | | - | Golden Jubilee Celebration - Thalassery |
| 31 | | - | Gudalloor |

**November 2021**

| | | | |
|---|---|---|---|
| 01-05 | | - | Annual Retreat |
| 06 | | - | Payyannur |
| 08 | | - | Chevayoor |
| 10 | | - | Monthly Recolletion |
| 11 | | - | Mananthavady |
| 15 | | - | Arivilanjapoil |

◈◈◈◈ Secretary to the Archbishop

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

### ആഗസ്റ്റ് 2021

26 രാവിലെ 10 മണിക്ക് വെളിമാനം ഇടവകയിൽ നിര്യാതനായ മാത്യു കൊച്ചുപറമ്പിൽ സാറിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

28 രാവിലെ 10.30 ന് മണിക്കടവ് ഇടവകയിൽ കുഴിയത്ത് ജിജോയുടെ പുതിയ ഭവനം വെഞ്ചരിച്ചു. ഉച്ചക്കഴിഞ്ഞ് പാലത്തുംകടവ് ഇടവകയിൽ തെക്കുംപുറത്ത് ജോസിന്റെ പുതിയ ഭവനം വെഞ്ചരിച്ചു.

29 നെല്ലിക്കുറ്റി എം.എസ്.എം.ഐ. കോൺവെന്റിൽ പരേതയായ സി. ലീന കല്ലോലിക്കൽ എം.എസ്.എം.ഐയുടെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

### സെപ്തംബർ 2021

08 രാവിലെ 6.30 ന് സന്ദേശഭവനിൽ പരി. അമ്മയുടെ പിറവിത്തിരുന്നാളിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു.

09 പാലാ രൂപതയിലെ കാഞ്ഞിരത്താനം ഇടവകയിൽ പാലിത്തോട്ടം ജെസ്സി ജോസിന്റെ ഭവനം വെഞ്ചരിച്ചു. 11.30 ന് ചങ്ങനാശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽവച്ച് കടവിൽ വിമൽ-റീന ദമ്പതികളുടെ വിവാഹം ആശീർവദിച്ചു.വൈകുന്നേരം ചങ്ങനാശ്ശേരി അതിരൂപതാ കാര്യാലയം സന്ദർശിച്ചു. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവുമായി കൂടിക്കാഴ്ച നടത്തി.

10 രാവിലെ 6.30 ന് ചങ്ങനാശ്ശേരി അതിരൂപതയുടെ പ്രീസ്റ്റ്ഹോമിൽ വിശുദ്ധ ബലിയർപ്പിച്ചു. തുടർന്ന് അഭിവന്ദ്യ മാർ ജോസഫ് പൗവ്വത്തിൽ പിതാവിനെ സന്ദർശിച്ചു.

11 രാവിലെ 6.30 ന് ചങ്ങനാശ്ശേരി അതിരൂപതയുടെ പ്രീസ്റ്റ്ഹോമിൽ വിശുദ്ധ ബലിയർപ്പിച്ചു. വൈകുന്നേരം പാലാ ബിഷപ്സ്ഹൗസ് സന്ദർശിച്ച്

അഭിവന്ദ്യ പിതാക്കന്മാരുമായി കൂടിക്കാഴ്ച നടത്തി. തുടർന്ന് ഭരണങ്ങാനം വിശുദ്ധ അൽഫോൻസാമ്മയുടെ കബറിടത്തിങ്കൽ പ്രാർത്ഥിച്ചു.

12 രാവിലെ 10 മണിക്ക് കുരുവനാൽ സെന്റ് മൈക്കിൾസ് ഇടവകയിൽ വഴുതനപ്പള്ളി ജെയ്സൺ-ആഷ്ലി ദമ്പതികളുടെ വിവാഹം ആശീർവദിച്ചു. വൈകുന്നേരം തൃശ്ശൂർ ബിഷപ്സ്ഹൗസ് സന്ദർശിച്ചു.

16 രാവിലെ 11 മണിക്ക് രണ്ടാംകടവ് ഇടവകയിൽ മുഞ്ഞനാട്ട് ജോർജ്-റിന്റ ദമ്പതികളുടെ വിവാഹം ആശീർവദിച്ചു. വൈകുന്നേരം അതിരൂപതാ കാര്യാലയത്തിൽ നടന്ന മാസധ്യാനത്തിൽ പങ്കെടുത്തു. തുടർന്ന് ശതാഭിഷേകത്തോടനുബന്ധിച്ച് നടന്ന ആഘോഷങ്ങളിൽ പങ്കെടുത്തു.

22 രാവിലെ 6.30 ന് തലശ്ശേരി വിമലഗിരി കോൺവെന്റിൽ വി. ബലിയർപ്പിച്ചു.

23 രാവിലെ 10 മണിക്ക് ഇരിട്ടി ഇടവകയിൽ നിര്യാതനായ ജോസ് കാരക്കാട്ടിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ആദ്യഭാഗ പ്രാർത്ഥനകൾക്ക് നേതൃത്വം കൊടുത്തു. തുടർന്ന് കുന്നോത്ത് നസ്രത്ത് പ്രകൃതി ചികിത്സാലയം സന്ദർശിച്ചു.

25 രാവിലെ 6.30ന് തലശ്ശേരി ജോസ്ഗിരി ഹോസ്പിറ്റൽ ചാപ്പലിൽ നിര്യാതയായ സി. ഫ്ളോറ മനയാനിക്കൽ എസ്.എ.ബി.എസിനുവേണ്ടി വിശുദ്ധ ബലിയർപ്പിച്ചു.

◈◈◈◈◈

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

മാർ ജോസഫ് പാംപ്ലാനി

## ആഗസ്റ്റ് 2021

26 വൈകുന്നേരം 5 മണിക്ക് ഓൺലൈനിലൂടെ നടന്ന സീറോ മലബാർ സിനഡിൽ പങ്കെടുത്തു.

27 രാവിലെ കുന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരിയിൽ വൈദിക വിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു. 5 മണിക്ക് ഓൺലൈനിലൂടെ നടന്ന സീറോ മലബാർ സിനഡിൽ പങ്കെടുത്തു.

28 രാവിലെ കുന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരിയിൽ വൈദിക വിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു. ഉച്ചകഴിഞ്ഞ് 3 മണിക്ക് കരുവഞ്ചാൽ സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ നിർമ്മാണ പ്രവർത്തന അവലോകന യോഗത്തിൽ പങ്കെടുത്തു.

29 അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു.

30 രാവിലെ 10 മണിക്ക് പുറവയലിൽ എൽറോയി മീഡിയയുടെ സ്റ്റുഡിയോ വെഞ്ചരിച്ചു. 11 മണിക്ക് നെല്ലിക്കാംപൊയിൽ ഇടവകയിൽ ചാലിൽ അഖിലിന്റെ വിവാഹം ആശീർവദിച്ചു. ഉച്ചകഴിഞ്ഞ് 3.30ന് കരുവഞ്ചാലിൽ നടന്ന വൈ.എം.സി.എ. മീറ്റീംഗിൽ പങ്കെടുത്തു. വൈകുന്നേരം 8 മണിക്ക് സിന്യൂസ് ഗവേണിംഗ് ബോഡി മീറ്റീംഗിൽ പങ്കെടുത്തു.

31 രാവിലെ 10 മണിക്ക് അതിരൂപതാ കേന്ദ്രത്തിൽ നടന്ന ചെമ്പേരി വിമൽ ജ്യോതി കോളേജ് ഭരണസമിതിയോഗത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് 3 മണിക്ക് നടന്ന കൂരിയ സമ്മേളനത്തിൽ പങ്കെടുത്തു. വൈകുന്നേരം 8 മണിക്ക് ജിൻസ് കണ്ണംകുളത്തേൽ അച്ചന്റെ യാത്രയപ്പ് മീറ്റീംഗിൽ ആശംസകളറിയിച്ച് സംസാരിച്ചു. രാത്രി 9 മണിക്ക് ആൽഫ ഇൻസ്റ്റിറ്റ്യൂട്ടിലെ വിദ്യാർത്ഥികൾക്ക് ഓൺലൈനിലൂടെ ക്ലാസ്സെടുത്തു.

## സെപ്തംബർ 2021

01 രാവിലെ 10 മണിക്ക് അങ്ങാടിക്കടവ് ഹൈസ്കൂളിൽ നടന്ന വിക്ടറി ഡേ ആഘോഷം ഉദ്ഘാടനം ചെയ്തു. വൈകുന്നേരം 9 മണിക്ക് തൃശ്ശൂർ അമല ഹോസ്പിറ്റൽ സ്റ്റാഫ് അംഗങ്ങൾക്ക് ക്ലാസ്സെടുത്തു.

03 അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു.

04-12 ഹംഗറിയിലെ ബുഡാപെസ്റ്റിൽ നടന്ന 52-മത് ദിവ്യകാരുണ്യ കോൺഗ്രസ്സിൽ പങ്കെടുത്തു.

13-14 ഓസ്ട്രിയയിലെ സാംഗ്പോൾട്ടൺ രൂപതയിൽ ജോലി ചെയ്യുന്ന തലശ്ശേരി അതിരൂപതാംഗങ്ങളായ വൈദികരെ സന്ദർശിച്ചു.

14 ഓസ്ട്രിയയിലെ സാംക്പോൾട്ടൺ രൂപത ബിഷപ് അലോഷ്യസ് ഷ്വാർസുമായി കൂടിക്കാഴ്ച നടത്തി.

15-23 ജർമ്മനിയിലെ വിവിധ രൂപതകളിൽ ജോലി ചെയ്യുന്ന തലശ്ശേരി അതിരൂപതാംഗങ്ങളായ വൈദികരെ സന്ദർശിച്ചു.

22 വൈകുന്നേരം 6 മണിക്ക് കോട്ടയം വടവാതൂർ സെമിനാരിയും പൗരസ്ത്യ വിദ്യാപീഠവും ചേർന്ന സംഘടിപ്പിച്ച വെബിനാറിൽ പ്രബന്ധം അവതരിപ്പിച്ചു.

24 ഉച്ചകഴിഞ്ഞ് 3.30ന് അതിരൂപതാ കേന്ദ്രത്തിൽ നടന്ന കൂരിയ സമ്മേളനത്തിൽ പങ്കെടുത്തു.വൈകുന്നേരം 6.30 ന് സൂം കോൺഫറൻസിലൂടെ നടന്ന അതിരൂപതാ പ്രസ്ബിറ്ററൽ കൗൺസിൽ യോഗത്തിൽ പങ്കെടുത്തു.

25 രാവിലെ 7 മണിക്ക് കണ്ണൂരിൽ നിര്യാതനായ മുസ്ലീംലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് വി. കെ. അബ്ദുൾഖാദർ മൗലവിയുടെ ഭവനം സന്ദർശിച്ച് അനുശോചനം രേഖപ്പെടുത്തി. 9 മണിക്ക് കരുവഞ്ചാൽ സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ നിർമ്മാണ പ്രവർത്തന അവലോകന യോഗത്തിൽ അധ്യക്ഷത വഹിച്ചു. ഉച്ചകഴിഞ്ഞ് 3 മണിക്ക് സൂം കോൺഫറൻസിലൂടെ നടന്ന അതിരൂപതാ പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ പങ്കെടുത്തു.

◈◈◈◈◈

# Programme of the Auxiliary Bishop

## MAR JOSEPH PAMPLANY

## October 2021

| | | |
|---|---|---|
| 01 | - | Annual Retreat - Shamshabad Diocese |
| 03 | - | CML Jubilee Year Inauguration - Sandhesabhavan |
| 11 | - | NS Generalate - Kunnoth |
| 13 | - | Monthly Recollection |
| 15 | - | GSMS Kunnoth |
| 17-22 | - | Deacons Retreat - Kunnoth |
| 18-21 | - | Annual Retreat - Mississauga Diocese |
| 23 | - | Paisakary |
| 30 | - | Golden Jubilee Celebration - Thalassery |

**Secretary to the Auxiliary Bishop**